# സമർപ്പണം

എഴുത്തോലത്താളുകളിലൂടെയും
ശബ്ദ ശ്വാസ വിന്യാസങ്ങളിലൂടെയും
വെള്ളവും വളവും നൽകി
കരുത്തേകിയവരെ ...
കൈമെയ് മറന്ന് ഉയർച്ചയ്ക്കു വേണ്ടി
അനവരതം പ്രവർത്തിച്ചവരെ ....
വിരിഞ്ഞു പൂവായിത്തീരുംമുമ്പെ
പൊലിഞ്ഞു പോയവരെ....
അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ
സഹപ്രവർത്തകരെ...
നാടിനു വേണ്ടി ബലിയർപ്പിച്ച
ധീര ദേശാഭിമാനികളെ ....
എല്ലാവരുടെയും സ്മരണയ്ക്കു മുമ്പിൽ ......

# കണ്ണോടിക്കുമ്പോൾ...


മൗനങ്ങൾക്കിടയിലെ വരികൾ ... 21
പാതാളത്തിലേക്ക് ... 23
വെളിച്ചം ... 24
അറിയാതെ ... 25
ജയിലറ ... 26
ചാരം മൂടിയ കനലുകൾ ... 27
അതിരുകളില്ലാതെ ... 28
ബ്ലൂ വെയിൽ ഗെയിം ... 29
माँ की ममता ... 30
ആമസോണും അബൂക്കയും ... 31
അമ്മ ... 34
The Shower of love ... 35
കോത്താമ്പിയുടെ യജമാനന്മാർ ... 36
ഗുൽമോഹർ പൂക്കുമ്പോൾ ... 37
فَرِيسَةُ الفَيْضَانَات ... 39
बचपन की यादों में... ... 40
ചിതറിത്തെറിച്ച ചിത്രങ്ങൾ ... 42
ഇനി ... 49
കാലമേ ശാന്തി ... 50
നമിക്കുന്നു ഞാൻ ... 51
टूटा हुआ दिल ... 52
പ്രളയം ... 53
സുപ്രഭാതം ... 54
സ്നേഹിതൻ ... 55
പ്രണയം ... 56
ദുരിത മഴയിലൂടെ ... 57
Don't Shut Your se-lf ... 58
പ്രിയസഖീ ..... 59
കവിതകൾ ജനിക്കുമിടം ... 60
जीवन के लिए ... 61
പ്രലോഭനങ്ങൾ ... 62
أحب مدرستي ... 63
मम देशम् ... 64
കടിഞ്ഞാൺ ... 65
हँसते ही हो ... 66
ഒന്നു തിരിഞ്ഞു നോക്കണേ... ... 67
I AM IN LOVE ... 68
എന്നിട്ടും ... 69
उदयस्तमनम् ... 70
മഞ്ചേരി സ്കൂളിലെ ഡ്രോയിങ്ങ് മാഷക്ക് ... 71
പ്രകൃതി മനോഹരി ... 72
രുചി ... 73
The Rain ... 74
Memorise ... 75
जिन्दगी के मैदान में ... 76
വരാന്ത ... 77
نعمت ... 78
माम अम्बा ... 79
സ്വാതന്ത്ര്യത്തിൻ കഥ ... 80
സ്ത്രീ സ്വത്വാവിഷ്കാരം ചെറുകഥകളിൽ ... 85
ഭക്ഷണവും ആരോഗ്യവുംചില വേറിട്ട ചിന്തകൾ ... 86
ലയ വാദ്യതരംഗം ... 89
يوم العالمى للغة العربية ... 92
ചരിത്ര രചനയിലെ കൊളോണിയൽ താല്പര്യം ..... 93
ഗുരുത്വാകർഷണം കഥയും കാര്യവും ... 94
SOCIAL MEDIA PROS & CONS ... 97
DECEPTION POINT DAN BROWN ... 99
दंत कथा में जीवन बोध ... 100
കേരളവിദ്യാഭ്യാസം ചരിത്രവും വർത്തമാനവും ..... 101
تعليم كي اهمية ... 103
ഭഗവദ്ഗീത പാഠ്യവിഷയമാക്കിയാൽ ... 104
യോഗാ ഫലപ്രദമായ ആരോഗ്യപരിപാലന മാർഗം 107
اهمية اللغة العربية ... 109
तिरस्क्तां कर्शिकर्त्ति ... 110
വിദ്യാഭ്യാസ മേഖല അന്നും ഇന്നും ... 111
ഒരു വട്ടം കൂടി ... 119
തിരശ്ശീലയിലെന്നപോലെ... ... 121
മഞ്ചേരിയുടെ ബാല്യം ... 123
ഓർമ്മയുടെ മയിൽപ്പീലിക്കണ്ണുകൾ ... 127
തല്ലിക്കൊഴിച്ച പ്രണയമുകുളങ്ങൾ ... 129
ആ മൂന്നു വർഷങ്ങൾ .. ... 131
ആശംസകളോടെ... ... 133
തെരഞ്ഞെടുപ്പിൽ ജയിക്കാതെ നിയമസഭയിലേക്ക് 136
അനുഭവിക്കാത്ത ജീവിതം കെട്ടുകഥയോ?!! ....... 138
പൊരുത്തപ്പെടൽ ... 141
സ്നേഹപൂർവ്വം ... 143
വിട പറയും മുമ്പെ... ... 152
പടിയിറങ്ങുമ്പോൾ ... 155
നാലര കൊല്ലമായി ഞാൻ ഇവിടുത്തെ എംഎൽഎയാണ് ... 157
ഓർമ്മ പഥങ്ങളിൽ എപ്പോഴും.. ... 161
പ്രാർത്ഥന മാത്രം ... 163
സംതൃപ്തിയോടെ... ... 164
ശിലകൾ....ശില്പങ്ങൾ....കാമിനികൾ.... ... 166
അവിസ്മരണീയം കൊച്ചി ... 173
ഒരു യാത്രയുടെ ഹൃദയത്തുടിപ്പുകൾ ..........!..... 175
മറക്കാത്ത തേക്കടിയാത്ര ... 178
ഞാൻ കണ്ട ആഗ്ര ... 179
മഞ്ഞുകട്ടയിൽ ഒരു സ്വർഗ്ഗം ... 181
അതുക്കുംമേലെ ... 183
ഇനിയും പങ്കുവയ്ക്കാനെത്രയെത്ര ... 200



# ബോയ്സ് നാൾവഴികളിലൂടെ

"

മഞ്ചേരിയിലെ അനേകം ഉന്നതോദ്യോഗസ്ഥരെയും സാങ്കേതിക വിദഗ്ദ്ധരെയും കലാ, കായിക, ശാസ്ത്ര സാഹിത്യ പ്രതിഭകളെയും ജനപ്രതിനിധികളടക്കമുള്ള പൗരപ്രമുഖരെയും വാർത്തെടുത്ത അതിന്റെ പാരമ്പര്യം തുടർന്നുകൊണ്ടേയിരിക്കുന്നു.വിദ്യാലയ മുറ്റത്ത് ശാന്തി കൊള്ളുന്ന സായ്പിന്റെ കല്ലറയും സമീപം താങ്ങും തണലുമായി നിൽക്കുന്ന ബദാമും ഇവിടത്തേയ്ക്കു സ്വന്തം.

"

മലപ്പുറം ജില്ലയുടെ ഹൃദയമെന്നു വിശേഷിപ്പിക്കപ്പെട്ട പട്ടണമാണ് മഞ്ചേരി. ഭൂമി ശാസ്ത്രപരമായും സാമൂഹ്യമായും സാംസ്കാരികമായും വൈവിധ്യം പുലർത്തുന്ന ഏറനാട് താലൂക്കിന്റെ ആസ്ഥാനമായ നഗരസഭാ പ്രദേശം. ജില്ലയിലെ പ്രധാന വാണിജ്യ കേന്ദ്രമായ മഞ്ചേരിയുടെ പഴയ കാല ഭരണാധികാരി ഏറാൾപ്പാടായിരുന്നു. മഞ്ചേരി രാമയ്യർ, കെ.മാധവൻ നായർ എന്നീ മഹാത്മാക്കളുടെ ജന്മം കൊണ്ട് വിശേഷപ്പെട്ട സ്ഥലം.കുന്നും മലയും വയലും തോടും പുഴയും എല്ലാം ഇണക്കത്തോടെ പരിലസിക്കുന്ന കേന്ദ്രം. മലബാർ കലാപവുമായി ബന്ധപ്പെട്ട മഞ്ചേരി കോവിലകം സ്ഥിതി ചെയ്യുന്നത് ഇവിടെത്തന്നെ.

പൊതുവെ വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിന്നിരുന്നു അന്നത്തെ മലപ്പുറം ജില്ല. ജില്ലയിലെ ആദ്യ വിദ്യാലയം പിറവിയെടുത്തതും മഞ്ചേരിയിലാണ്. അന്ന് മിഡിൽ സ്ക്കൂളായി പ്രവർത്തിച്ചിരുന്ന ഇന്നത്തെ ഗവ.ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ. ഇന്ന് മെഡിക്കൽ കോളേജ്, എൻ.എസ്.എസ് കോളേജ്, മറ്റു ആർട്ട്സ് ആൻഡ് സയൻസ് കോളേജുകൾ, ഹയർ സെക്കണ്ടറി ഉൾപ്പടെയുള്ള ധാരാളം വിദ്യാലയങ്ങൾ, കോച്ചിങ്ങ് സെൻററുകൾ, കോടതി, റവന്യു ഉൾപ്പടെയുള്ള ബഹുവിധ സർ



ക്കാർ ഓഫീസുകൾ, ആകാശവാണി എഫ്.എം കേന്ദ്രം, കച്ചവട സമുച്ചയങ്ങൾ ഫ്ലാറ്റുകൾ, സിനിമാശാലകൾ എന്നിങ്ങനെ ഏറെ തിരക്കേറിയ ഒരു പട്ടണമായി മഞ്ചേരി മാറിക്കഴിഞ്ഞു.

ഒരു നൂറ്റാണ്ടു മുമ്പ് ഏറനാടിന്റെ അവസ്ഥ വളരെ പരിതാപകരമായിരുന്നു. വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തതയും ബ്രിട്ടീഷ് ഭരണത്തിന്റെ തിക്തഫലങ്ങളും സമൂഹത്തിൽ നിറഞ്ഞു നിന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അതോടൊപ്പം ദാരിദ്ര്യവും എല്ലാം ഗ്രാമീണ ജനതയുടെ ഉയർച്ചയ്ക്ക് വലിയ വിഘാതം സൃഷ്ടിച്ചു.ആയിടയ്ക്ക് നിലവിൽ വന്ന മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലായിരുന്നു ബോയ്സ് സ്കൂൾ. മലബാർ ജില്ല കോൺഗ്രസ് സമ്മേളനവും ഹിദായത്തുൽ മുസ്ലീമിൻ സഭയും ഗവർണർക്ക് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് 1880 ൽ ഈ മിഡിൽ സ്ക്കൂൾ പ്രവർത്തിച്ചു തുടങ്ങിയത്.പിന്നീട് 1908 ൽ ഇത് ഹൈസ്കൂളായും 1998 ൽ ഹയർ സെക്കണ്ടറിയായും ഉയർത്തപ്പെട്ടു.

സാധാരണക്കാരന്റെയും അധ:സ്ഥിതന്റെയും ജീവിതത്തിൽ അക്ഷരകൈത്തിരി കത്തിച്ചു വച്ച് പ്രസ്തുത സ്ഥാപനം മുന്നേറിക്കൊണ്ടിരിക്കുന്നു. ബ്രിട്ടീഷ് ഭരണത്തിന്റെ നേർസാക്ഷ്യമായ തുക്കിടിക്കച്ചേരിക്കു സമീപം എല്ലായ്പ്പോഴും പട്ടാള നിരീക്ഷണത്തിലായിരുന്നു അക്കാലത്ത് ഈ വിദ്യാലയം. മഞ്ചേരിയിലെ അനേകം ഉന്നതോദ്യോഗസ്ഥരെയും സാങ്കേതിക വിദഗ്ദ്ധരെയും കലാ, കായിക, ശാസ്ത്ര സാഹിത്യ പ്രതിഭകളെയും ജനപ്രതിനിധികളടക്കമുള്ള പൗരപ്രമുഖരെയും വാർത്തെടുത്ത അതിന്റെ പാരമ്പര്യം തുടർന്നു കൊണ്ടേയിരിക്കുന്നു: വിദ്യാലയ മുറ്റത്ത് ശാന്തി കൊള്ളുന്ന സായ്പിന്റെകല്ലറയും സമീപം താങ്ങും തണലുമായി നിൽക്കുന്ന ബദാമും ഇവിടത്തേയ്ക്കു സ്വന്തം. വളരെ പഴക്കം ചെന്ന നൂറു കണക്കിനു ഗ്രന്ഥങ്ങൾ സ്ക്കൂൾ ലൈബ്രറിയെ സമ്പന്നമാക്കുന്നു. അഷ്ടമുഖക്കെട്ടിടം ശ്രദ്ധേയം.

നൂറ്റിപ്പത്തു കടന്ന ഈ വിദ്യാകേന്ദ്രത്തിന് അഭിമാനിക്കാനേറെയുണ്ട്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കുട്ടികളുടെയും കൂട്ടായ്മയിൽ ജനപ്രതിനിധികളും നഗരസഭയും എസ്.എസ്.എ, ആർ.എം.എസ്.എ, എന്നീ ഉപവകുപ്പുകളും ഒരുമിച്ചു കൈ കോർത്തപ്പോൾ കേരളത്തിലെ തന്നെ മികച്ച സ്ക്കൂളുകളിലൊന്നായി അത് മാറി.

ഓരോ വർഷത്തെയും മികച്ച എസ്.എസ്.എൽ.സി, പ്ലസ്ടു റിസൾട്ടുകൾ, ജില്ലാ, സംസ്ഥാന, അന്തർദേശീയ ശാസ്ത്ര കലാകായിക മത്സരങ്ങളിലെ മികവ്, പാഠ്യേതര പ്രവർത്തനങ്ങളുടെ അനായാസകരമായ നിർവ്വഹണം എൻ.സി.സി എസ്.പി.സി ജെ.ആർ.സി ,ലിറ്ററിൽ കൈറ്റ്സ്, സ്റ്റുഡന്റ് ഡോക്ടർ, ഒ.ആർ.സി. എന്നിങ്ങനെയുള്ള ക്ലബ്ബുകളുടെ വിശാലമായ പ്രവർത്തന മേഖല, കാരുണ്യ പ്രവർത്തനങ്ങളുടെ വൈപുല്യം, വിവിധ വിഷയ കൗൺസിലുകളുടെ മാതൃകാപരമായ ശൃംഖലാ പ്രവർത്തനങ്ങൾ, ദിനാഘോഷങ്ങളുടെ പൊലിമ, വിവിധ സാമൂഹ്യ പ്രശ്നങ്ങളെ അധികരിച്ച ബോധവത്ക്കരണ ക്ലാസുകളുടെ മികച്ച സംഘാടനം എന്നിങ്ങനെ വൈവിധ്യം നിറഞ്ഞതും വേറിട്ടു നിൽക്കുന്നതുമായ ഒരു സ്ഥാപനമായി ഉയർന്നത് ഇവിടുത്തെ ത്രികോണക്കൂട്ടായ്മ ഒറ്റക്കുടുംബമെന്ന ധാരയിൽ പ്രവർത്തിച്ചതിന്റെ ഫലമാണെന്നു പറയാതിരിക്കാൻ വയ്യ ഇനിയും മഞ്ചേരിയുടെ പൊതു സമൂഹത്തിന് ഏറെ സംതൃപ്തിയോടെ സമീപിക്കാവുന്ന ഒരു സരസ്വതീ ക്ഷേത്രമായി മഞ്ചേരി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ നിലകൊള്ളും എന്ന വിശ്വാസത്തോടെ.

# മഹാകവിയുടെ സന്ദർശനം *

ഏഴുന്നൂറോളം വിദ്യാർത്ഥികളുള്ള മഞ്ചേരി ഹൈസ്കൂൾ എനിക്ക് പരിചിതമായതൊന്നാണ്; എന്നാൽ ഇന്ന് ഈ വിദ്യാലയത്തെക്കണ്ട് സന്തോഷിപ്പാൻ സംഗതിവരുമെന്ന് കരുതിയിരുന്നില്ല.

ഈ സന്ദർശനം യാദൃച്ഛികമാകയാൽ ഇതിന്ന് സ്വാദ്ക്രമം. ഇതു എന്നെ അനുഭവപ്പെടുത്തിയ ഹെഡ്മാസ്റ്റർ ശ്രീ. അബ്ബാ അസ്സരിൽ എനിക്ക് കൃതജ്ഞതയുണ്ട്.

ഇദ്ദേഹത്തിന്റെ ശിഷ്യരിൽ — ആൺകുട്ടികളിലും പെൺകുട്ടികളിലും — സരസ്വതീദേവി കനിഞ്ഞരുളട്ടെ!


മഞ്ചേരി,
28—1—1957.

വള്ളത്തോൾ
(ഒപ്പ്.)

* 1937 ജനവരി 28-ാംനു പ്രധാനാദ്ധ്യാപകന്റെ ക്ഷണനം സദയം സ്വീകരിച്ച്, മഹാകവി വള്ളത്തോൾ ഹൈസ്കൂൾ സന്ദർശിച്ചു. അദ്ദേഹം വിദ്യാർത്ഥിനീവിദ്യാർത്ഥികളെ അഭിമുഖീകരിച്ച് അല്പം സംസാരിക്കുകയും അവരെ കനിഞ്ഞനുഗ്രഹിക്കുകയും ചെയ്തു. അദ്ദേഹത്തോട് ഞങ്ങൾക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.



Office Staff.



N. C. C. TROUPE 1956 '57.

# സന്ദേശം

(iii)

പ്രിയസുഹൃത്തെ,

താങ്കളം 21—12—56-ന് അയച്ച കത്തു കിട്ടി. താങ്കളുടെ സ്കൂളിൽനിന്നും പ്രസിദ്ധപ്പെടുത്തുന്ന "ബാലഭാരതി" എന്ന കയ്യെഴുത്തുമാസികയുടെ ഇക്കൊല്ലത്തെ വാർഷികപ്പതിപ്പ് അച്ചടിച്ചു പ്രസിദ്ധീകരിക്കുവാൻ പോകുന്ന എന്നറിയുന്നതിൽ സന്തോഷിക്കുന്നു. ഇതുപോലുള്ള കയ്യെഴുത്തുമാസികകളുടെ പ്രവർത്തനങ്ങളിൽ ഇന്ന ഏർപ്പെട്ടിരിക്കുന്ന യുവാക്കന്മാരാണ് നാളത്തെ പേരെടുത്ത കവികളും സാഹിത്യകാരന്മാരുമായി വളരുവാൻപോകുന്നതെന്നോർക്കുമ്പോൾ ഈ പരിശ്രമത്തിന്റെ മാഹാത്മ്യം ഏവർക്കും മനസ്സിലാകുന്നതാണല്ലോ. വളരുന്ന തലമുറയുടെ ഈ സാഹിത്യസംരംഭത്തിനു സർവ്വവിധ ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

എറണാകുളം,
1—1—'57.

എൻ. വെങ്കടേശരൻ,
സിക്രട്ടറി,
കേരള ഹിന്ദിപ്രചാരസഭ, എറണാകുളം.

---

(iv)

ജനങ്ങളുടെ സംസ്കാരസമ്പന്നമാക്കുന്നതിൽ മാസികകൾക്ക് അതിപ്രധാനമായ പങ്കുണ്ട്. "ബാലഭാരതി"യുടെ വാർഷികപ്പതിപ്പ് വിജ്ഞാനപ്രദമായ ലേഖനങ്ങളാൽ പൊതുജനസേവനം നിർവ്വഹിക്കുമെന്ന് ആശിക്കുന്നു.

Trivandrum,
1—1—'57.

K. RAMUNNI MENON, I. C. S. (Retd.)
Adviser to the Governor,
GOVERNMENT OF KERALA.

---

(v)

"ബാലഭാരതി" കുട്ടികൾക്ക് ആവശ്യകർമ്മശേഷിയും കൈവരുത്തട്ടെ.

കോഴിക്കോട്,
5—1—'57.

എൻ. വി. കൃഷ്ണവാരിയർ,
മാതൃഭൂമി—കോഴിക്കോട്.







സുജിത .എ .
എച്ച്.എസ്.ടി മലയാളം

"റോഡിലേക്ക് നീട്ടിത്തുപ്പി ഓട്ടോയിൽ വെടിപറഞ്ഞിരിക്കുന്ന ഡ്രൈവർമാർ .ഒരു വിധത്തിൽ സാരി പൊക്കിപ്പിടിച്ചു നടന്നു. ഗ്രാമത്തിന്റെ മുഖം മാറ്റുന്ന നാഗരികതയുടെ മിനുക്കുപണികളിൽപെട്ടതാവാം ഇതും എന്നാശ്വസിച്ചു."

# മൗനങ്ങൾക്കിടയിലെ വരികൾ

കലപിലകളും പരാതികളുമായി രുചിക്കൂട്ടുകളിൽ വെന്തതും പാകപ്പെട്ടതും ഏറ്റുവാങ്ങിയതുമായ പാത്രങ്ങൾ ഒതുക്കി, മുഷിവിന്റെ കറകളെ അടിച്ചു കഴുകി, വിരസതയുടെ ചപ്പിലകളെ കാറ്റിൽ പറത്തി, വാത്സല്യത്തിന്റെ കുഞ്ഞുടുപ്പുകൾ മടക്കിവെച്ച് അവസാന അഞ്ചു മിനിട്ടിൽ കിട്ടിയ സാരി വാരിച്ചുറ്റി പുറത്തിറങ്ങിയപ്പോൾ ഒരു യുദ്ധം വിജയിച്ച പ്രതീതി.

റോഡിലേക്ക് നീട്ടിത്തുപ്പി ഓട്ടോയിൽ വെടിപറഞ്ഞിരിക്കുന്ന ഡ്രൈവർമാർ .ഒരു വിധത്തിൽ സാരി പൊക്കിപ്പിടിച്ചു നടന്നു. ഗ്രാമത്തിന്റെ മുഖം മാറ്റുന്ന നാഗരികതയുടെ മിനുക്കുപണികളിൽപെട്ടതാവാം ഇതും എന്നാശ്വസിച്ചു.

ടീച്ചറേ വനിത വേണോ?   പത്രക്കെട്ടുകളുടെ ചുമടേറ്റി വരുന്ന വെളുത്തു മെലിഞ്ഞ മായിൻകുട്ട്യാക്ക വെളുക്കെ ചിരിച്ചു കൊണ്ട് ചോദിക്കുന്നു. എവിടെ വായിക്കാൻ നേരം മായിൻകുട്ട്യാക്കാ?
ഓ ഇങ്ങക്കൊക്കെന്താ ത്രബല്യ പണി ?
മായിൻകുട്ട്യാക്ക വിടുന്ന മട്ടില്ല.

തുടർച്ചയായ ആറാം പ്രവൃത്തി ദിനം, പാഠ്യപദ്ധതി, മികവ്, വിജയഭേരി ....... എന്തൊക്കെയോ മനസ്സിലേക്ക് തികട്ടിവന്നെങ്കിലും–
എല്ലാം ഒരു പുഞ്ചിരിയിൽ ഒതുക്കി.

ഒരു തള്ളലിൽ ബസ്സിലെ ഒരു സീററിൽ വീണതേ ഓർമയുള്ളൂ. അടുത്തിരുന്ന അമ്മയുടെ കയ്യിലിരുന്ന് എന്നെ നോക്കിയ കുഞ്ഞിക്കണ്ണുകൾ ഇന്ന് ഞാൻ നീതി പുലർത്താതെ പോന്ന മറ്റൊരു കുഞ്ഞുമുഖം ഓർമ്മിപ്പിച്ചു.രണ്ടറ്റവും കത്തുന്ന മെഴുകുതിരിയാണ് സ്ത്രീ ജീവിതം എന്നു പറഞ്ഞതാരാണാവോ?

സ്വപ്നങ്ങളെ മനസ്സിന്റെ ചോർന്നൊലിക്കുന്ന അറയിൽ സൂക്ഷിച്ച് മനസ്സാക്ഷിയുടെ ചോദ്യങ്ങൾക്കു മുന്നിൽ മൗനം പൂണ്ട്, ആർത്തു വരുന്ന മണൽക്കാററിൽ പകച്ചു നിന്നപ്പോൾ നീതി പുലർത്താതെ അവഗണി



ക്കേണ്ടി വന്ന മുഖങ്ങൾ: ........ സ്നേഹം ഒരു വലിയ വേദന തന്നെ! ഓർമ്മകൾ പെയ്യുന്ന ഈ കുളിരു തന്നെയല്ലേ എന്നെ ജീവിപ്പിക്കുന്നതും.

കുട്ടികളുടെ ആരവങ്ങൾക്കിടയിൽ എന്റെ ലോകം മറ്റൊന്നായി.. ബെല്ലടിയുടെ ഇടയിലെ പത്തുമിനുട്ടിൽ സ്റ്റാഫ് റൂമിലെത്തി. ഡി.എ.യും ഇൻക്രിമെൻറും അരിയറും ഒരു കമ്പ്യൂട്ടറിനെ വെല്ലുന്ന വേഗത്തിൽ ചെയ്യുന്ന ഗൗരി ടീച്ചർ, പ്രകാശം പരത്തുന്ന ചിരിയുമായി ഉമ ടീച്ചർ, പൊട്ടിച്ചിരിയുടെ മാലപ്പടക്കങ്ങൾക്ക് തിരികൊളുത്തുന്ന ഉഷ ടീച്ചർ, തലേന്ന് പറഞ്ഞതിന്റെ ബാക്കി പറയാനായി ഹരി മാഷെ തിരഞ്ഞെങ്കിലും കണ്ടില്ല. ഇനി ആരാണ് വരാനുള്ളത്?. ഈ കൊച്ചു ലോകത്തും തിരക്കു തന്നെ.

നേരെ എന്റെ ക്ലാസിലേക്ക്, ആദ്യം ഹോം വർക്കിന്റെ കാര്യം തന്നെ ചോദിച്ചു.ചെയ്യാത്തവരുടെ കൂട്ടത്തിൽ ഇന്നും അവനുണ്ട്. മജീദ് .... നീട്ടിപ്പിടിച്ച ചൂരലുമായി അവന്റെ അടുത്തെത്തി.

സകല ദേഷ്യങ്ങളും വെളിപ്പെടുത്തി ചോദിച്ചു.

എന്തെങ്കിലും കാരണമുണ്ടോ?

അവന്റെ മുഖത്ത് ഇന്നുമുണ്ട് ആ ചിരി. അതാണ്, അതാണ് എന്നെ ദേഷ്യം പിടിപ്പിക്കാറ്. മറ്റുള്ളവരോട് ഇരിക്കാൻ പറഞ്ഞ് മജീദിന്റെ കൈവെള്ളയിൽ മാത്രം ചൂരൽ പതിഞ്ഞപ്പോഴും അവന്റെ മുഖത്ത് അതേ ചിരി.

ആഴ്ചകൾക്കു മുമ്പ് കൊടുത്ത പ്രോഗ്രസ് റിപ്പോർട്ടും മജീദ് കൊണ്ടുവന്നിട്ടില്ല. പാരന്റ് മീറ്റിംഗിനും വരില്ല. എന്നാൽ ഒരു ഒപ്പിട്ടു കൊടുത്തൂടെ? നാളെ കൊണ്ടുവന്നില്ലെങ്കിൽ പുറത്താക്കുമെന്ന ഭീഷണിയിൽ ഞാൻ പാഠഭാഗത്തിലേക്കു കടന്നു.

വൈകുന്നേരത്തെ വിരസതയിൽ ബെല്ലടിയും കാത്തിരിക്കുമ്പോൾ ഒരു അപരിചിതൻ ക്ലാസിലെത്തി.

"ടീച്ചറേ ഞാൻ മജീദിന്റെ ബന്ധുവാ "

"ആശ്വാസം ! ഇത്രയും നാൾ അവന്റെ ആരെങ്കില്ലും വരാൻ കാത്തിരിക്കുകയായിരുന്നു ഞാൻ." അതുവരെ അടക്കി വച്ചിരുന്ന ദേഷ്യം മുഴുവൻ എന്റെ മുഖത്തും വാക്കുകളിലും ഉണ്ടായിരുന്നോ?

"ടീച്ചറേ ഞാൻ മജീദിനെ കൊണ്ടോട്ടെ? അവന്റെ ബാപ്പ കഴിഞ്ഞ ആറു കൊല്ലമായി മാനസിക രോഗിയാണ്. ചങ്ങലയിലാണ്.ഇപ്പോ തീരെ വയ്യാ "

മനസ്സിൽ എന്തോ വീണുടഞ്ഞ പോലെ. ഒരു വിങ്ങലിൽ തൊണ്ടയടഞ്ഞു. കണ്ണീരിന് മുകളിൽ അവ്യക്തമായ ഒരു കാഴ്ച പോലെ മജീദ് അയാളുടെ പിന്നാലെ പോവുന്നു.

എന്തോ പറയാനാഞ്ഞെങ്കിലും എന്റെ ശബ്ദമടഞ്ഞു... മജീദിന്റെ മുഖത്ത് ഇപ്പോഴുമുണ്ടാവുമോ

ആ ചിരി ........








ആരതി .സി.എസ്.
S2B

# പാതാളത്തിലേക്ക്



ഓണമായിട്ട് പുതിയ ഐട്രാക്ക് കുടയും ചൂടി പാതാളത്തിൽനിന്നും ഇറങ്ങിയതാണ്, പ്രത്യക്ഷപ്പെട്ടത് ഒരു പത്തുനിലകെട്ടിടത്തിനുമുകളിൽ.അത്ഭുതം, മെതിയടിയ്ക്ക് താഴെ മണ്ണ് കാണാനില്ല. വഴിപിഴച്ച് അമേരിക്കയിലെത്തിയോയെന്നൊരാശങ്ക.മുകളിൽ നിന്നും താഴോട്ട് നോക്കിയപ്പോൾ കടൽ! തിരമാലകളുടെ ഇരമ്പൽ കേൾക്കാം, തിരമാലകളില്ലതാനും.മുഖമുയർത്തിപ്പിടിച്ച് തെങ്ങുകൾ വെള്ളത്തിൽ കയ്യിട്ടടിക്കുന്നു. അപ്പോൾ ആകാശത്ത് വവ്വാലുകൾ വട്ടമിട്ട് പറക്കുന്നു.ഇനി റാഞ്ചിക്കൊണ്ടുപോകാൻ ജീവനുകൾ കിട്ടാതെ അത് പറന്നകന്നു.അതേദിശയിൽ നിന്നും ഹെലികോപ്റ്ററിന്റെ ചിറകടി. അവർ രക്ഷിക്കാൻ പറക്കുകയാണ്. തന്റെ നേർക്കും അവർ കയർ ഇട്ടു തരുന്നു. ഹെലികോപ്റ്ററിൽ പിടിച്ചു കയറി .ഗൂഗിൾ മാപ്പ് നോക്കി :ലൊക്കേഷൻ ഫെയിൽഡ്. വഴിപിഴച്ചിരിക്കുന്നു. വാമനന് ഇത്തവണ എന്റെ ആഗ്രഹം നിഷേധിക്കാനാവുവോ?

ഈ പേടകം പാതാളത്തിലേക്ക് പോകുമോ? പട്ടാളക്കാരൻ പൊട്ടിച്ചിരിച്ചു. താങ്കളാരാണ്? നിസ്സംഗനായി അവരെ നോക്കി കൊണ്ട് തലയിൽ നിന്നും കിരീടം അഴിച്ചു വെച്ചു.

ഷിബില .പി
S2A

# വെളിച്ചം



വെയിലിന്റെ ചൂടേറ്റ് വാടിത്തളർന്ന ഒരു കാറ്റു കണക്കെ ഒരു നിശ്വാസം മാത്രമായിരിക്കുന്നുതാനിന്ന് .... വരണ്ടുണങ്ങിയ മനസ്സിലേക്കൊരു ചുഴിഞ്ഞ നോട്ടം തൊടുത്ത മാത്രയാൽ അവൾ കണ്ണുകൾ മുറുകെ അടച്ചു മനസ്സിലെന്ന പോലെ മുറിയിലും ഇരുട്ട് മാത്രമായിരുന്നു അപ്പോൾ. അല്ലെങ്കിലും വെളിച്ചം തേടിയുള്ള യാത്രയിൽ ഇരുട്ടു തന്നെയായിരുന്നു പലപ്പോഴും കൂട്ടിനൊപ്പം! ഒരിക്കൽ കൂടി അവൾ ഫോണെടുത്തു നോക്കി, ഇല്ല പ്രതീക്ഷിച്ചതൊന്നുമില്ല, അല്ലെങ്കിൽ തന്നെ ജീവിതം തന്നെ തോൽപിച്ചവൾ ഇനി പ്രതീക്ഷിക്കുന്നതിലെന്തർത്ഥം?എങ്കിലും ഈ അവസാന മുനമ്പിലും കാത്തു വച്ചൊരിത്തിരി സ്വപ്നങ്ങൾ മടക്കി വിളിക്കും പോലെ.... പക്ഷേ എന്തിന്? അനുഭവങ്ങളുടെ അങ്കണത്തട്ടിൽ ജീവിതമെന്ന നാടകത്തിൽ കെട്ടിയാടാനിനി വേഷങ്ങളൊന്നുമില്ല, അണിയാനിനി ചായങ്ങളോ മൂടുപടങ്ങളോ ബാക്കിയില്ല.... പിന്നെന്തിന് നീട്ടി വലിക്കണം? എന്തോ നിശ്ചയിച്ചുറപ്പിച്ച പോലെ അവൾ കിടക്കയിൽ നിന്നെണീറ്റു......

പെട്ടെന്ന് ഫോണിന്റെ സ്ക്രീനൊന്ന് മിന്നിത്തെളിഞ്ഞു. ആ വെളിച്ചവും ഇരുട്ടും കൂടെ ചേർന്ന് അൽപം മുമ്പ് ആത്മാവ് നഷ്ടപ്പെട്ട ഒരു മുഖത്ത് കണ്ണുപൊത്തി കളിക്കാനാരംഭിച്ചിരിക്കുന്നു! സ്ക്രീനിലെ വെളിച്ചം മായും മുന്നേ അതിൽ അടുക്കിപ്പെറുക്കി വെച്ചിരിക്കുന്ന അക്ഷരങ്ങളെ ഇരുട്ട് പതിയെ ഒന്നു വായിച്ചു 'യു ഹാവ് വൺ മെസേജ് ഫ്രം...' അപ്പോഴേക്കുംമുറിയിലെ വെളിച്ചം കെട്ടിരുന്നു.



അമേയ പി
7 E

# അറിയാതെ..........

മലഞ്ചെരുവിൽ ആ വീട് ഒറ്റപ്പെട്ടു നിൽക്കുകയായിരുന്നു. മലഞ്ചെരുവിൽ തിങ്ങിനിൽക്കുന്ന ചെമ്മരിയാടിൻകൂട്ടത്തെ മിഴി ചിമ്മാതെ അവൾ നോക്കി നിന്നു.അവൾ സൂക്ഷിച്ചു നോക്കി. ചെമ്മരിയാടിൻ കൂട്ടത്തിൽ നടുവിൽ അതാ ഒരു കുട്ടി ഇരിക്കുന്നു. ഏതാണവൻ? എങ്ങും കണ്ടിട്ടില്ലല്ലോ. പോയി നോക്കാം. അവൾ മനസ്സിൽ വിചാരിച്ചു. അവൻ അവളെ കണ്ടു.അവളുടെ കണ്ണുകൾ പോലെ അവന്റെ കണ്ണുകളും വളരെ ചെറുതും മനോഹരവുമായിരുന്നു. അവൻ അവളോട് ചുണ്ടു നനയ്ക്കാൻ അൽപ്പം വെള്ളം ചോദിച്ചു.

“അരുവിയിൽ ധാരാളം വെള്ളമുണ്ട് ”. അജ്ഞാതമായ ആ മുഖം അവൾക്ക് ഇത്തിരി പരിചിതമായി തോന്നിയെങ്കിലും അത് സ്വാഭാവികമായി കരുതി അവൾ അവനോട് അനാഥരൊക്കെ കയറിപ്പോകാറുള്ള ദൂരയാത്ര പോകുന്ന ട്രെയിനിൽ കയറിപ്പോവാൻ പറഞ്ഞു. ആ കൊച്ചു കുട്ടിയെ അവൾ ട്രെയിൻ കയറ്റി വിട്ടു. ട്രെയിൻ അതിവേഗത്തിൽ കുതിച്ചു.അഞ്ചു കൊല്ലം മുമ്പ് കാണാതെ പോയ തന്റെ കൊച്ചനുജനാണതെന്ന് അവൾ ചിന്തിച്ചതേയില്ല.



# ജയിലറ



സഫ ഷെറിൻ.V
7 E

ഇരുമ്പു കമ്പിയിൽ എന്റെ കരങ്ങൾ ഉറച്ചുകഴിഞ്ഞിരുന്നു. ശരീരം കൊണ്ട് ഇവിടെയാണെങ്കിലും മനസ്സ് കൊണ്ട് സ്വന്തം ഉറ്റവരുടെ അടുത്താണ് ....... എന്നെ ആ ഒറ്റപ്പെട്ട മുറിയിലേക്ക് തള്ളിയ പോലീസുകാരനോട് എനിക്ക് ദേഷ്യം തോന്നിയെങ്കിലും, പക്ഷേ ഞാൻ ചെയ്ത കൊടും ക്രൂരത ഓർത്തപ്പോൾ എന്റെ കോപം അടങ്ങി. നല്ല ആഹാരം കഴിച്ചിട്ട് തടിച്ചെങ്കിലും മനസ്സുകൊണ്ട് മെലിഞ്ഞിരുന്നു.98 –ാം നമ്പറുകാരനായി എനിക്ക് ഈ  തടവറയിൽ ജീവിക്കണമെങ്കിലും ഞാൻ മനസ്സുകൊണ്ട് തൃപ്തനല്ല. ഞാൻ രക്ഷപ്പെടാൻ തുനിഞ്ഞപ്പോൾ ജയിലിന്റെ ഭീമൻ മതിൽ എന്നോടു പറഞ്ഞു: "ഹേ മനുഷ്യാ ...... നീ ചെയ്ത തെറ്റിനു നീ അനുഭവിച്ചേ മതിയാവൂ..... ഇനി നീ അഥവാ രക്ഷപ്പെട്ടാൽ തന്നെ അവർ നിന്നെപ്പിടിച്ച് വളരെ വലിയ ശിക്ഷ നിനക്ക് തരും. പിന്നെ നിനക്ക് ഇവിടെ നിന്ന് മോചനമുണ്ടാവില്ല. നിനക്ക് ഇനിയും ജീവിക്കാൻ ആഗ്രഹമുണ്ടെങ്കിൽ കുറച്ചു കാലത്തെ ശിക്ഷയുമായി പോകാം ..... എന്നിട്ട് ഒരു നല്ല മനുഷ്യനായി ജീവിച്ചുകൂടെ......" എന്ന് പറയുന്നതായി എനിക്ക് തോന്നി.....





സന്ധ്യ. പി. വിജയൻ
എച്ച്.എസ്.ടി. ഹിന്ദി

# ചാരം മൂടിയ കനലുകൾ

ഇത് ഒരു കഥയാണോ :.... ? ഏയ്...... എനിക്ക് തോന്നുന്നില്ല. വെറും ജല്പനങ്ങളാകാം ല്ലേ ? അശാന്ത മനസ്സിന്റെ വിഹ്വലതകൾ ...... ഉം...... ഒരു പക്ഷേ അതു തന്നെയാവാം .... വിശേഷണങ്ങൾ ധാരാളമുണ്ടായിരുന്നു. അമ്മ, ഭാര്യ, മകൾ, സഹോദരി, കാമുകി ....... അങ്ങനെയങ്ങനെ ... ഓ..... മറന്നു ....... ഇനിയുമുണ്ട് – ദേവി ..... ഭൂമിയോളം ക്ഷമയുള്ളവൾ ...... മ് ........ കേൾക്കാൻ രസമുണ്ട്. വിശേഷണങ്ങളുടെ നിറവിൽ പകലന്തിയോളം കഷ്ടപ്പെട്ടിരുന്നു സന്തോഷത്തോടെ, നിർവൃതിയോടെ ....... “എന്നാലെപ്പോഴാണ് ആർക്കും ചവിട്ടിമെതിക്കാവുന്ന ഒട്ടും വിലയില്ലാത്ത പാഴ്‌വസ്തുവായ് മാറിയത് ? ആർക്കും എപ്പോഴും പിച്ചിച്ചീന്താവുന്ന നികൃഷ്ടജന്മമായത് ?” അറിയില്ല. ഇടയ്ക്കെപ്പോഴോ ആരൊക്കെയോ പറയുന്നതു കേട്ടു ശക്തയാണ്, അഗ്നിയാണ് എന്നൊക്കെ......“അത്തരം ചില നാട്യങ്ങളുടെ നിഴലാട്ടങ്ങൾ മിന്നി മറയാറുമുണ്ടല്ലോ.” അന്ധവിശ്വാസത്തിന്റെ, അജ്ഞതയുടെ ഇരുണ്ട ഗർത്തങ്ങളിൽ വീണു കിടന്നിരുന്ന നാളുകളിൽ ജീവനോടെ കുഴിച്ചുമൂടിയിരുന്നുവത്രേ. പാലങ്ങളുടെ തൂണുകളും മറ്റും ഉറയ്ക്കാൻ– കരിങ്കല്ലിനേക്കാൾ ശക്തമാണാ ഇളം ശരീരങ്ങൾ എന്നായിരുന്നോ..... ? കല്ലു പോലെ കരുത്തയാണെന്നതായിരുന്നോ മതിലുകളാകാൻ നിയുക്തയാക്കപ്പെട്ടതിനു കാരണം? എന്നിട്ടുമെന്തേ ചില കല്ലുകൾ തച്ചുടയ്ക്കപ്പെടുന്നത്, ? ചെറുതും വലുതുമായ കല്ലുകൾ പിച്ചിച്ചീന്തപ്പെടുന്നത്...? ഓ...പിന്നെയും മറന്നു. കല്ലുകൾക്ക് വേദനകളും വികാരങ്ങളും ഒന്നുമില്ലല്ലോ. പാടത്തും വാഴത്തോപ്പുകളിലുമൊക്കെ ഇന്നും കുഴിച്ചു മൂടുന്നു. എന്തിനാണാവോ......? ഇരകളാകാൻ വീണ്ടും മുളച്ചു വരുമെന്നു കരുതിയിട്ടാണോ? മുല പറിച്ചെറിഞ്ഞ് അനീതി താണ്ഡവമാടിയിരുന്ന നഗരം ചുട്ടെരിച്ചിട്ടുണ്ടത്രേ. അനാചാരങ്ങളുടെ വികൃതമുഖത്തിനു നേർക്ക് മുല മുറിച്ചെറിഞ്ഞുവത്രേ.....സംഹാര നടനം ആടിയിട്ടുണ്ടത്രേ....പക്ഷെ...... ആ അഗ്നിനാളങ്ങൾ ഉലഞ്ഞമർന്ന് ഇല്ലാതായതെപ്പോഴായിരുന്നു? അറിയില്ല .... അത്യന്താധുനികതയുടെ വിശാല വഴികളിലായിരുന്നോ? അതോ സൗന്ദര്യവത്ക്കരണത്തിന്റെ മൃദുല മനോഹര വീഥികളിലോ? അരാജകത്വത്തിന്റെ ഗർവ്വിച്ച മസ്തകം തല്ലിത്തകർക്കാൻ കരങ്ങൾക്ക് കരുത്ത് ഇനി എന്നുണ്ടാകും......? കുഞ്ഞുതുമ്പികളുടെ വർണച്ചിറകുകൾ പോലും നുള്ളിയെറിയുന്ന കിരാത നഗരങ്ങളെ ചുട്ടെരിക്കാനുള്ള ആത്മധൈര്യം ഇനി എന്നു തിരിച്ചു കിട്ടും?

ഇന്നലെകളുടെ ഇടവഴികളിൽ ജ്വലിച്ചു നിന്നിരുന്ന കരുത്ത് ഇന്നിന്റെ രാജവീഥികളിൽ തകർന്നടിഞ്ഞു പോയതെന്തേ മനസ്സിലാകാഞ്ഞൂ...? ഇന്നിന്റെ വർണക്കാഴ്ചകളിൽ, തിളങ്ങുന്ന ചമയക്കൂട്ടുകളിൽ ആത്മവീര്യം വീണടിഞ്ഞു പോയതെന്തേ തിരിച്ചറിയാതിരുന്നൂ...? ഭീരുത്വത്തിന്റെ വാല്മീകത്തിലൊളിക്കാൻ തോന്നിയതെന്തേ? ചിലപ്പോൾ എന്നിലെ ചില ഭാവങ്ങൾ ധീരയാണെന്ന് നടിക്കാറുണ്ട്. മൈതാന പ്രസംഗങ്ങളും മറ്റും നടത്തി ശക്തയാണെന്ന് അടിവരയിട്ടുറപ്പിക്കാൻ ശ്രമിക്കാറുണ്ട്. “ചാനലുകളുടെ വെള്ളിവെളിച്ചത്തിൽ തിളങ്ങി മുഴുവൻ പീഡി തർക്കും വേണ്ടി വാദിക്കാൻ കരുത്തുള്ളവളാണ്,
അവരുടെ നാവാണ്” എന്നൊക്കെ ഭാവിക്കാറുണ്ട്. എന്നാൽ
യാഥാർത്ഥ്യങ്ങളിലേക്ക് മിഴി തു റക്കുമ്പോൾ ഞാനറിയുന്നു
എല്ലാം വെറും നാട്യങ്ങൾ മാത്രമെന്ന്. ഇന്നിന്റെ വർ
ണത്തേരിലേറാൻ മനസ്സ് വെമ്പൽ കൊള്ളുമ്പോൾ
ഞാൻ തിരിച്ചറിയുന്നു ഇന്നലെകളുടെ സ്വപ്
നച്ചിറകേറി പറക്കുക യാണഭികാമ്യമെന്ന്.
ഝാൻസി റാണിയോ, കണ്ണകിയോ,
നങ്ങേലിയോ, ഫൂലൻ ദേവിയോ
ഒക്കെയായ് മാറുന്ന ആ
സുന്ദര സ്വപ്നങ്ങളിലേ ക്ക്
......ഇനിയുമിനിയും
എന്തൊക്കെയോ ആയി
മാറുന്ന ഏഴു വർണങ്ങ
ളുള്ള സുന്ദര സ്വപ്നങ്ങളിലേ
ക്ക് .........







ബാബു രാജൻ.സി.പി
എച്ച്.എസ്.ടി. ഗണിതം

# അതിരുകളില്ലാതെ ...

അപ്പോഴും സ്വപ്നങ്ങൾ വല്ലാതെ പകയ്ക്കുന്നുണ്ടായിരുന്നു;സ്വപ്നങ്ങൾ എങ്ങനെ പകയ്ക്കാതിരിക്കും.... ? സ്വപ്നങ്ങൾക്കു പോലും സ്വപ്നം കാണാൻ കഴിയുന്നതിനുമപ്പുറത്തേക്ക്, അതിരുകളില്ലാതെയല്ലേ അവന്റെ വളർച്ച സ്വപ്നങ്ങളിപ്പോൾ അസ്വസ്ഥരാണ്. അസ്വസ്ഥതകളെ വരുതിയിലാക്കാൻ പോലും അവർക്ക് കഴിയുന്നില്ല. പിന്നെ സ്വപ്നങ്ങൾ എങ്ങനെ പകയ്ക്കാതിരിക്കും....? അവരെ തെറ്റുപറയാൻ കഴിയില്ല. പ്രതീക്ഷകൾക്കുമപ്പുറത്തല്ലേ അവന്റെ വളർച്ച.

ഒരു സുപ്രഭാതത്തിൽ അവൻ പറയുന്നു എല്ലാ അതിരുകളും മനസ്സിലാണെന്ന്. എല്ലാ കുരുക്കുകളും മനസ്സിലാണെന്ന് മനസ്സിലെ കുരുക്കുകളഴിക്കണം, അതിരുകളില്ലാതാക്കണം. അതിന് മനസ്സിന്റെ ആഴങ്ങളിലേക്കിറങ്ങണം:

അവൻ അതിനുള്ള പ്രവർത്തനങ്ങളിലേക്കിറങ്ങാൻ തുടങ്ങി. പതിയെ പതിയെ അവനുയരാൻ തുടങ്ങി; എന്തെല്ലാമോ മാറ്റങ്ങൾ അവനിൽ സംഭവിച്ചുകൊണ്ടേയിരുന്നു. പൊങ്ങുതടിക്ക് കനം വച്ചു. സൗഹൃദങ്ങളിലെ പതിരുകളറിഞ്ഞു. സമ്പത്തും ഐശ്വര്യവും സന്തോഷവും കൈകളിലൊതുങ്ങി. അതിരുകൾ മാഞ്ഞു കൊണ്ടേയിരുന്നു.

എങ്ങനെ, എങ്ങനെയാണ് നീ നേടുന്നത്? സുഹൃത്തുക്കൾ ചോദ്യശരങ്ങളുയർത്താൻ തുടങ്ങി. അതും അവന്റെ വളർച്ചയായിരുന്നു. അവന്റെ മറുപടി അവൻ ചിരിയിലൊതുക്കി. ഇന്ന് എല്ലാവർക്കും അവനൊരത്ഭുതമാണ്. അതിരൂകളില്ലാതവനൊഴുകുന്നു

അവന്റെ ചിന്തകളിലേക്ക് സ്വപ്നങ്ങൾ മെല്ലെയൊന്ന് ഒളിഞ്ഞു നോക്കി. അവൻ സ്വയം പറയുന്നു:"അതിരുകൾ ആരാണ് നിശ്ചയിക്കുന്നത്.? നമ്മുടെ കഴിവുകേടുകൾ, അല്ലാതാര്? അതിരുകൾ മറികടക്കാനുള്ളതാണ്. ഓരോന്നും മറികടക്കുമ്പോൾ പുതിയവ ഉണ്ടാകും.അവയും മറികടക്കാം അതൊരു ആവേശമാക്കാം. ഇതു കേട്ടപ്പോൾ സ്വപ്നങ്ങളും അറിയാതെ ആവേശഭരിതമായി.

അറിയാം അഞ്ചു വർഷങ്ങൾക്കു മുമ്പ് അവന്റെ അവസ്ഥ.... പൊങ്ങുതടി പോലെ ഒഴുകിയവൻ. ഒരു വിഡ്ഢിയായി സുഹൃത്തുക്കൾ അവനെ കണ്ടു. തട്ടിക്കളിക്കാനൊരു പന്ത്." അവർ അടക്കം പറഞ്ഞു. സുഹൃത്തുക്കളുടെ ആശകൾക്കൊത്ത് അവൻ കളിച്ചു അവരുടെ കളിപ്പാവയായി ഉറഞ്ഞാടി .അതിരുകൾക്കുള്ളിൽ കുരുങ്ങി .കുരുക്കിൽ നിന്നും കൂടുതൽ കുരുക്കിലേക്ക് .. അങ്ങനെ ... അങ്ങനെ ... അതിരുകളിൽ കുരുങ്ങിക്കിടന്ന്, കഴിവുകേടുകളിൽ കുരുങ്ങിക്കിടന്ന് ഒരാൾ മുന്നോട്ട് പോവുമ്പോൾ, .ജിവിതം അങ്ങനെ തന്നെ അവസാനിക്കുമെന്ന് കരുതുമ്പോൾ..... മെല്ലെ അവനിൽ എന്തൊക്കെയോ സംഭവിക്കുന്നത് സ്വപ്നങ്ങളറിഞ്ഞു. ഭയപ്പെടുന്നൊരു മാറ്റം അവനിൽ കണ്ടു തുടങ്ങി. ഒരു ഉൾവലിയൽ ....

"
ഇന്ന് എല്ലാവർക്കും അവനൊരത്ഭുതമാണ്. അതിരൂകളില്ലാതവനൊഴുകുന്നു അവന്റെ ചിന്തകളിലേക്ക് സ്വപ്നങ്ങൾ മെല്ലെയൊന്ന് ഒളിഞ്ഞു നോക്കി. അവൻ സ്വയം പറയുന്നു:"അതിരുകൾ ആരാണ് നിശ്ചയിക്കുന്നത്.?
"

അവൻ മെല്ലെ സ്വപ്നങ്ങളോട് മൊഴിഞ്ഞു:"നിങ്ങൾ പകയ്ക്കുക, പകച്ചു കൊണ്ടേയിരിക്കുക, നിങ്ങളുടെ പകക്കലാണ് എന്റെ വിജയം"

പിന്നെ മെല്ലെ സന്തോഷത്തോടെ അവൻ പറക്കാൻ തുടങ്ങി; രാജ്യവും വൻകരയും കടന്ന് പിന്നെ ഭൂമി കടന്ന് പ്രപഞ്ചം കടന്ന് സ്വന്തം മനസ്സിലേക്കവൻ പറന്നിറങ്ങി. പിന്നെ ഭേദിക്കാൻ അതിരുകളില്ലായിരുന്നു. അതിരുകളെല്ലാം മാഞ്ഞു പോയിരുന്നു.

അല്ലെങ്കിലും അതിരുകൾ തീർക്കുന്നതും മായ്ക്കുന്നതും മനസ്സാണല്ലോ ..



സുരേഷ്. കെ
എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ്

# ബ്ലൂ വെയിൽ ഗെയിം

നേർത്ത മൂടൽമഞ്ഞിലൂടെ ട്രെയിൻ കൂകിപാഞ്ഞു. റെയിൽ വെ ക്രോസിനടുക്കുന്തോറും വേഗതയിൽ മാറ്റം വന്നു. ജനലിലൂടെ പുറത്തേക്ക് നോക്കിയിരുന്ന സ്മൃതിയുടെ കൈകൾ രമേശിന്റെ കൈകളിൽ അമർന്നു. വിരലുകൾ അമർത്തി കോർത്തു പിടിച്ചു.അവർക്കിടയിൽ മൗനം മൂടൽ മഞ്ഞു പോലെ വന്നു ചേർന്നു. ട്രെയിൻ ഗുൽമോഹറിനടുത്തെത്തിയപ്പോൾ ഇരുവരുടെയും ഹൃദയമിടിപ്പ് കൂടി വന്നു; രമേശനും സ്മൃതിയും കണ്ണടച്ചിരുന്നു  വർഷങ്ങൾ പതിയെ പിന്നോട്ടോടി. മഞ്ഞ ചുരിദാർ ധരിച്ച പെൺകുട്ടി കൈയ്യിൽ ഒരു പിടി ഗുൽമോഹർ പൂക്കളുമായ് പാളത്തിനടുത്ത് നിന്നു പാദങ്ങൾ ചുവന്ന ഗുൽമോഹർ പൂക്കളിൽ ഒരിക്കൽ കൂടി അഡ്മിൻ അയച്ച മെസ്സേജ് വായിച്ചു.

"ലാസ്റ്റ് സ്റ്റേജ് പിൻമാറാൻ പാടില്ല. ആരെങ്കിലും രക്ഷിക്കാൻ വന്നില്ലെകിൽ പാളത്തിലേക്ക് തീവണ്ടിയുടെ മുന്നിലേക്ക് ചാടി ചുവന്ന ഗുൽമോഹർപ്പൂക്കളായ് മാറുക." ജീവിക്കാൻ അതിയായ കൊതിയുണ്ടെങ്കിലും എന്തിന് ആത്മഹത്യ എന്ന ചോദ്യത്തിന് അഡ്മിന്റെ ഉത്തരം ഉണ്ടായിരുന്നു




"ലാസ്റ്റ് സ്റ്റേജ് പൂർത്തിയാക്കുക." രമേഷ് ഫോണിൽ നോക്കി മെസ്സേജ് വന്നു ഇനി നാലു മിനിട്ടു മാത്രം. കൈയിൽ ചുവന്ന പൂക്കളുമായ് നിൽക്കുന്ന എതിരാളിയെ കണ്ടെത്തുക അല്ലെങ്കിൽ തീവണ്ടിയുടെ മുന്നിലേക്ക് നടന്നടുക്കുക . തീവണ്ടിയുടെ ഹെഡ് ലാമ്പിൽ നിന്നുള്ള പ്രകാശം മഞ്ഞിലൂടെ വന്നപ്പോൾ അയാൾ ചുവന്ന പൂക്കൾ കണ്ടു. മരിക്കാനുള്ള മടിയല്ല അഡ്മിന്റെ ആവശ്യം പൂർത്തിയാക്കുക എന്ന ലക്ഷ്യം. പാളത്തിനരികിലൂടെ തീവണ്ടിയുടെ എതിർ ദിശയിൽ ഓടുകയായിരുന്ന അയാളുടെ ദേഹത്തേക്ക് ചുവന്ന ഗുൽമോഹർ പൂക്കളോടൊപ്പം അവളെയാരോ വലിച്ചെറിഞ്ഞപ്പോൾ ട്രെയിൻ ചൂളം വിളിച്ച് കടന്നു പോയി.ഉടൻ അഡ്മിന്റെ മെസേജ് വന്നു. "ഗെയിം ഓവർ". ട്രെയിൻ ലെവൽ ക്രോസ് കഴിഞ്ഞപ്പോൾ സ്മൃതി ജനലിലൂടെ പിറകോട്ട് നോക്കി. മൂടൽമഞ്ഞിൽ ഗുൽമോഹർ പൂക്കൾ താഴേക്ക് വീഴുന്നു. മൂടൽമഞ്ഞിൽ ഒരു മഞ്ഞ ചുരിദാർക്കാരി സുഹൃത്തുമായി ഫോണിൽ നോക്കി സംസാരിച്ച് നിൽക്കുന്നു.





साई नन्दना
7E

# माँ की ममता


मीना नामक एक लडकी महाराष्ट्रा में रहती थी। वह बहुत नटखट थी। उसकी माँ उससे बहुत परेशान थी। एक दिन जब वह स्कूल से लौट रही थी तब एक बुढ़िया से मिली। वह स्त्री सड़क पर एक मैली गंदी चादर पर सो रही थी। वह ठंडी हवा की वजह से बहुत क  प रही थी।

मीना उसके पास जाकर धीरे से उन्हें उठायी और पूछा '' आप यहाँ क्यों सो रही है ?''बुढ़िया धीरे से उसे देखा और क  पती हुई आवाज से बोली ''मेरी बेटी मुझे घर से निकाल दी ।''

मीना ने पूछा ''क्यों?'' ''मैंने उसे शरारत की वजह से बहुत डाँटी थी। ये सब उसके बचपन में था। अब उसे अपने पैरों में खड़े रहने की ताकत मिली. उसे एक बडी कंपनी में काम मिली है । अब मैं बूढी हो गयी हुँ। अब वह मुझे नहीं संभालती है, मुझसे प्यार भे नहीं। अब वह मुझे घर से बाहर निकाल दी।

बुढ़िया की बाते सुनकर मीना थोड़ी देर तक मौन रहा। फिर धीरे से बोला ''अगर ऐसा है तो आप पुलिस से शिकायत क्यों नहीं की ?'' ''वह मेरी बेटी है न ? मैं कैसे उसे पुलिस से हवाला कर दूँ ? माँ अपने बच्चों से नाराज नहीं कर सकते। उनकी ममता उन्हें ऐसा करने ही नहीं देगी । माँ ही अपने बच्चों के सुख दुख जानती है। माँ अपना सारा सुखछोड़कर बच्चों के सुख के लिए जीती है।

ये सब सुनकर मीना की आँखों से आँसू बहने लगी। उसने बुढ़िया को एक वृद्धाश्रम में सौंप दी। उसके बाद वह कभी भी शरारत नहीं की और अपनी माँ से पहले से भी अधिक प्यार करने लगी।





യൂനുസ്. പി
എച്ച്.എസ്.ടി ഉറുദു

# ആമസോണും അബൂക്കയും

അക്കെകരയിലെ സുന്ദരേട്ടന്റെ കൂട്ടിലെ പൂവൻകോഴി കൂവുന്ന ശബ്ദം കേട്ടാണ് അബൂക്ക അന്നുണർന്നത്.
" അല്ലാഹ്...വല്ലാതെ വൈക്യല്ലോ....എന്താ ഈ പണ്ടാറത്തിന് പറ്റിയത്...?".ജനൽഭിത്തിയിൽ വച്ച ആ പഴയ 'നോകിയ' ഫോൺ എടുത്ത് അബൂക്ക സൂക്ഷിച്ചു നോക്കി. സമയം അഞ്ചു മണി പതിമൂന്ന് മിനിറ്റ്.എന്താണാവോ ഇന്ന് അലാറം അടിക്കാതിരുന്നത്?. അടുക്കളയിൽ നിന്നും പാത്രങ്ങളുമെടുത്ത് മഴയിൽ മുങ്ങിയ പാടവരമ്പിലൂടെ കാൽമുട്ടിന്റെ വേദന വകവെക്കാതെ അദ്ദേഹം നടന്നു.തവളകളുടെ റിംഗ്ടോണുകൾ പല ഫോർമാറ്റിലും ചൈനാസെറ്റിൽ നിന്നും കേൾക്കുന്നപോലെയുണ്ട്. ഒരുപാട് കാലത്തിന് ശേഷം ഇതാദ്യമായിട്ടാണ് തവളകളുടെ ഈ ശബ്ദങ്ങൾ. വയലുകൾ മണ്ണിട്ടുമൂടി കവുങ്ങ് വെച്ചതിന് ശേഷം തവളകളും അവയുടെ ശബ്ദവും അന്യമായിരുന്നു.

തന്റെ പോക്കറ്റിൽനിന്നും നീളൻ താക്കോലെടുത്ത് പീടികയുടെ പൂട്ടുതുറന്ന് ഓടാമ്പൽ വലിച്ചുമാറ്റി, മരപ്പലകകൾ ഒന്നൊന്നായ് ചുമരിൽ നമ്പർ ക്രമത്തിൽ ചാരിവെച്ചു. പരീശിലിച്ചവർക്ക് മാത്രമെ ഇത് അടയ്ക്കാനും തുറക്കാനും കഴിയൂ എന്ന് അബൂക്ക ചിലപ്പോൾ പറയാറുണ്ട്. എല്ലാകടകൾക്കും ഇരുമ്പിന്റെ ഷട്ടറുകൾ വന്നപ്പോഴും അബൂക്കയുടെ ചായമക്കാനിക്ക് മാത്രം ഒരുമാറ്റവും വന്നില്ല. ഗ്രാമത്തിന്റെ പുരാതന അടയാളമായി അത് തലയുയർത്തി നിൽക്കുന്നു. മൺകട്ട കൊണ്ട് പടുത്ത, ഓടിട്ട ആ ചായമക്കാനിക്ക് നോകിയ ഫോണിന്റെ അതേ മോട്ടോ.....Conecting People.....

തീപ്പെട്ടിക്കൊള്ളി ഉരസി വേഗം വിളക്ക് കത്തിച്ചു ,അടുപ്പിൽ രണ്ട് കൊള്ളി വിറക് വെച്ചു. തലേന്ന് പെയ്ത മഴയിൽ വിറകുകൾ നനഞ്ഞിരുന്നു. അതിനാൽ ഇത്തിരി മണ്ണെണ്ണ ഒഴിച്ചു തീ കൊളുത്തി.
"അബൂക്കാ......പാൽ ഇവിടെ വെക്കാട്ടോ.."മേശപ്പുറത്ത് പാൽപാത്രം വെച്ച് പാൽക്കാരൻ സൈത ബാക്കി പാൽ വിതരണം ചെയ്യാനായി നടന്നു. അടുപ്പിൽ തീപ്പിടിപ്പിക്കുന്ന തിരക്കിനിടയിൽ അബൂക്ക പറഞ്ഞു "ആ മേശപ്പുറത്ത് വെച്ചാൽ മതി."

കുട്ടനും,ഖാദറും,സുല്ലമിയും ഇപ്പോൾ വരും, പ്രഭാതസവാരിയുടെ ഫിനിഷിംഗ് പോയന്റ് ഈ ചായക്കടയാണ്. ഇവിടുത്തെ നെയ്യപ്പത്തിന്റെയും

"എലികോട്ടറ് റോട്ടിലൂടേം ബരാൻ തൊടങ്ങ്യോ....." പതിവില്ലാത്ത ബുള്ളറ്റ് മോട്ടോർസൈകളിന്റെ ശബ്ദം കേട്ട് അബൂക്ക ചായമകാനിയുടെ ചാക്ക് മറകൾക്കുള്ളിലൂടെ നോക്കി പറഞ്ഞു.മോട്ടോർ സൈക്കിൾ പീടികയുടെ അരികിൽ നിർത്തി , നീണ്ടു മെലിഞ്ഞ ഒരു ചെറുപ്പക്കാരൻ. അയാളുടെ പുറകിൽ ഒരുവലിയ ബേഗും. ഹെൽമെറ്റ് ഉയർത്തി പോക്കറ്റിൽ കയ്യിട്ട് അയാൾ ഒരുതുണ്ട് കടലാസ് കഷ്ണം എടുത്ത് അബൂക്കയോട് ചോദിച്ചു

പഴംപൊരിയുടെയും രുചി അത് വെറെത്തന്നെയാണ്. ആരോ പറഞ്ഞ് കേട്ടിട്ടുണ്ട്; 'പെപ്സി, കോളയുടെ നിർമാണക്കൂട്ട് രഹസ്യമാണ്. അതുപോലെ തന്നയാണ് അബൂക്കയുടെ നെയ്യപ്പക്കൂട്ടിന്റെ രഹസ്യവും എന്ന്.' അത് അദ്ദേഹത്തിന് മാത്രമെ അറിയൂ.ഗൂഗിൾ ആൻഡ്രോയിഡിന് നെയ്യപ്പത്തിന്റെ പേരിടാൻ പോകുന്നു എന്ന് കേട്ടപ്പോൾ അബൂക്കക്ക് ആയിരം നാവായിരുന്നു നെയ്യപ്പത്തിന്റെ ഗുണങ്ങളെപറ്റി.

നാട്ടിലെ ആട്ടിൻകുട്ടിയുടെ പ്രസവം മുതൽ ആറ്റം ബോബിന്റെ കാര്യം വരെ ഇവിടുത്തെ ചർച്ചയിൽ വിഷയമാകും.ചായക്കടയിലെ മൂന്ന് ബഞ്ചുകളും സുപ്രീംകോടതി ബഞ്ചുകൾക്ക് തുല്യമാണ്. ചൂടേറിയ വാദപ്രതിവാദങ്ങളാണ് ഓരോബഞ്ചിലും നടക്കാറുള്ളത് എല്ലാത്തിനും തലയാട്ടി ചീഫ് ജസ്റ്റിസിന്റെ റോളിൽ അബൂക്കയും.



"അല്ല അബൂക്ക .. സിറിയയിൽ നിന്നുള്ള വല്ല രാസായുധ ബോംബും ഇന്ന് ഇവിടെ വീണോ?....."

ഖാദറിന്റെ ചോദ്യത്തിലെ ഉത്തരം അബൂക്കയുടെ കണ്ണുകളിൽ കാണാമായിരുന്നു.പുകയിൽ മൂടിയ അടുക്കളയിൽ നിന്നും കണ്ണും മൂക്കും തുടച്ച് അബൂക്ക പറഞ്ഞു. 'ബെറക് ഒക്കെ തണുത്ത്ണ്...അടുപ്പല് ഊതി ഊതി....മടുത്തു'.

" നിങ്ങക്കീ അടുപ്പും വെറകും ഒക്കെ വലിച്ചെറിഞ്ഞ് ഗ്യാസോ കറന്റോ ആക്കികൂടെ...?"

ഖാദറിന്റെ ചോദ്യത്തിന് അബൂക്കയുടെ മറുപടി ഇപ്രകാരമായിരുന്നു: "അതോന്നും മ്മളെ തടിക്ക് നന്നല്ല."

"എലികോട്ടറ് റോട്ടിലൂടേം ബരാൻ തൊടങ്ങ്യോ....." പതിവില്ലാത്ത ബുള്ളറ്റ് മോട്ടോർസൈകളിന്റെ ശബ്ദം കേട്ട് അബൂക്ക ചായമക്കാനിയുടെ ചാക്ക് മറകൾക്കുള്ളിലൂടെ നോക്കി പറഞ്ഞു.മോട്ടോർ സൈക്കിൾ പീടികയുടെ അരികിൽ നിർത്തി , നീണ്ടു മെലിഞ്ഞ ഒരു ചെറുപ്പക്കാരൻ. അയാളുടെ പുറകിൽ ഒരുവലിയ ബേഗും. ഹെൽമെറ്റ് ഉയർത്തി പോക്കറ്റിൽ കയ്യിട്ട് അയാൾ ഒരുതുണ്ട് കടലാസ് കഷ്ണം എടുത്ത് അബൂക്കയോട് ചോദിച്ചു'സുനിൽകുമാർ S/o സുന്ദരൻ എന്നയാളെ വീട് എവിടെ?"

ഒരു നിമിഷം ആലോചിച്ച് അബൂക്ക പറഞ്ഞു ' പുടത്തം കിട്ടി.. അത് മ്മളെ അക്കെകരയിലെ സുന്ദരന്റെ ചെക്കന് . ബ്ടന്ന് മൂന്നാമത്തെ വീടാ"

"അല്ല ..... കുട്ടി എൗട്ന്നാ..?"

"ആമസോണിന്നാ"

അബൂക്കയുടെ ചോദ്യത്തിന് അയാൾ ഇപ്രകാരം മറുപടി പറഞ്ഞു ബൈക്ക് സ്റ്റാർട്ട് ചെയ്തു.

ആമസോണോ അതെന്ത് കുന്തം? ഖാദറിന് അറിയാതിരിക്കില്ല അവനോട് ചോദിക്കാം. അബൂക്ക മനസ്സിൽ ആ വാക്ക് സൂക്ഷിച്ചു. 'ആമസോൺ'.

തിളച്ച എണ്ണയിൽ നിന്നും അപ്പങ്ങൾ കോരിയെടുക്കുമ്പോഴും മനസ്സിൽ ആ വാക്ക് അദ്ദേഹം ഉരുവിട്ടു; 'ആമസോൺ'

"അബൂക്കാ.....നല്ല സ്ട്രോങ്ങ് ചായ വരട്ടെ" അടുക്കളയിൽ നിന്നും ഖാദറിന്റെ ശബ്ദം തിരിച്ചറിഞ്ഞ അബൂക്ക ഗ്ലാസ്സു കഴുകി സ്ട്രോങ്ങ് ചായയുമായി എത്തി.

"ഖാദറെ മ്മ്ക്കൊരു സംസയം ചോദിക്കാണ്ട്"

"എന്താ അബൂക്കാ..?"

"എന്താമനെ..ഈ ആമസോൺ? രബിലന്നെ ഒരുത്തൻ ഒരു പൊക്കണായിട്ട് ബൈകില് ബന്നീനി"

"അതാണ് ഓൺലൈൻ ഷോപ്പിംഗ്"




"ഇജ്ജ് അങ്ങനെ പറഞ്ഞാലൊന്നും മ്മക്ക് തിരീല കാദറെ.. ഒന്ന് തെളിച്ച് പറഞ്ഞൊണ്ട"
"വീട്ടിലിരുന്ന് കംപ്യൂട്ടറും ഫോണും ഉപയോഗിച്ച് സാധനങ്ങൾ വാങ്ങിക്കുന്ന കമ്പനിയാണ് ആമസോൺ"
"അപ്പോ പൈസ ബേണ്ടേ..?"
"അതാണ് ക്യാഷ് ഓൺ ഡെലിവറി"
"പൊന്നാര കാദറെ ഇജ്ജ് ഇംഗ്ലീസിൽ പറഞ്ഞാ ഞമ്മക്ക് തിരീല്ല"
"സാധനങ്ങൾ വീട്ടിൽ എത്തിക്കുമ്പോൾ കാശ് കൊടുത്താൽ മതി"
"എന്തകെ സാധനങ്ങളാ കിട്ടാ......"
"ഉപ്പ് തൊട്ട് കർപ്പൂരം വരെ കിട്ടും"
"കാലം പോയ ഒരു പോക്ക്...ഖിയാമത്ത് നാളിന്റെ അലാമത്ത് അല്ലാതെന്താപഴ്യ"
"നിങ്ങക്ക് വല്ലതും വാങ്ങണോ അബൂക്കാ?"
"ഇന്ന് ചെരുപ്പിന് എൺപത് ശതമാനം ഓഫറുണ്ട്" തന്റെ ടച്ച് ഫോണിൽ തോണ്ടിക്കൊണ്ട് ഖാദർ പറഞ്ഞു.
"ന്നാ മ്മളെ സൈനൂന് ഒരു ചെരുപ്പ് ഓഡർ ചെയ്യ്ി ഇജ്ജ്."
'ഓർഡർ ചെയ്തിട്ടുണ്ട്. നാല് ദിവസത്തിനുള്ളിൽ സാധനം എത്തും"തന്റെ സ്മാർട്ട് ഫോണിൽ തോണ്ടി തോണ്ടി ഖാദർ പറഞ്ഞു.

ഭാര്യ സൈനുവിന് എന്തെങ്കിലും വാങ്ങി കൊടുക്കണം എന്ന് കുറെ നാളായി കരുതിയിട്ട്. ഈ കർക്കിടകം പത്തിന് സൈനു എന്റെ കൂടെ വന്നിട്ട് നാൽപെത്തിയെട്ട് കൊല്ലം പൂർത്തിയാവും. അന്ന് തന്നെ സമ്മാനമായി ചെരുപ്പ് അവൾക്ക് നൽകണം എന്ന് അബൂക്ക മനസ്സിൽ കരുതി. പിന്നീടുള്ള മുന്നു ദിവസങ്ങളും കാത്തിരിപ്പിന്റെതായിരുന്നു.

നാലാം ദിവസം രാവിലെ ബുള്ളറ്റ് മോട്ടോർ സൈക്കിളിന്റെ പട.. പടാ.. ശബ്ദം അബൂക്കയുടെ മനസ്സിൽ സന്തോഷത്തിന്റെ പടക്കങ്ങൾ പൊട്ടിച്ചു. ബൈക്ക് നിർത്തി ഹെൽമറ്റ് എടുത്ത് അയാൾ ചോദിച്ചു 'അബു ടീ സ്റ്റാൾ ഇതാണോ?"
'അതെ, ഞമ്മളെ സൈനൂന്റെ ചെരിപ്പങ്ട്ട് കാട്ട്യാ'
അയാൾ ബാഗ് തുറന്ന് പൊതി അബൂക്കക്ക് കൈമാറി.തിരിച്ചും മറിച്ചും നോക്കി പാക്കറ്റ് പൊട്ടിക്കാതെ പലഹാരങ്ങൾ വെക്കുന്ന ആൾമറയുടെ താഴത്തെ ഷൽഫിൽ വെച്ചു.

പന്ത്രണ്ടരയ്ക്ക് തന്നെ അന്ന് ഉച്ചയൂണിന് കടയടച്ച് വീട്ടിലേക്ക് നടന്നു.സൈനുവിന് ഇന്ന് എന്തായാലും സന്തോഷമാവും അവളുടെ മുഖത്തെ സന്തോഷത്തിന്റെ ചിരി മനസ്സിൽ കണ്ട് അദ്ദേഹം അറിയാതെ ചിരിച്ചു. വീട്ടുമുറ്റത്തെ വടക്കെ മൂലയിലെ ടാപ്പിൽ നിന്നും കാൽ കഴുകി അബൂക്ക നീട്ടി വിളിച്ചു
"സൈനൂ..........ഇജ്ജ് എൗടേ..?"
"ഞാൻ അടുക്കളയിലുണ്ട്"
"അനക്ക് ഞാനൊരു സമ്മാനം കൊണ്ടന്നിട്ടുണ്ട്"
പൊതിതുറന്ന് അബൂക്ക സൈനുവിനെ ഏൽപ്പിച്ചു.
"ഹൗ..! എന്തൊരു ചുർക്ക്" ചെരുപ്പിന്റെ ഭംഗി ആസ്വദിച്ച് സൈനു പറഞ്ഞു.
'എവിടുന്നാ ഇത് വാങ്ങ്യേത്'
"ആമസോണിന്ന്"
"ആ പീടിക എൗടേ..?"
'അതൊക്കെ ഞാൻ അനക്ക് പറഞ്ഞേരണ്ട് ഇജ്ജ് ആദ്യം ഇത് കാലിലിട്ടു നോക്ക്'
സൈനു സന്തോഷത്തോടെ ചെരുപ്പ് രണ്ടും കാലിലിട്ട് പുതുപെണ്ണിന്റെ നാണത്തോടെ അബൂക്കയുടെ മുഖത്തേക്ക് നോക്കി.അയാളുടെ മനസ്സിലും സന്തോഷകുളിർമഴ പെയ്യുന്നുണ്ടായിരുന്നു.
"അല്ല..ഇത് രണ്ടും രണ്ട് വലിപ്പാണല്ലോ" സൈനുവിന്റെ വാക്കുകൾ കേട്ട് അബൂക്ക ചെരുപ്പുകൾ സൂക്ഷിച്ച് നോക്കി വലത്തേ കാലിലേത് ആറ് സൈസും ഇടത്തെ കാലിലേത് ഏഴും.
"ഇനി എന്താ ചെയ്യാ" സൈനുവിന്റെ നിഷ്കളങ്കമായ ചോദ്യത്തിനുമുന്നിൽ അബൂക്ക ഒരു നിമിഷം ചിന്തയിലാണ്ടു.
'ചെറിപ്പൊം വലിപ്പൊം ഒന്നും കാര്യക്കേണ്ട ഇനി അത് ഇട്ട് ശീലായാമതി' ജീവിതത്തിന്റെ രഹസ്യം പിടികിട്ടിയപോലെ അബൂക്ക സൈനുവിനെ ഓർമിപ്പിച്ചു.



ദേവിക കൃഷ്ണ.പി.
7 E

# അമ്മ



ദുഃസ്വപ്നങ്ങൾ അവളെ അലട്ടിക്കൊണ്ടിരുന്നു. പേടിപ്പെടുത്തുന്ന ഇരുട്ടിന്റെ മൗനം എപ്പോഴോ അവളെ ഞെട്ടിയുണർത്തി. അവൾ വല്ലാതെ പരിഭ്രമിച്ചിരുന്നു കൂരിരുട്ടിന്റെ ക്രൂരമായ കണ്ണുകൾ അവളെ തുറിച്ചു നോക്കുന്നതായി തോന്നി. അവൾ മെല്ലെ ജനാലയ്ക്കരികിലേക്ക് ചെന്നു പുറത്ത് ഇളം നിലാവ് തിരയടിക്കുന്നു അതവളോട് എന്തൊക്കെയോ പറയുന്നതുപോലെ അവൾക്ക് തോന്നി. പെട്ടെന്ന് അമ്മയുടെ ഓർമകൾ അവളുടെ മനസ്സിലേക്ക് വന്നു. അവൾക്ക് അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അമ്മയായിരുന്നു അവൾക്കെല്ലാം. ആ അമ്മ ഇന്നീ ലോകത്തില്ലാ എന്ന് ഒരു ഞെട്ടലോടെ അവളോർത്തു. അവളുടെ മനസ്സ് മരവിച്ചതു പോലെ. ശരീരം തളരുന്നതുപോലെ. അവൾ മെല്ലെ തലയുയർത്തി ആകാശത്തേക്ക് നോക്കി. നക്ഷത്രങ്ങളിലേക്ക് കണ്ണോടിച്ചു. നമുക്ക് വേണ്ടപ്പെട്ട ആരെങ്കിലും മരിച്ചാൽ അവർ ആകാശത്ത് നക്ഷത്രമായി മിന്നിത്തിളങ്ങുമെന്ന് മുത്തശ്ശി പറഞ്ഞു തന്നത് അവളോർത്തു .അവളുടെ കണ്ണുകൾ നിറഞ്ഞു എന്റെ അമ്മയും ഈ കൂട്ടത്തിൽ ഉണ്ടാവുമായിരിക്കും .പെട്ടെന്ന് അവൾക്ക് അമ്മയുടെ സാന്നിധ്യം അനുഭവപ്പെട്ടു.



Parvathy Krishna
9-J

# The Shower of love

Throughout his life, he has enjoyed the rain. It made him happy, always making him forget the loss of his loved one. This year too, he was eagerly waiting for the showers to begin. But mother nature had other plans for him. The sky was crowded with dense rain clouds, yet it didn't rain. He was completely depressed. The memory of the accident kept torturing him, he spend sleepless nights. To relieve his pain, he cried out the whole night. Finally towards dawn, he dozed off. He had a dream, the rain asking him to find it. Suddenly he sprang up from his sleep. He thought that the dream had a message. Without wasting a single moment, he packed his bag and set out to the village. And crossed the cities, deserts and the seas. He searched everywhere on the earth, yet he still couldn't find the rain. All throughout, the journey he thought about his loss, and his heart began to shatter and lose hope. Then one day, he met a Buddhist monk and asked him the reason. The monk replied why should it rain when the soil is wet, it has your tears as water, only true love can bring back the showers of happiness .

The sad man realized that while he was searching for the rain, he had forgotten his love. He raced back to her feet pleading his forgiveness, as her eyes filled with joy, it began to rain. Bring back the happiness in every one's hearts.







കെ.കെ.സുരേന്ദ്രൻ
എച്ച്.എസ്.ടി ഗണിതം

# കോത്താമ്പിയുടെ യജമാനന്മാർ

"അങ്ങോട്ട് പോകണ്ട.... കോത്താമ്പി വരും...."

"കുട്ട്യേ... നീ എവിട്യാ... വേഗം ഇങ്ങട് പോന്നോ ... ഇല്ലെങ്കിൽ .... ആ... കോത്താമ്പി പിടിക്കട്ടെ!"

അങ്ങനെ ഒരുപാട് പേടിപ്പിച്ചിട്ടുണ്ട്. എന്താണ് ഈ കോത്താമ്പി....?

നിങ്ങൾ ആരെങ്കിലും ആ കോത്താമ്പിയെ കണ്ടിട്ടുണ്ടോ? അദൃശ്യനായ ആ രൂപത്തെ നമ്മൾ എന്തിനാ പേടിച്ചത്? പേടിപ്പിക്കാൻ ആളുണ്ടായാൽ എന്തും പേടിപ്പെടുത്തും. അധ്യാപന ജീവിതത്തിൽ നമ്മൾ തിരിച്ചറിയുന്ന, നമ്മുടെ കുട്ടികൾ കണക്ക് എന്ന വിഷയത്തെ കാണുന്നത് കോത്താമ്പി പോലെ.

"മോനെ കണക്ക് നന്നായി നോക്കിക്കൊ.... അതിൽ തോൽക്കും ..."

ഇഷ്ടപ്പെട്ട് ഹോം വർക്ക് ചെയ്യുന്ന കുട്ടിയോട് നമ്മൾ കുശലം പറയുന്നു.


"എന്റെ ചെറുപ്പത്തിൽ എനിക്ക് പേടിയായിരുന്നു കണക്ക്... നിനക്കൊ?"

എന്റെ സമ്മതം തേടിയുള്ള ചേച്ചിയുടെ മുഖഭാവം എന്നെ ആശയകുഴപ്പത്തിലാക്കുന്നു.

ശരിക്കും ഇത് ശരിയാണോ?.

പുലർച്ചെ കണ്ടത് എടുത്ത് പഠിച്ചോ. നന്നായി മനസ്സിലാവും... എസ്. എസ്. എൽ. സി കഴിഞ്ഞാൽ കണക്കില്ലാത്ത ഒന്നിന് ചേർക്കണം. അച്ഛന്റെ തീരുമാനം പറച്ചിൽ. അങ്ങനെ എന്നിലേക്കും ആ 'കോത്താമ്പി' കടന്നെത്തി. "എനിക്കും കണക്ക് പേടിയാണ്. ആ കണക്ക് മാഷ് എത്ര തമാശ പറഞ്ഞാലും ഞാൻ ചിരിക്കാറില്ല. കാരണം കോത്താമ്പിയുടെ യജമാനന്മാരല്ലേ കണക്ക് മാഷൻമാർ...'



അശ്വതി.പി.പി    മനേഷ്.പി    യൂനുസ്. പി


# ഗുൽമോഹർ പൂക്കുമ്പോൾ

## 1

റെയിൽപാളത്തിന് കുറച്ചകലെയായി ചുവപ്പു പൂത്ത ഗുൽമോഹർ അന്നത്തെയും സംഭവങ്ങൾക്ക് സാക്ഷിയായി. അതിന്റെ ചുവട്ടിൽ നിൽക്കുന്ന പെൺകുട്ടി സ്മൃതി മനസ്സിൽ പറയുന്നത് കൊഴിഞ്ഞു വീഴുന്ന ഗുൽമോഹർ പൂക്കൾ കേൾക്കുന്നുണ്ടായിരുന്നു. ഇത്തവണ ഞാനിത് ചെയ്യും എന്തിനാണിവരെല്ലാം എന്നെ പ്രതിയാക്കുന്നത് , അവൾ എന്റെ കൂടെ താമസിച്ചു എന്നതിന് ഞാൻ എങ്ങിനെ കുറ്റവാളിയാകും ലഹരിക്കടിമപ്പെട്ട് അവൾ ചെയ്ത പ്രവൃത്തികൾക്ക് എന്നെ എങ്ങനെ പ്രതിയാക്കും . ഒരു പാട് ചോദ്യങ്ങൾ അവളുടെ മനസ്സിൽ ഉത്തരം കിട്ടാത്തതായി തങ്ങിനിന്നു. അവളെ ചോദ്യം ചെയ്താൽ ഉത്തരം കിട്ടും എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് വൈറലായത്. സ്വയം നശിക്കാനിറങ്ങിയവളെ രക്ഷിക്കാൻ ശ്രമിക്കാത്തവൾ എന്ന വാദം ഇന്നത്തോടെ തീരും. ട്രെയിനിന്റെ ചൂളം വിളിക്കായി കാതോർത്ത് മരത്തിൽ ചാരിനിന്നു.

തന്റെ ജീവിക്കാനുള്ള അവസരമാണ് രമേശന് നഷ്ടമായത്. പ്രവാസ ജോലിയുടെ കടലാസ്സുകളാണ് ബസ്സ് യാത്രയ്ക്കിടയിൽ പേഴ്സിനോടൊപ്പം നഷ്ടമായത്. ഒരപരിചിതഫോൺവിളിയാണ് രമേശനെ റെയിൽവെ ഗേറ്റിനടുത്തെത്തിച്ചത്. നാലു മിനിറ്റിനുള്ളിൽ ട്രെയിൻവരും. തന്റെ പ്രവാസ ജീവിതസ്വപ്നം ഇല്ലാതാക്കിയ എതിരാളിയുടെ ശബ്ദത്തിനായ് കാതോർത്തു. ഫോണിലെ ബീപ് ശബ്ദം മെസ്സേജ് വായിച്ച രമേശൻ കുതിച്ചു വരുന്ന ട്രെയിനു മുന്നിലൂടെ ഓടി, ഒരുപിടി ചതഞ്ഞ ഗുൽമോഹറാകാൻ. അവസാന ശ്വാസം കണ്ണടച്ച് നിന്ന സ്മൃതിയുമായി കൂട്ടിയിടി. ഇരുവരെയും പാളത്തിനപ്പുറത്തെ പൂക്കളിൽ വീഴ്ത്തി. ട്രെയിൻ ശബ്ദം മുഴക്കി കുതിച്ചു.

സ്മൃതിയുടെ കണ്ണുകൾ തീക്ഷ്ണമായി രമേശനിൽ പതിച്ചു. എന്റെ അഭിലാഷം തകർത്തവൻ എന്ന ചോദ്യത്തിന് എന്റെ ജീവിത സ്വപ്നത്തിന് സാക്ഷിയായി നിന്ന ഞാൻ മറക്കില്ല. നന്ദി ന്ന് കൈ പിടിച്ചു പറഞ്ഞത് അവളിൽ പുതുവെളിച്ചം നിറച്ചു. ഇല്ല തോറ്റുകൊടുത്താൽ എല്ലാകാലവും തോൽക്കേണ്ടിവരും തോറ്റു കൊടുക്കാനുള്ളതല്ല ജീവിതം എന്ന ചിന്ത അവളെ കുറച്ചു നേരം കൂടി ഗുൽമോഹർ മരത്തിനടുത്ത് പിടിച്ചിരുത്തി. വീശിയ കാറ്റിൽ ഗുൽമോഹർപ്പൂക്കൾ ഇരുവർക്കും മേൽ വർഷിച്ചു. ഇരുവരുടെയും കണ്ണിൽ പ്രതീക്ഷയോടൊപ്പം സ്നേഹത്തിന്റെ മിഴിനീർപൂക്കളും ഉണ്ടായിരുന്നു



# 2

ചുവന്നു നില്ക്കുന്ന ഗുൽമോഹർപൂക്കൾ തന്റെ ചിന്താജ്വാലകളാണെന്ന് സ്മൃതിക്ക് തോന്നി .ഇന്നലെ വരെ സമത്വത്തിനുവേണ്ടി വാദിച്ച നവോത്ഥാന നായിക പക്ഷേ ഫേസ്ബുക്കിലെ പോസ്റ്റുകളും അഭിപ്രായങ്ങളും അത്രമേൽ കൈവിട്ടുപോയി.കുതിച്ചു വരുന്ന തീവണ്ടിക്ക് മുന്നിലേക്ക് പറന്നിറങ്ങാൻ അവൾ തിടുക്കപ്പെട്ടു.

രമേശൻ തന്റെ എതിരാളിയെ തിരയുകയായിരുന്നു.എത്രയോ നാളത്തെ തന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലം. താൻ കഷ്ടപ്പെട്ടുണ്ടാക്കിയ സോഫ്റ്റ്‌വെയർ ഹാക്ക് ചെയ്തെടുത്തവൻ ലൊക്കേഷനനുസരിച്ച് ഇവിടെ വരെ വന്നു.കണ്ടെത്താനായില്ല. ആത്മഹത്യ തന്നെ വഴി. പ്രശ്ന പരിഹാരത്തിന് ഒരേ വഴി തിരഞ്ഞെടുത്തവർ എത്തിയതും ഒരിടത്തു തന്നെ ആയിരുന്നു. വണ്ടി വരുന്നതു വരെ സംസാരിച്ച് ഇരിക്കാമെന്ന് രമേശനാണ്. കേൾക്കാൻ ആളില്ലാത്തതാണ് ഏറ്റവും വലിയ പ്രശ്നം എന്ന് ആരാണ് പറഞ്ഞതെന്ന് സ്മൃതി കൗതുകം പൂണ്ടു. അനന്തരം തങ്ങളുടെ പുല്ലു വിലകൊടുത്ത് പുത്തൻ ഭാവി ആശംസിച്ച് അവർ പിരിഞ്ഞു അപ്പോൾ ആ പ്രപഞ്ചത്തിന്റെ വിവിധ കോണുകളിൽ സൗഹൃദത്തിന്റെ ഗുൽമോഹർ വീണ്ടും പൂക്കുകയായിരുന്നു

# 3

യാത്രക്കാരെ സ്വാഗതം ചെയ്യാനെന്നപ്പോലെ ചുവപ്പ് പരവതാനി വിരിച്ച് ഗുൽമോഹർ മരത്തിന്റെ പൂക്കൾ പ്ലാറ്റ്ഫോമിൽ പരന്നു കിടക്കുന്നു. പൊഴിഞ്ഞ പൂക്കൾക്കിടയിൽ നിന്നും വാടി വീണൊരു പൂമൊട്ട് അവളുടെ കണ്ണുകളിൽ പതിഞ്ഞു.പതുക്കെ ആ പൂമൊട്ടിനെ അവൾ വിടർത്തിനോക്കാൻ ശ്രമിച്ചു.വിളറിയ ഇതളുകൾ അവയുടെ നൊമ്പരങ്ങൾ തന്നോട് പറയുന്നതായി അവൾക്ക് തോന്നി .പ്രകൃതി ഒരുക്കിയ ഈ മെത്ത തങ്ങൾക്ക് വേണ്ടിയായിരിക്കും എന്ന് അവൾ ഉറച്ചു വിശ്വസിച്ചു. ട്രെയിനിന്റെ ഹോണടി ശബ്ദം അവളുടെ ഹൃദയമിടിപ്പ് വർദ്ധിപ്പിച്ചു ആൾക്കൂട്ടത്തിലേക്കും മൊബൈൽ സ്ക്രീനിലേക്കും അവളുടെ കണ്ണുകൾ മാറികൊണ്ടേയിരുന്നു. തന്റെ മനസ്സ് പറയും പോലെ ആ അനൗൺസ്മെന്റ് അവൾക്ക് ഒത്തിരി സമാധാനം നൽകുന്നതായിരുന്നു 'ആ നെ കി സംഭാവനാ ഹെ'. അവൻ വരും വരാതിരിക്കില്ല.വന്നില്ലെങ്കിൽ ജീവിതത്തിന്റെ വണ്ടി എന്നെന്നേക്കും ഈ സ്റ്റേഷൻ വിട്ടു പോകും എന്ന് അവന് നന്നായറിയാം സമയം പിന്നിടുന്തോറും പ്രതീക്ഷയുടെ സൂര്യൻ അസ്തമിക്കുന്നതായി അവൾക്ക് തോന്നി. മരണത്തിന്റെ ഇരുട്ട് തന്നെ മാടി വിളിക്കുന്നുവോ? അവനില്ലാത്തൊരു ജീവിതം... അതിനെക്കാൾ നല്ലത് മരണമാണെന്ന് അവൾ ഉറപ്പിച്ചു.

ആൾക്കൂട്ടത്തിനടയിൽ നിന്നും തന്റെ പ്രതീക്ഷയുടെ കണ്ണുകളെ അവൻ പരതുന്നുണ്ടായിരുന്നു.നിരാശപൂണ്ട അവന്റെ മനസ്സിൽ പകയുടെ അഗ്നി ജ്വലിച്ചു. എന്നാലും ഈ ചതി എന്നോട് വേണ്ടില്ലായിരുന്നു... തന്റെ ജീവൻകൊണ്ട് ചതിക്ക്പകരം വീട്ടാനുറപ്പിച്ച് അവൻ ആളൊഴിഞ്ഞ പ്ലാറ്റ്ഫോമിനരികിലേക്ക് നീങ്ങി. കുതിച്ചുവരുന്ന ട്രെയിനിന്റെ ശബ്ദം അയാളുടെ കാതുകളിൽ മരണകാഹളം മുഴക്കി കണ്ണുകൾ പൂട്ടി, കാലുകൾ ചേർത്ത് വച്ച് കൈകൾ പിന്നിലേക്ക് കൂട്ടിപിടിച്ചു......എഞ്ചിന്റെ ശബ്ദം തൊട്ടടുത്തെത്തിയപ്പോൾ അവൻ എടുത്തു ചാടി......രണ്ടാം ട്രാക്കിലൂടെ ട്രെയിൻ കുതിച്ചു....തനിക്ക് പറ്റിയ അമിളിയുമായി അയാൾ തൊട്ടടുത്തുള്ള ഗുൽമോഹർ മരത്തിനരികിലേക്ക് നീങ്ങി. ചുവപ്പ് മെത്ത വിരിച്ച പുൽതകിടിയിൽനിന്നും വാടി വിളറിയ തന്റെ പൂമൊട്ടിനെ അവൻ കണ്ടു. വിരിയാനുള്ള ഇതളുകളുടെ പ്രതീക്ഷ അപ്പോഴും പൂമൊട്ടിൽ ബാക്കിയുണ്ടായിരുന്നു.



فاطمة ارشانة
10D

# فَرِيسَةُ الفَيْضَانَات

صَبَاحٍ هَادئ جَمِيل اِسْتَيْقَظَ محمد منَ
النَّوْمِ . مَشَى نَحْوَ النَّافِذة وَنَظَرَ الى الخَارِجِ طَلَعَتْ الشَّمْسُ في افْقِ السّمَاءفَانْتَشَرَتْ اشعَتَهُ الْعَسْجَدِيَّة .
عَلي نَحْرِ الْاَرْضِ. فَقَالَ فِي نَفْسِهِ: مَا اَجْمَلَ هَذِه الْمَنَاظِر
وَذَكَرَ عَنْ اُسْرَتِه. وَعَادَ بِهِ الذَّاكرَة الي ايّامِ طُفُولَتِه .
مَا اَحْلي تِلْكَ الْاَيَّام السَّعِيدَة! كُنْتُ اَعيشُ معَ اُمّي
وَاَبي وَاُخْتي مَعَ الْفَرَح والسّرور.لكِنْ تغَيّرَ الْحَال بِسُرْعَة!
هبّت الرِّيحُ اَقْلَعت الاشجَار. فَاض النّهْروَالبِئرُ ملئ الْمَاء كُلَّ مَكَان. فَغَرِقَ اُمّي اَبي وَاُخْتى في الْمَاء, انْقَذَني بَعْضُ الشّبّان.
لكِن بَعْدَ الْفَيضَان رَجَعَ محمد الي بَيْتِه لَمْ يري اَحَدٌ.
رَقَّ قَلْبُهُ بِالْحُزْنِ فَبَكي بُكَاءًا شَدِيدًا .جَاءَ الْجِيرَانُ وَقَالُوا:لاتَحْزَنْ نَحْنُ مَعَكَ لكنْ لَمْ يَلْفَظْ شَيْئًا
مَشَي محمد نَحْوَ الْبَحْرِ فَخُيِّلَ اِلَيْهِ اَنَّ الامْوَاجَ مدّتْ يَدَيْهَا .الَيْه ومَشَي مُحَمّد نَحْوَ الامْواج وَمَشَي ثُمَّ مَشَي



2018 – 19 സംസ്ഥാന കലോത്സവം.
ഹിന്ദി കഥാരചന എ ഗ്രേഡ്



# बचपन की यादों में...

“
दस साल के पहले का एक बरसाती दिन। तब वह पांचवीं में पढती थी। वह स्कूल जाने की तैयारी में थी। नाद्दते के लिये रसो. ई तक आयी। अचानक वह रुक गयी। माँ की आवाज सुन रही है। लेकिन माँ किससे बातें करती है? घर में हम दोनों अकेला है न? उसने सोचा। वह माँ के पास गया और पूछा...'' आप किससे बातें कर रही है माँ ?'
”

बरसात का समय था। नीले आसमान काले बादलों से भरे थे। सूरज इन बादलों के पीछे छिपा था। बिजली चमक रही थी। बादलों से पानी की छोटी छोटी बूँदें मोती जैसे धरती में पड़ा। बरसात ष्ुरू हो गया। बारिद्दा के साथ ठंडी हवा भी बह रही थी। हवा ने नई मिट्टी का गंधवातावरण में फैला दिया।घर में वह अकेली थी। वह उस छोटे घर के सबसे छोटी खिड़कियों से बारिद्दा का मनोरंजक ६य देख रही थी। धीरे धीरे वह अपनी बचपन की यादों में लीन हो गयी। बारिद्दा के जैसे उसकी आँखों से आँसू बहने लगी।

जब वह अपने बचपन के बारे में सोचती थी तब सदा उसकी आँखें भर जाती थी। क्योंकि उसके बचपन की यादें खिलौने , नटखटें या खुद्दियों से भरी नहीं, हताद्दा और दुख से भरी थी। धीरे धीरे उसके मन में एक चेहरा आया और जब वह उस चेहरे को समझ पाया, तब उसकी होंठों ने ऐसा मंत्रण किया.,, .'' मेरे पापा...'' उसका मन पापा की यादों से भर गया और उस दिन की यादें उसके पास आया जिसे अपनी पूरी जिंदगी में कभी न भूलें ?

दस साल के पहले का एक बरसाती दिन। तब वह पांचवीं में पढती थी। वह स्कूल जाने की तैयारी में थी। नाद्दते के लिये रसोई तक आयी। अचानक वह रुक गयी। माँ की आवाज सुन रही है। लेकिन माँ किससे बातें करती है? घर में हम दोनों अकेला है न? उसने सोचा। वह माँ के पास गया और पूछा...'' आप किससे बातें कर रही है माँ ?'' ''मैं तेरे पापा को नाद्दता के लिए बुला रही हुँ।'' माँ ने कहा।'' लेकिन पापा यहाँ नही है माँ ''। उसकी बात सुनकर माँ ने मुस्कराया और हाथ सिर पर लगाकर उससे कहा..''हाँ मीनू, मैं वह भूल गयी।''

''माँ सदा ऐसी ही थी '' उसने माँ बाप के प्यार के बारे में और परिवार में भरी खुद्दी के बारे में सोचने लगी। माँ सदा ऐसी ही थी, वह सदा पापा से बातें करते ही रहती थी। लेकिन नहीं सोचती थी कि माँ की बातें सुनने के लिए पापा उसके पास है या नहीं। उस दिन पापा घर में नहीं था। वह काम संबंध



ी बातों के लिए दिल्ली गया था। लेकिन माँ वह सब भूल गयी। क्योंकि माँ सदा पापा के साथ ही रहना चाहती थी। पापा को भी माँ से दूर रहना कुछ मुद्दिकल था। मैंने नाद्दता कर स्कूल के लिए निकला। जब दरवाजे तक पहुँची तब याद आया कि कुछ भूल गया है। मैंने माँ के पास लौट आयी और पूछा. . ''पापा कब आयेगा माँ ?'' ''कल आएगा बेटी।'' माँ ने कहा। माँ से ऐसे पूछने का एक कारण था कि दूसरे दिन माँ का जन्मदिन था। माँ का जन्मदिन हमारे घर का त्यौह. ार था। मेरा जन्मदिन भी इतनी धूमधाम से कभी नहीं मनाया है। जब मैं यह पापा से कहते तो उन्होंने कहा कि हमारे घर और परिवार के सभी खुद्दियों का कारण माँ ही है। इसलिए जैसे माँ हमें आनंद देते है वैसे हम भी माँ का जन्मदिन अच्छी तरह मना कर उन्हें खुद्दाबनाना है।

स्कूल में पहली घंटी थी। अध्यापिका ने नया पाठ सिखा रहा था। उस समय स्कूल के चपरासी ने कक्षा की दरवाजे तक आया और अध्यापिका को बुलाया। उन दा. ेनों के बीच की थोड़ी देर की बातचीत के बाद अध्यापिका ने मुझे बुलाया और कहा कि हम घर जाना है। मैंने पूछा.. ''क्यों?''ले. किन मुझे कोई जवाब नहीं दिया। हम घर पहुँचे। मैंने टीचर के हाथ पकड़ कर घर के दरवाजे की ओर चला। आद्दचर्य की बात यह था कि घर के बाहर बहुत सारे लोग खडे हुए थे और घर के अंदर भी। सबकी आँखें मेरी ओर थी। लेकिन मुझे नहीं समझ पाया कि उन ृिट में क्या है? अंदर पहुंचते ही मैंने देखा कि मेरे पापा जमीन पर पडा था। मैंने सोचा कि वह सो रहे है। माँ पापा के पास ही बैठी थी। पापा के प्ुारीर में एक सफेद आवरण था। उसके पैर के दोनों ऊँगलियों और सिर भी बाँधी थी। मेरी समझ में कुछ भी नहीं आयी। मैंने सोचा कि यदि पापा सो हे है तो माँ क्यों ोती है? मुझे देखते ही माँ अपनी क ंपती होंठ मेरी ललाट पर दबाया और पापा की ओर मुड़कर कहा..'' देखो हमारी बेटी आयी है आँखें खोलो और देखो अपने परिवार को। आपने क्या कहा था जी ? आपको याद है न? लेकिन मुझे याद है। आपने कहा था कि आप सदा हमारे साथ ही रहेगा। हमें कभी अकेले नहीं बना देंगे। लेकिन अब क्या हुआ?'' माँ ने जोर से रो रही थी। यह सब सुनकर मैं भी रोने लगी। माँ ने अपनी क पती हाथों से मेरा हाथ पकड़ा और कहा.. ''तू क्यों रोते है? तेरे साथ तेरी माँ है न? माँ सदा तेरे साथ ही रहेगी बेटी। मैं तुझे कभी अकेली नहीं बना दूँगी। तू अकेली नहीं है। लेकिन मैं... मैं.. बिलकुल अकेली हूँ।''

उस दिन के बाद माँ के होंठो में एक मुस्कुराहट कभी नहीं देखा है। पापा सदा कहते थे कि माँ एक दीप है जो हमारे घर में प्रकाद्दा फैलाती है। लेकिन अब मुझे मालूम हुआ कि वह दीप जलाने वाला ''पापा '' ही था। जब पापा चल गया तब वह दीप भी बुझ गया। हमारे सब खुद्दी न८ट हो गये। हम अकेले बन गये। ऐसे मेरे सुंदर तथा खुद्दियों से भरी बचपन एक सपना बन गया।



സഫിയ.പി. എ
എച്ച്.എസ്.ടി മലയാളം

# ചിതറിത്തെറിച്ച ചിത്രങ്ങൾ

കനത്ത വേനലിനൊപ്പം പരീക്ഷയുമെത്തിയപ്പോഴാണ് ജോയൽ കാലിൽ പ്ലാസ്റ്ററിട്ട് കിടപ്പിലായത്.

ഇത്തിരി കുരുത്തക്കേടുകളൊക്കെ ഒപ്പിക്കുമെങ്കിലും അവന്റെ നിഷ്കളങ്കമായ ടീച്ചറേ വിളി എനിക്കിഷ്ടമായിരുന്നു.

തിരക്കുകൾക്കിടയിൽ അവന്റെ വീട്ടിലേക്കുള്ള യാത്രയങ്ങനെ നീണ്ടുപോയി.

കുട്ടിക്കാലത്ത് ഞാൻ നടന്നു തീർത്ത വഴികൾക്കരികിലാണ് അവന്റെ വീടെന്നറിഞ്ഞപ്പോൾ ആഗ്രഹം പിന്നെയും മനസിലേക്കെത്തി.

മല കയറുമ്പോൾ മരത്തണലും ഇളം കാറ്റും കൂട്ടിനുണ്ടായിരുന്നെങ്കിലും കൂടെയുള്ളവർ ക്ഷീണിച്ചു. നടത്തമെന്നേ മറന്നതാണെങ്കിലും എനിക്ക് തളർച്ചയൊന്നും തോന്നിയില്ല

മലമുകളിൽ അവന്റെ കൊച്ചു വീട്. മുറ്റത്ത് ഞങ്ങളെ കാത്തു നിൽക്കുന്ന അമ്മ നിറചിരിയുമായി അവനും.

മലനിരകൾ വേലി തീർത്തതിനരികിൽ കണ്ണീരുണങ്ങിയ പാടുപോലെ ചേലൂപ്പാറ ദുരമൂത്ത മനുഷ്യർ എല്ലാം കവർന്നെടുത്തതിന്റെ സങ്കടമാകും.

പാറക്കെട്ടുകൾക്കരികിലുള്ള വഴിയിലൂടെയാണ് ഞാൻ വീട്ടിലേക്ക് നടന്നിരുന്നത്. മഴക്കാലമായാൽ ഒഴുകിയെത്തുന്ന നീർചാലുകൾ ഇത്തിരി മണ്ണിൽ മുളച്ചു നിൽക്കുന്ന പേരറിയാചെടികൾ. ഓണക്കാലമായാൽ പൂക്കളാൽ വർണഭംഗികൾ തീർത്ത് ഞങ്ങളെ കാത്തു നിൽക്കും. ഇലക്കുമ്പിളിൽ പൂക്കൾ നിറച്ച സന്ധ്യകൾ.

മലഞ്ചെരുവിനപ്പുറത്താണ് സാലിയുടെ വീട് അമ്മയോടൊപ്പം അവളെന്നും എന്നെ കാത്തു നിന്നു.

മഷിത്തണ്ട് പറിക്കാനും മഞ്ചാടിക്കുരു പെറുക്കാനും ഒപ്പം കൂടി. മാഷാണ് പറഞ്ഞത്

അവസാനമായി അവളെ കാണാൻ പോകുമ്പോൾ പൂക്കൾ കരുതണമെന്ന് .

വെള്ളപുതച്ച് കിടന്ന അവളുടെ മുഖത്ത് നോക്കാതെ

അവളെയുണർത്താതെ എന്റെ നീല കോളാമ്പി പൂക്കൾ ഞാനവളുടെ കാൽക്കൽ വെച്ചു.

തിരിച്ചു നടക്കുമ്പോൾ കൂട്ടുകാരിലാരോ പറഞ്ഞു പാമ്പുകടിയേറ്റ് മരിച്ചാൽ മേലാകെ നീല നിറമാകുമെന്ന് .

ഒരിക്കലും ചിരിക്കാത്ത അവളുടെ മുഖം നീലയാണോ എന്നു ഞാൻ നോക്കിയില്ല.

പൂക്കളെ അവളി ത്രമേൽ സ്നേഹിച്ചിരുന്നോ എന്നെനിക്കറിയില്ല.
ഇപ്പോൾ ഞാനറിയുന്നുണ്ട്

ഒട്ടിയ വയറും ശൂന്യമായ ഉച്ചകളും അവളെയെന്താണ് മോഹിപ്പിച്ചതെന്ന് .

ചേട്ടായി മരിച്ചപ്പോൾ ഇഷ്ടമുള്ളവരെ ദൈവം ആദ്യം കൊണ്ടു പോകുമെന്ന വൾ ആശ്വസിച്ചു.

അവളെയും ദൈവത്തിനൊരുപാട് ഇഷ്ടമായിക്കണം. ദൈന്യത മുറ്റിയ അമ്മയെ പിന്നീടു ഞാൻ കണ്ടതേയില്ല.

മദ്യപിച്ചെത്തുന്ന അച്ഛനെ പേടിച്ച് കുറ്റിച്ചെടികൾക്കിടയിൽ ഒളിച്ചിരിക്കുമ്പോൾ അമ്മയ്ക്ക് കൂട്ടി നാരെന്ന കുഞ്ഞു മനസിന്റെ ചിന്തകൾ പിന്നീടെപ്പോഴോ ഓർമകൾക്കുമേൽ ഞാനൊരു കറുത്ത കരിമ്പടം പുതച്ചു.

ഒരു വിങ്ങലായ് അവളെന്റെ മനസിലേക്കെത്തുന്നതിനു മുമ്പ് ഞാൻ തിടുക്കപ്പെട്ട് താഴേക്കിറങ്ങി.
അപ്പോൾ

എന്റെ മനസിൽ കുറേ നീല കോളാമ്പി പൂക്കളല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല ....

1956–57 അധ്യയന വർഷത്തെ പതിപ്പിൽ നിന്ന് വിദ്യാലയത്തിന്റെ പൂർവ്വ
കാല സാക്ഷ്യമായി നിലകൊള്ളുന്ന രചനകളിലേയ്ക്ക്...

ചെറുകഥ.

# എങ്ങോട്ട്?

(എൻ. വി. ലളിത.)

[illegible]

[illegible]

"കൊണ്ടൊന്നോളാം......"

"നാ ഇപ്പ് ഇപ്പാ പോണ്ടോ......!"

വേലു താണുതൊഴിതിട്ട് നിറഞ്ഞ കണ്ണുകളോടെ തിരിഞ്ഞുനടന്നു. ഇനി ഒത്തൊരുത്ത് അകത്തേയ്ക്കും കടന്നു.

* * *

കൊല്ലങ്ങൾ പതിമൂന്നെണ്ണം പറന്നുപോയി. ജന്മി കുഞ്ഞമ്മൻ പരലോകപ്രാപ്തനായി. ഇപ്പോഴത്തെ മകൻ ശങ്കരമേനോനാണ് ജന്മി. അദ്ദേഹം വലിയ പ്രതാപിയാണ്. വലിയൊരു ഉദ്യോഗസ്ഥനാണ്. അദ്ദേഹം പഴയ കുടിയാന്മാരെയെല്ലാം ഒഴിപ്പിച്ചു. പണമുള്ളവരെന്നും വെള്ളാമയല്ലാ പേരെടുത്ത പോലീസുകാരെല്ലാം അദ്ദേഹത്തിന്റെ മേൽപ്പടിയിലും. വേലുമാത്രം അങ്ങിനെ ഒഴിയാതെ കൂടീട്ടുണ്ട്. വേലുവും മാളുവും ഇന്ന് വൃദ്ധരാണ്. മക്കളെ പുല്ലുവിറ്റതു മൊട്ടപ്പുറമൊന്നുമല്ല അതിപ്പോഴും. ഒരു തൂക്കം വലുതായി പച്ചക്കറികളുമൊന്ന് വാഴയുണ്ടന്നു കണ്ടാൽ കണ്ണ് കുളിർക്കാതിരിക്കയില്ല. വാഴയും മാവും പ്ലാവുമെല്ലാം ധാരാളമുണ്ട്. പച്ചക്കറികളും വേണ്ടതുണ്ട്. ആ പറമ്പാകെ ഒന്നു നോക്കിപ്പോവും. നാലു കൂലിപ്പണിയെടുത്ത് അന്തിയാവുമ്പോഴേക്കും അരിയും സാമാനങ്ങളും കൊണ്ടുവരും. ഇങ്ങനെയൊക്കെ സുഖമായി കഴിയുകയാണവർ. ആ പറമ്പിലെല്ലാം അഭിമാനപൂർവ്വം നോക്കിക്കൊണ്ട് വേലു പറയാറുണ്ട്: "പണ്ട് ഇപ്പറമ്പ് അപ്പടി പുല്ലും തൊട്ടാവാടിയുമൊക്കെ നിറഞ്ഞ് കാടുകെട്ടിക്കിടന്നിരുന്നു. ഒരൊറ്റ ഗതികെട്ട ഇതു നന്നാക്കാൻ! ഈ പറമ്പിന്, ഒരു വക്കീലില്ലാന്നാ എല്ലാരും പറഞ്ഞതു! ഇപ്പളോ? പണ്ട് കാരണോന്മാര് പറഞ്ഞിട്ടില്ലേ," പണിയ്ക്ക് അനുസരിച്ചുള്ളതേ കിട്ടുള്ളൂന്ന്!"

പ്രഭാതം—ചെങ്കതിരോൻ പൂർവ്വദിക്കിൽ വന്നെത്തിനോക്കുകയാണ്. അപ്പോഴേക്കും ജന്മിയുടെ കാര്യസ്ഥൻ കുട്ടൻനായർ വേലുവിന്റെ വീട്ടിലെത്തി. വേലു അയാളെ സബഹുമാനം ഉപചരിച്ചു. രണ്ട് കരിക്ക് വെട്ടിക്കൊണ്ടുവന്നുകൊടുത്തു. കാര്യസ്ഥൻ ക്ഷീണം തീർത്തുകൊണ്ടു പറഞ്ഞു: "വേലപ്പാ, നിന്നോട് ഏജമാനൻ അടിയന്തിരം ഒന്നു ചെല്ലാൻ പറഞ്ഞിട്ടുണ്ട്" എന്നിട്ട് പറമ്പെല്ലാം മൊത്തംഒന്നുനോക്കി. ഉം, ചില്ലറയല്ല് എന്ന് മനസ്സിൽ കരുതുകയും ചെയ്തു.

"എന്താ കാര്യം അങ്ങേര് ഇപ്പത്തന്നെ ചെല്ലണോ?"

"ഇപ്പത്തന്നെ വരണോന്നു. കൂടെക്കൊണ്ടുവരാനാ പറഞ്ഞത്. എന്താ കാര്യം'ന്ന് അറിയില്ല."

"ഇതാ വര്ണ്. തമ്പ്രാൻ. നടന്നോളൂ."

"അല്ല, ഞാൻ നടക്കട്ടെ."

കാര്യസ്ഥൻ പോയശേഷം "നാഞ്ഞാൻ പ്പോ വരാ" എന്ന് മാളുവിനോട് പറഞ്ഞു അവൻ ഇറങ്ങി നടന്നു. അവിടെ എത്തിയപ്പോഴേക്കും ശങ്കരമേനോൻ പൂമുഖസാലയിൽ കിടന്ന് പത്രം വായിക്കുകയായിരുന്നു. അദ്ദേഹം വേലുവിനോടായി പറഞ്ഞു:

"എന്താ വേലപ്പാ!"

"തമ്പ്രാൻ വരാൻ പറഞ്ഞൂന്ന് കുട്ടൻതമ്പ്രാൻ പറഞ്ഞു."

"ആ! ശരി. പിന്നെ നിന്നോടൊന്ന് പറയാനുണ്ട്. നീയാ പറമ്പങ്ങട്ട് ഒഴിഞ്ഞേക്കൂ. അതു കാര്യസ്ഥന്ന് പാട്ടത്തിന് വേണം'ന്ന് പറഞ്ഞു. ഞാനങ്ങട്ട് കൊടുക്കാമെന്നു."

"അടിയൻ......" അവന് തലകറങ്ങി; കണ്ണുകളിൽ ഇരുട്ട് കയറി; തൊണ്ടവരണ്ടു, പാവം!

"ഇനിയൊന്നും പറയണ്ട. നീയത് ഒഴിഞ്ഞേക്കൂ, അതാ നല്ലത്."

അദ്ദേഹം എഴുന്നേറ്റ് അകത്തേക്കുപോയി. വേലു കുറച്ചുനേരം നിന്നു. എന്നിട്ടവൻ കണ്ണു തുടച്ചുകൊണ്ടു നടന്നു. അവൻ മരവിച്ചിരുന്നു. സ്വന്തം വീട്ടിന്റെ പടിക്കലെത്തിയപ്പോഴും അവനൊരു നാഴിക സംശയിച്ചുനിന്നു. ആ പറമ്പിന്റെ നേരെ നോക്കി നിറഞ്ഞ കണ്ണുമായി നിന്നു. വീണ്ടും അവൻ നടന്നു തുടങ്ങി. ഇനി എങ്ങോട്ട്?......



മാളവിക
പ്ലസ്ടു



# ഇനി

കൂടുപൊളിക്കുക,
പക്ഷിയാവുക.
അതിരുകളില്ലാത്ത
അനന്തവിഹായസ്സിലേക്ക്
ചിറകു വീശി പറക്കുക.
തെറ്റു ചെയ്തവന്റെ
കുമ്പസാരക്കൂട്ടിലെ
സാക്ഷിയാവാതിരിക്കുക.
വിശ്വാസങ്ങളുടെ
പൊളിഞ്ഞ
മതിൽക്കെട്ടുകൾ താണ്ടി
യാത്രയാവാതിരിക്കുക.
പടവുകളില്ലാത്ത
ഉയരങ്ങളിലേക്ക്
ചവിട്ടിക്കയറാതിരിക്കുക.
വ്യഥകളിൽ ,
ഏകാന്തതയുടെ
തുരുത്തിൽ നിന്നും
കൈ നീട്ടാതിരിക്കുക .
അഭിനയത്തിന്റെ
വേഷപകർച്ചയിൽ
അരങ്ങു തകർക്കുന്ന
നിഴലുകളെ ഭയക്കുക .
ഇന്നലെകൾ മറന്നവന്റെ
വഴികളിൽ
പ്രതിബന്ധമാവാതിരിക്കുക
ഇനി,
നീട്ടുന്ന വിരലുകളിൽ
മുറുകെ പിടിക്കാൻ
സ്വപ്നങ്ങളെ കൂട്ടു തേടുക
നൊമ്പരങ്ങളിറക്കി
പച്ചപ്പിന്റെ
അഭയം തേടുക.
ഒടുവിൽ,
നീറിയെരിയാതെ
പ്രതീക്ഷകളുടെ
ചക്രവാളത്തിലേക്ക്
ചിറകു വീശി പറക്കുക





സത്യഭാമ. എൻ
എച്ച്.എസ്.ടി. മലയാളം

# കാലമേ ശാന്തി.

കാലമേ നിന്നെ ഞാനറിയുന്നു
കടലിന്നഗാധതയാണു
കാണാത്ത വാനപ്പരപ്പാണ്.
കാടിന്നന്തര നിഗൂഢതയാണ്
കാലമേ നിന്നെയറിയുന്നു.
എവിടെയും കാണുന്നില്ല.
എങ്ങനെ തിരഞ്ഞാലും
എവിടെ മറയുന്നു?
എപ്പോഴൊതുങ്ങുന്നു നീ എൻ കരങ്ങളിൽ?
കാലമേ ഞാനറിയുന്നു.
പാളത്തിലോടും വണ്ടിയോ?
പാളം മുറിച്ചുനീങ്ങും പാതയോ?
പട നിരക്കും പത്മവ്യൂഹമോ?
പാപത്തിൻ പാതാളമോ?
കാലമേ നിന്നെ ഞാനറിയും.
എവിടെ തിരയണം എവിടെ കാക്കണം
എവിടെ തളയ്ക്കണം നിന്നെ.
എങ്ങും തളർത്തുന്നു നീയെന്നെ.
തിരയെ വെല്ലുന്ന തീരം!
തീയെരിയും ഹോമകുണ്ഡം!
തിരിഞ്ഞു കറങ്ങും പമ്പരം!
തൊടുത്തുവിടും കൂരമ്പ്!
എവിടെ ഭ്രാന്തമായ് നീ അലയുന്നു?
എവിടെ പതുങ്ങിയൊളിക്കുന്നു?
എങ്ങനെ നിന്നെ കാണാൻ?
എന്നിലെയെന്നെ നീ
വല്ലാതെ തളർത്തുന്നു.
കാലമേ ഞാൻ നിന്നെ അറിയുന്നു.
കരിമ്പാറയുരുക്കിപ്പൊടിക്കും
കോടമഞ്ഞു കോട്ട തീർക്കും
കാടത്തത്തിൻ വൻ കാറ്റു വീശും
കാൽക്കീഴിൽ പ്രളയം വിതയ്ക്കും
കാലമേ നിന്നെ ഞാനറിന്നു.
നീ ഭൂതം, ഭാവി, വർത്തമാനവും
തളരാത്ത നിന്റെ യൗവനം
തളർത്തിടുന്നു എൻ ചിന്തയെ
നീ നിദ്രയിലെ സ്വപ്നം.
നീ നിശാന്ധകാരം.
നീ ചിന്തതൻ സ്പന്ദനം.
നീ ചിത്തത്തിൻ ദൗർബല്യം
നീ നീയെന്തു മാകട്ടെ,
നീയെന്തുമാകട്ടെ.
എനിയ്ക്കൊന്നുമില്ല
ഞാൻ ഞാൻ തന്നെ.
നിനക്കെന്നും ശാന്തി!
നിനക്കെന്നും ശാന്തി!



അനഘ എ വി
10എ

# നമിക്കുന്നു ഞാൻ



ഞാനാദ്യമായന്നു കൺതുറന്നപ്പോൾ
ചിരിതൂകിയമ്മയെൻ മുഖത്ത് നോക്കി
ആ നോട്ടത്തിൽ  ഞാനനുഭവിച്ചു
പ്രതീക്ഷയാം അലകളുടെ ആർത്തിരമ്പൽ
നിഴലാം ആ സ്നേഹത്തണലിൽ
പിച്ചവെച്ചു ഞാനെത്തിടുമ്പോൾ
ഇരുകരങ്ങൾ നീട്ടിയാണെന്നമ്മ
എൻ കരങ്ങൾക്ക് താങ്ങായടുത്തത്
ഞാനിരുന്നതും നിന്നതും ഓടിക്കളിച്ചതും
ആ തരുവിൻ തണുപ്പിലാണെന്നുമേ
എൻ കളിക്കൊഞ്ചലിൻ
നാദം ശ്രവിച്ചതും
കളിയായ് നുറുങ്ങുകഥകൾ പറഞ്ഞതും
സന്ധ്യക്ക്  നാമം ജപിച്ചിടും നേരമെൻ
കൂപ്പുകൈമൊട്ടിന്നു ചാരത്തിരുന്നതും
വിദ്യാലയത്തിലേക്കോടിയടുത്തപ്പോൾ
കാലിടറും നേരം കോരിയെടുത്തതും
കളിയായയാചൂരലിൻ തുമ്പു കാണിച്ചിട്ടെൻ
വികൃതിത്തരങ്ങളെ നുള്ളിക്കളഞ്ഞതും
പുസ്തകച്ചങ്ങാതിമാരുടെ ലോകത്തി–
ലെന്നെയെത്തിച്ചതും കൂടെനടന്നതും
അമ്മയാണെന്നും പുലർകാലനേരം
കണിക്കൊന്നയായെൻ
കണിയായ് വരുന്നതും
ഇരവിൻ നിശ്ശബ്ദതയെയൂട്ടി
ഉറക്കത്തിന്നരികിൽ
താരാട്ടുമായി വരുന്നതും
അറിയില്ല സർവ്വംസഹയാമീ അമ്മയെ–
ന്നലിവിൻ നിറകുടമായ സൃഷ്ടി. ....
നമിക്കുന്നു  ഞാനെന്നും കാലമേ നിൻ മുന്നിലീ–
മഹത്ഥാനിയാം
സൃഷ്ടി തന്നാൽ. ...





स्नेहा.के
10.I

# टूटा हुआ दिल

दिल की अमानत हुँ मैं
पर दिल कभी नहीं मानती।
सपना मैं देखती हूँ, पर
कुछ भी सच नहीं होती।
अब तो वह सपना सच
नहीं होता , क्योंकि
वह क्भी भी मैं ने
अनुभव किया ही नहीं।
मुश्किल था जो मैं ने
सुना , सफर बड़ा।
यकीन तो नहीं रखती कोई ,
वह भी नहीं , मेरे लिए बना है।
मैं अपनी अमानत से
कहती हुँ भूल जा उसे
और आने वाले पल
को मनाएँ।
मेरी रास्ता तो अलग है ,
चलते चलते क्या हम
खो जाए , मैं फिर भी
चाहूँगी मेरा सपना जीते' ६
मैं अकेली हुँ , कोई
सुनता नहीं मेरी आवाज ।
मैं रोती हुँ , पर नहीं सुनता
वह , जिसके लिए मैं रोती हूँ।

तोड़ दूँगी मैं सभी हताशा
को
बनाऊँगी नयी पल को
नदियों की तरह
बादलों की तरह।
आज मैं कुछ नहीं हूँ
कल भी शायद मैं कुछ नहीं होगी।
पर , एक दिन तो होगा मेरे लिए
अपनी जीत का एक दिन।
अब तो मैं दिखाऊँगी मैं कौनहुँ




ഫാത്തിമ ഹർഷ K.P
7 E

# പ്രളയം

മാനവരാശികണ്ട വലിയ ദുരന്തം
റോഡ് പുഴയായി ഒഴുകി
മനുഷ്യർക്കൈകോർത്ത നിമിഷങ്ങൾ
ആ ജലത്തിൽ കുറെ സാധുക്കൾ ഒഴുകിപ്പോയി
മരണം അടുക്കുന്നു
ജാതിയുടേയും മതത്തിന്റെയും
വലിയ മതിൽ ഇടിഞ്ഞു വീണ്
അവിടെ അതിലും വലിയ
സ്നേഹത്തിന്റെ മതിൽ കെട്ടിത്തീർത്തു
മനുഷ്യർ പ്രളയത്തെ തോൽപ്പിച്ച്
പോരാടി, നമ്മൾ ജയിച്ചു.
നമ്മൾ ജയിച്ചു.







ആദിത്യ .കെ .
7 E

# സുപ്രഭാതം

ഇരുട്ടിന്റെ മഹാവലയം മാറി
സൂര്യൻ കിഴക്ക് ഉദിച്ചു.
സുപ്രഭാതത്തെ ഭൂമി ക്ഷണിച്ചു
ജീവജാലങ്ങൾ ഉണർന്നു.
വലിയ പുഞ്ചിരിയെ ഭൂമി വാങ്ങി
പുഞ്ചിരിച്ച് പൂക്കൾ വിരിഞ്ഞു
സൂര്യന്റെ പുഞ്ചിരി ഭൂമി വാങ്ങി



നിയനായർ
7 A

# സ്നേഹിതൻ

നിന്റെ സ്നേഹത്തിന്റെ പിടഞ്ഞ
പ്രകാശ വളയമായിമാറി ഞാൻ
അറിയാം നീയെന്ന സ്നേഹപക്ഷി
എന്നിലെ ചില്ലയിൽ കൂട് കൂട്ടിയത്
നീ എന്റെ ജീവസ്പന്ദനം
ആത്മാനുരാഗത്തിനു മയിൽപ്പീലികൾ
എന്റെ മിഴിപ്പൂക്കൾ
വിടരുന്ന മോഹമലരുകൾ
സർവം നിനക്കു വേണ്ടി മാത്രം
മോഹങ്ങൾ വീണുടയാത്ത
നിൻ സ്നേഹവും എന്നും
എനിക്കു മാത്രം നിറഞ്ഞു നിൽക്കുമോ?
അലകൾ കടന്ന് നീ അടുത്തപ്പോൾ
സൂര്യകിരണങ്ങൾ തിളങ്ങിയപ്പോൾ
നിന്നോട് ഞാൻ ഓർമകളിൽ
എൻ വാക്കുകൾ മന്ത്രിച്ചിരിക്കാം.





അൻഷിക ബാബു. യു
7 E





# പ്രണയം

ഇരു ദൃഷ്ടികൾ കണ്ടുമുട്ടിയപ്പോൾ
ഹൃദയം നിശ്ചലമായി
മരണമെന്ന് കരുതി ഞാൻ
എന്നാൽ,
അത് പ്രണയമായിരുന്നു.

# താളുകൾ

ജീവിത പുസ്തകത്താളുകളിൽ
കറ പുരണ്ടിരുന്നു
മുകളിൽ കുത്തി വരച്ചുവെങ്കിലും
അതിനു താഴെ,
നിശ്ചലമായ്
അത് മായാതെ കിടക്കുന്നു...

# ബന്ധങ്ങൾ

വികാരങ്ങൾ കടലാസ്സിലാക്കുവാൻ
കഴിയുമായിരുന്നെങ്കിൽ
മനുഷ്യൻ ബന്ധങ്ങൾ എന്നേ
മറന്നു പോകുമായിരുന്നു...

# ജീവന്റെ അവശേഷിപ്പ്

ഓർമ്മയുടെ നോക്കെത്താക്കോണിൽ,
മറവി തൻ മഷിക്കറ പറ്റിയിരിക്കുന്നു...
ബാല്യം ഒന്നും പറയാതെ
എന്നിൽ നിന്നകന്നുപോയ്...
കൗമാരം ഏതോ പ്രതികാരത്തിനായ്
സ്വയം എരിഞ്ഞമർന്നു...
യൗവനം നഷ്ടപ്രണയത്തിൻ
തിരകളിൽ ഒഴുകിപ്പോയി...
ഇനി അവശേഷിക്കുന്നത്
വാർധക്യത്തിൻ രണ്ടിതളുകൾ മാത്രം...
അവയിനി കാലചക്രത്തിൻ പ്രഹരത്താൽ
കൊഴിഞ്ഞു പോയേക്കാം.....



മായ.വി.എ

# ദുരിത മഴയിലൂടെ

മലയാള മണ്ണിനു പ്രളയമാം ഈ മഴ
കേരള ജനതയെ നടുക്കുമീ മഴ
കാലന്റെ മുഖമുള്ള ഈ മഴ
കേരള ജനതയുടെ ഹൃദയം
തകർത്താടിയ ഈ മഴ
ആയിരം ജനതയുടെ സർവ്വതും
സ്വപ്നവും കുതിർന്നൊഴുകും
മനുഷ്യൻ തൻ കണ്ണുനീർ
പ്രളയത്തിലങ്ങൊലിച്ചുപോയി
പൊയ്പ്പോയതെല്ലാം തിരിച്ചു നേടാനായി
നാം ഇനി ഒന്നായി പ്രവർത്തിക്കാം
പ്രകൃതിയെ സ്നേഹിച്ച്
പുതിയൊരു കേരളത്തെ
നമുക്ക്പടുത്തുയർത്താം
ഒന്നായ് കരുത്തേകാം
അതിജീവനത്തിനുള്ള ശാശ്വത
ശാന്തി നേടാം...





Anooja.P
10 I

# Don't Shut Your self

Hey please don't be sad
'cause you lost your dad
Please don't keep mum
'cause you lost your mam
Don't Shut your self in the home
'cause there is some one to come
Don't Shut your self before them
The Angeles have come down to the earth
To provide you a new fresh breath
Please don't flee them out away
As there is no other way
The life has got its warriors of hope
Put them down in the fear of loss !nope!
Life may sometimes knock you down,
May be it wasn't your turn of crown
"cause He is always there to come
Don't Shut your self before him....







നാജിയ ബാനു. സി.ടി
9A

# പ്രിയസഖീ .....

സ്നേഹമാണു നിൻ നാമം
സംസ്കാരമാണു നിൻ ആയുധം
ഓർമ്മകൾ അയവിറക്കുന്ന നേരം
ഓർത്തിടുന്നു ഞാനാ പോയ കാലം
നിൻ സാമീപ്യമെന്നിൽ സന്തോഷമേകി
നിൻ സംസാരമെന്നിൽ ആശ്വാസമേകി
നിൻവാക്കുകൾ എൻ ദു:ഖത്തിന്
പുഞ്ചിരി തൻ സാന്ത്വനമേകി....
മൂന്നാണ്ടു നീയെൻ കൂടെ നടന്ന്
മുപ്പതാണ്ടിന്റെ സ്നേഹം പകർന്നുവോ?
കാലമീ ജൻമത്തിൻമാറ്റം പകർന്നിട്ടും
ഓർമ്മയിൽ നീ മാത്രം മായാതെ നിൽക്കുന്നു
പ്രിയസഖീ...ഞാൻ കാത്തിരിക്കും
നീയെന്നരികത്തണയും നിമിഷത്തെ
ആ നേരം ഞാൻ വീണ്ടും കുഞ്ഞായി മാറിടും
പോയ കാലമെന്നിൽ തിരികെയണഞ്ഞിടും
നമ്മൾ തൻ സൗഹൃദപ്പൂവിലോ ഞാൻ വീണ്ടും
വണ്ടായ് പറന്നിടും, മധുരം നുകർന്നിടും







▮പ്രജീഷ.സി
എസ്.2 എ

# കവിതകൾ ജനിക്കുമിടം

കവിതകൾ ജനിക്കുമിടം തീച്ചൂളയാണ്!
ചിന്തകളിൽ വെന്തെരിഞ്ഞ്
ചുടുരക്തത്താൽ
ചുറ്റപ്പെട്ടിരിക്കുകയാണവിടം
അവിടെ മരണവും സുന്ദരമാണ്
വിരഹവുമൊരനുഭൂതിയാണ്.
മുറിവുകളും പാഠങ്ങളാണ്
വാക്കുകളതിന്റെ അടിസ്ഥാനവും:
ചിന്തകളതിന്റെ ജീവനുമാണ്.



फातिमा शहाना . एम.अयि
8.E



# जीवन के लिए

जीवन एक इम्तहान है।
और जीना एक बाजी है।
पथरीले जीवन में
क्रंदन, टीस, उपरोध
और उपहास
हम सामना करते है।
कलंक बनवाने के लिए
एक झंझट बस।
कसर भरे समाज में
कीड़े के समान
रहते है हम।
यहाँ हम भागते है
हमारी कब्जे से
हम क्यों सब सहते,
हम क्यों डरते ?
हमारी जिंदगी है यह
हमारा भारत है यह '
एक समान देखना हम
ऊँच नीच व्यक्तियों को
हमें सामना करना है
अपनी ईमान के लिए
और फुरसत के लिए।
हम विधाता नहीं
हम विक्रेता है।
हमारे मन में भी है
कई अरमान।
अगली पीढ़ी को
हम देंगे
सच की उजियारा।





ജലജാ പ്രസാദ്

# പ്രലോഭനങ്ങൾ

ജാതി മദമില്ലാതെ
വർണ, ലിംഗ
ഭാഷാ ,വേഷ ഭേദമില്ലാതെ,
ക്യൂവിൽ നിൽക്കുന്ന
അച്ചടക്കമാണ്
അവനെ /
അവരുടെ മദ്യ (ധ്യ) ത്തിലേക്കെത്തിച്ചത്

പറയാൻ മുട്ടി നിന്ന
കട്ടി വാക്കുകൾ
ഭയലേശമെന്യേ
തോന്നിയവരോടു പറയാൻ
ധൈര്യം കിട്ടുമെന്ന
പ്രലോഭനത്തിലാണ്
അച്ഛൻ
'മദ്യസ്ഥ 'നായത്.!

സംഗീതം പഠിക്കാത്തവന്
എവിടെയും പാടാനുള്ള വേദി
സ്വയം സൃഷ്ടിക്കാമെന്ന
കാഴ്ചാ പ്രലോഭനത്തിലാണ്
ഏട്ടൻ വീണു പോയത്.

വല്ലാതെ
ഭയക്കുന്ന വേളയിൽ
വിറയ്ക്കാതിരിക്കാനാണ്
കുടിച്ചാൽ വിറയ്ക്കുന്ന പ്രലോഭനത്തെ
അയാൾ
രുചിച്ചിറക്കിയത്.

രണ്ട് 'വീശാ'ത്തവൻ
ആണല്ലെന്ന്
അടുക്കളേലുള്ളോൾ
പറഞ്ഞില്ലെങ്കിലും
അളിയൻ
ഓർമിപ്പിച്ചപ്പോഴാണ്
ഞാൻ
'അതി 'ൽ
പ്രലോഭിതനായത്.

കരഞ്ഞു തീർക്കാൻ
വയ്യാത്ത സങ്കടങ്ങൾ
കുടിച്ചു തീർക്കാമെന്ന
വല്ലാത്തൊരു
പഠന സിദ്ധാന്തത്തിന്റെ
പ്രലോഭനമാണ്
പലരെയും 'വെള്ളം' കുടിപ്പിച്ചത്.

എത്ര കണ്ടാലും
കേട്ടാലും
വായിച്ചാലും
മുളപൊട്ടാത്ത ഭാവന
ഒരു തുള്ളിയിൽ
ചിറകു വിരിച്ച്
പാറുമെന്ന അറിവാണത്രേ
ആ കവിയെ
സൃഷ്ടിച്ചതും.!

'നീ' യില്ലാതെ
നമുക്കെന്താഘോഷം?
എന്ന് വിളിച്ചു പറഞ്ഞു കൊണ്ട്
ഒരാൾക്കൂട്ടം മുഴുവനും
നിന്നെ ഓർമ്മിച്ചു കൊണ്ടേയിരിക്കുന്നു ...



# أحب مدرستي



فاطمة شمم
10 D

يا أحبابي أحب مدرستي
هل انتم تعرفون؟
لماذا أحب مدرستي؟
مدرستي هي نور فؤادي
وموارد امانيتي ورجاءي
واكسير حياتي
نعم انا احب مدرستي
درست من هنا حقوقي وواجباتي
وكيف اعامل مع الوالدين
وأصدقائي وجيراني
هنا اساتذتي الكرام
هم فتحوا امامي
ابواب المعارف وشكلوني
شخصا مثاليا
هم يعاملونني كالوالدان
تجولت هنا في بستان العلوم
وركبت علي جناح العلوم
وقطفت اثمار العلوم
بعون اساتذتي الكرام
نعم هم قرة عيني
ونور فؤادي
لذا احب مدرستي



# मम देशम्

IMA.K. 6 D

मम राज्यं केरलराज्यम्
सुन्दर देशं मम देशम् ।
परशुरामस्य देशम्
केरवृक्षस्य देशम् ॥

पम्पायाः देशम्
निलायाः देशम् ।
विन्ध्यस्य देशम्
उत्सवस्य देशम् ॥

महाबलेःराज्ञः देशम्
सामोदस्य देशम्
हरितपूरितं मम देशम्
महनीयं मम देशम् ॥





ആര്യ.കെ
C1A

# കടിഞ്ഞാൺ

ചുറ്റിവരിഞ്ഞൊരാ ചങ്ങലക്കുള്ളിൽ
ഞെരിഞ്ഞു വലയുന്നു സ്ത്രീ ജൻമമെന്നും
എരിയുന്ന ജീവനായ് പുകയും മനസ്സായ്
താണ്ടുന്നുമിന്നുമവൾ വിലക്കേറി ജീവിതം
കാലം കഴിഞ്ഞാലും, പുൽനാമ്പു തളിർത്താലും
മാറുമോ ഇനിയുമീ നീചമാം ലോകം
ജൻമം പകരുന്നൊരീ പുഷ്പവാടിയെ
നുള്ളി നോവിക്കാമോ ഇനിയും അനേകം.



डाली. डी. चिरयत
खहिंदी अध्यापिका,

# हँसते ही हो

फिर से हुई सुबह,
देखो छाई है ादानी।
कितना घोर था अंधकार,
करता था हमें भयभीत।
कभी हमने न था सोचा,
कि होगी फिर से सबेरा।
विद्वास था यह हमारा,
कि सदा हेगा अंधेरा।
देखो प्रभू ने है दिखाया ,
अपना यह नया चमत्कार।
उस काले –काले रात ने ,
उजियारे प्रभात को जन्म दिया।
अब हमने हैं समझ लिया,
किं होता बुरे दिनों के बाद,
सुंदर सुमंगल पुण्य दिन
हमारे अपने भलाई के दिन।
यह भी सीखे कि जब कभी,
होता है दुखों की मेला,
आएँगे जरूर खुद्गी का दिन
तो, हँसो, हँसते ही रहो।





അനഘ കെ
S1B

# ഒന്നു തിരിഞ്ഞു നോക്കണേ...

ഹിമകണികകളുരുകിടും
ഇളവെയിൽ തളിരില തുമ്പിൽ
ജലകണികകളായ് നാം പാറാം
നീലമിഴികൾ പുഞ്ചിരിക്കും താമരപ്പൂവായ്
നാം ഒരുമിച്ച് കൈകോർത്തിടാം
വെണ്മ പുതച്ചു നന്മവിതച്ചു
ചിറകേറി പോവാം
സ്വപ്നത്തെ കൈപിടിച്ചുണർത്തിടാം
നോക്കണേ
ഒരു ചില്ലയിൽ നിന്നും ചിറകേറി നാം
ഒരു കൂട്ടിലായ് എന്നും
കളിയാടി നാം
അന്നാ നിമിഷം മുതൽ
ഇന്നീ നിമിഷം വരെ
നെഞ്ചിൽ അറിയാതെ
സ്നേഹിച്ചു നാം
കാലമകന്നു കൈകൾ പിണഞ്ഞു
കണ്ണുകൾ മൊഴിഞ്ഞു
ഇനിയെന്ന് കാണും നാം
ഓർമ്മകൾ ഇനിയും ചേക്കേറിടും
കാലങ്ങൾ നമ്മുടെ
താളം മാറ്റിടും
അന്നൊരു നാളെങ്കിലും
ഒരു നിമിഷമെങ്കിലും നീ
എന്നെ ഒന്നു തിരിഞ്ഞു
നോക്കണേ.........



Avanthika J P

# I AM IN LOVE

All Say that love is complicated
Sometimes, we don't realise that
we are in love
So, what are the symptoms?

If u want that person
Badly in your hard times
If that person is the only one
Who can wipe your tears
If that person is the only one
Who stands beside you at all your battles
Then...
That person is your love dear..

If you want to share your success
With nobody but that one person
If you want to cry your heart out
Only to that person
If you want to gaze at that person
And yet never tire of it
Then...
You are in love.!

If all these are true
If that kind of person is your love,
Then, I am in love With U....MoM...!





മാളവിക J-P
(പൂർവ വിദ്യാർത്ഥി )

# എന്നിട്ടും

നിന്റെ ചിന്തകൾക്ക് രൂപം പകർന്ന്
നിന്റെ ഭാവനകൾക്ക് വർണം പകർന്ന്
നിന്റെ വികാരങ്ങൾക്ക് ഭാഷ പകർന്ന്
ഞാൻ
നിന്റെ വരുതിയ്ക്ക് നീങ്ങിയപ്പോൾ
അവയ്ക്കെന്തു ചന്തമായിരുന്നു!
ദിനാന്ത്യങ്ങളിൽ
അന്നിനെക്കുറിയ്ക്കാൻ
നിന്റെ തോന്നലുകളെ ഉച്ചത്തിലാക്കാൻ
ഞാൻ എന്നും കൂട്ടായിരുന്നു.
അല്ലെങ്കിലും,
ഞാൻ നിന്റെ കൈപ്പിടിയിലല്ലേ..
സങ്കടവും സന്തോഷവും
കടലും കരയും
വരയും കണക്കും
നീ അറിഞ്ഞതും അറിയിച്ചതും
എന്നിലൂടെയല്ലേ..?
ചിരിപ്പിച്ചും ചിന്തിപ്പി ച്ചും
നിന്നൊപ്പം ഞാനെന്നും
ഉണ്ടായിരുന്നില്ലേ...?
വേദന തിന്ന്
മൂർച്ചയുടെ അരികു വഴി
പോയപ്പോൾ പോലും
പൂ പോലെ നിപതിച്ചവളല്ലേ ഞാൻ?
ഇന്ന്,
നിന്റെ 'കൈപ്പിടി'യിൽ
ഞാൻ ഒതുങ്ങുന്നില്ലെന്ന് കണ്ടപ്പോൾ
വലിച്ചെറിയുന്നവയുടെ കൂട്ടത്തിൽ
അക്ഷരാർത്ഥത്തിൽ
ഞാനും
ഒരു 'കുറ്റിപ്പെൻസിൽ'





ശ്രീജിത്ത്. സി.വി
എസ്.2.ബി

# उदयास्तमनम्

अविस्मरणीयो अवर्ण्नीयो
सूर्योदयो तु मनुष्यमनांसि ।
रक्तवर्णप्रभया ज्वलति
ईश्वरस्यापूर्वो/यं सृष्टिः ॥

भूगोलस्य नवदिनसूचिकां
प्रसारयति प्रकाशो सर्वत्र लोके ।
सवर्णधवलो कलङ्करहितो
विशिष्टमेवो/यं ऊर्जरूपो ॥

प्रभातस्यारम्भादपि रविः
ज्वलित्वा स्वस्य शरीरम् ।
विना कामपि स्वार्थताम्
शोभते जीवनं जीवनालानाम् ॥

अन्त्यो/स्तमनवेलायामपि
उपयुज्य स्ववर्णान् गगने ।
रचयति विस्मय चित्राणि
दृश्यो/यं तु अविस्मरणीयम् ॥

सज्जनानां जीवनमपि
सूर्यसदृशो एव सदा ।
विस्मृत्य स्वजीवितं ते
प्रकाशयते जीवितमन्यानाम् ॥

अस्तमनमरणानन्तरमणि
सज्जनसूर्याः ते ।
अपनेतुं लोकस्यान्धकारम्
प्रसरन्ति प्रकाशं चन्द्ररूपेण च ॥





പി.എൻ.വിജയൻ

# മഞ്ചേരി സ്കൂളിലെ ഡ്രോയിങ്ങ് മാഷക്ക്

വിടപറഞ്ഞപതിയ്ക്കു പ്രിയയുടെ
ഇടമുറിഞ്ഞനേർനെഞ്ചിലെയശ്രുനീർ.
വിടപറഞ്ഞപിതാവിന്നു മക്കൾ തൻ
അണമുറിയുന്നചങ്കിലെഗ്ഗദ്ഗദം.
വിടപറഞ്ഞസഹോദരക്ഷേത്രത്തിൽ
കൊടിയിറങ്ങിയോരുത്സവത്തിൻ വ്യഥ.
വിടപറഞ്ഞഗുരുവിന്നു ശിഷ്യർതൻ
വടിവുതേടുംവരയുടെപ്രാർത്ഥന.
വിടപറഞ്ഞൊരു ചിത്രകാരന്നിതാ
ശൂന്യമായൊരുകേൻവാസിൻ മൂകത.
ഇനിയുംതുടരുകചിത്രസപര്യകൾ
അതിരെഴാതുള്ളസന്ധ്യാംബരങ്ങളിൽ.





അതീത കെ.വി

# പ്രകൃതി മനോഹരി


പച്ചിലച്ചില്ലയിൽ പൂത്തു നിൽക്കുന്നൊരു
നിസ്തുല സത്യമായുള്ളൊരു പുലരിയിൽ
പല വർണ്ണപ്പൂവാട ചുറ്റുന്ന വാടിയും
പുലരിതൻ സൗന്ദര്യ വർണ രഹസ്യ മാം
താരിളം തെന്നൽ മെല്ലെ തലോടുന്ന
ചാരുലതകളിൽ തുള്ളുന്നു നീർകണം
ഇറ്റിറ്റു വീഴാനായ് വെമ്പുന്ന തുള്ളിയിൽ
തിട്ടിച്ചി തരുന്നു സൂര്യകണങ്ങൾ
ഉഷസിന്റെ നൈർമല്യമേറ്റുവാങ്ങാനായി
കൺതുറക്കുന്നു ചെറു കുസുമങ്ങൾ
നറു മധു ഉണ്ണുവാൻ കൊതിയോടെ വന്നിടും
മത്തഭൃം ഗ ങ്ങൾ പാറിപ്പറക്കുന്നു
പ്രകൃതി തൻ സൗന്ദര്യവസ്തുക്കളൊക്കെയും
മായാത്തൊരോർമയായ് തങ്ങി നിൽക്കും
കാവ്യ മിഴികളിൽ പെയ്തു തോരാത്തൊരു
സത്യമൊന്നല്ലയോ പ്രകൃതിയേ നീ
അണയുന്ന പകലിന്റെ നൊമ്പരത്തിൽ നിന്നും
ഒരു സന്ധ്യ മെല്ലെ ഉതിർന്നു വീണു.
കുങ്കുമച്ചെപ്പുമായ് നീങ്ങുന്ന സൂര്യനോ
പശ്ചിമ കലിലായ് ചെന്നു വീണു.
ഭൂമി തൻ മാറിൽ തല ചായ്ച്ചുറങ്ങുവാൻ
താരാട്ടു കേട്ടു മയങ്ങിടുവാൻ
അമ്പിളിക്കിണ്ണമോ കാത്തു നിൽക്കുന്നിതാ
രജനി തൻ വാതിലിൽ ഏകാകിയായ്
പ്രകൃതി തൻ സൗന്ദര്യവസ്തുക്കളൊക്കെയും
മായാത്തൊരോർമയായ് തങ്ങി നിൽക്കും
കാവ്യ മിഴികളിൽ പെയ്തു തോരാത്തൊരു
സത്യമൊന്നല്ലയോ പ്രകൃതിയേ നീ





मेधा विद्ववकुमार मल्या
कक्षा—7D

# मेरा सुंदर पल





पल — पल सुंदर मेरे घर में ,
छोटू का मुस्कान है उसमें ।
मोगरा— गुलाब है बाग में खिलते ,
मिलन को आते भृंग तितलियाँ ।
आम के पेड पे आते जाते,
छोटे छोटे गिलहरियाँ ।
पूछते हैं कि उठी नहीं क्या?
भगवान सूरज निकले हैं ।
अटल खड़ा है कटहल का पेड़,
चहक रहे हैं उसपे पंछी ,
और पूछती उठी नही क्या?
फैला है जो किरण अरुण का
इसीलिए ही मैं कहती हूँ ,
मेरा बाग ही सबसे सुंदर
यहीं गुजरता मेरा सुंदर पल,
जहाँ बरसता प्यार का बादल

VII-E





അവന്തിക ഭൈമ
7E

# രുചി

പുഴ വെള്ളത്തെ നുറുക്കി
ഞെരിച്ച് ശ്വസിക്കാൻ സമ്മതിക്കാതെ
അടച്ച് പൂട്ടിയിട്ടതുകൊണ്ട്
തൊണ്ട നനക്കുന്നവനറിയുമോ
കറുപ്പ് നിറച്ച് ചുവപ്പിക്കാത്ത
മാമ്പഴങ്ങളുടെ രുചി



Ashin Babu.U
V D

# *The Rain*

The lion cub opened his eyes....
And gets enchanted by seeing the beauty,
The diamond drops fall from the cloud,
As a gift to earth from the sky,
The leaves receive the drops as the joy of life,
The rivers overflow with happiness,
The peacocks dance with the drops,
The flowers accept the shower,
The butterflies sit over the buds and drank water,
The whole nature fills with endless joy...





# Memories

A lonely soul in the dream
A loving wave in the stream
A sparkling star in the sky.
Like memories iighting up my life.
They just surprised me
With the lost love and peace .
The joyful days that presented me .
The smiles of my dear ones
They also reminded me about
The terrible moments of life.
The sorrow and pains that
Wounded my deadmind.
My broken heart and
The fainted music uprising from it .
1 Understood, 1 am nothing
Without my memories.
Memories are some thing to
Accompany the joy of solitude.
So I wish to live
In memories forever




Arthana.C
10 K



(अवन्तिका. जेपी)

# जिन्दगी के मैदान में



डूबी हुई कहानी है यह जिन्दगी
मैदान पर पैर रखने के बाद
जब तक साँस चलती है.
तब तक ना कभी मुड़ के देख सकूँगी
ना कभी खेल खतम होगी...
मैदान में ऐसी खेल है जिस में
हारना एक कानून है
जहाँ साथ में खेलने वाला
हर पल बदलती ही है ..
मैदान कभी आँसू से भी ग जाती है
कभी हवा खुद्दियों से भर जाती है ।
मैदान में चुपी खतरे में
न जाने कितनी लोग मर गए हैं ।
कभी हमें लगता है की हमने मैदान के
अंत को देखा ...,
लेकिन वह तो सिर्फ मरीचिका है ।
कही खून की निढ्ढानियाँ
नजर पड जाऊंगी
लेकिन डरोमत..
आगे जाना .....
इन सारी विचित्र खेलों के बाद
जब तुम अंत में पहुंचा उँगी
तुम को जिंदगी का मतलब समझ जाऊंगी
वह हैं तुम्हारी आखिरी हार और विजय
याद रखना , यह सफर
जन्म से ढ्ढुरू होती है
खतम सिर्फ मौत से .... ।



മിസ്ബ ബാനു .പി .
10 B

# വരാന്ത



വിദ്യാലയത്തിന്റെ വരാന്തകളായിരിക്കും
ക്ലാസ് മുറികളേക്കാൾ സുന്ദരം
ചുവരുകൾക്കപ്പുറം ചിന്തകളുടെ
മാസ്മരിക ലോകങ്ങളിലേക്ക്
നമ്മെ എത്തിക്കുന്നതും വരാന്തകളാണ്
ഗണിതത്തിന്റെ നൂലാമാലകളിലൂടെ
ഊഞ്ഞാലാടാൻ പ്രചോദനം
നൽകിയതും വരാന്തയാണ്.....
പ്രണയം പൂത്തുലഞ്ഞ വരാന്തകൾ
മനോഹരമായിരുന്നു ...
മാർച്ചിന്റെ വിരഹച്ചൂടിനാൽ
പ്രണയം വാടി വീണതും
വരാന്തകളിലാണ് .....
പഠനമെന്ന മൂന്നക്ഷരത്തിൻ
പൂത്തിരിയേക്കാൾ ആനന്ദം
സൗഹൃദമെന്ന മൂവക്ഷരത്തിന്റെ
അമിട്ടു പൊട്ടുമ്പോഴാണ്.....
ക്ലാസുമുറിയേക്കാൾ എന്നെ ആകർഷിച്ചത്
കഥ പറയുന്നവരാന്തകളാണ് .....
പറയാൻ മറന്നു പോയ പ്രണയങ്ങൾ
ഒരു ഓട്ടോഗ്രാഫിൽ ഒതുക്കിയതും
വരാന്തകളിൽ വച്ചായിരുന്നു.
പൂവണിഞ്ഞിരുന്ന ഞങ്ങളുടെ വരാന്ത
പൊഴിച്ചു കൊണ്ടിരുന്നത്
ഞങ്ങളുടെ
എണ്ണപ്പെട്ട ദിനങ്ങളായിരുന്നു.
അവസാന പൂവീണത് ഞങ്ങളുടെ
നെഞ്ചിലായിരുന്നു......
സ്നേഹമെന്ന രക്തം കൊണ്ടു ചുവപ്പിച്ച
ആ പൂവായിരുന്നു;
ആത്മാർത്ഥമായി സ്നേഹിച്ച്
നെഞ്ചോട് ചേർത്തു
വച്ചതെല്ലാം തട്ടിയെടുത്ത വിധിയുടെ
ക്രൂരതയ്ക്കു മുന്നിലെ
ഞങ്ങളുടെ ആയുധം ....
ഇടറുന്ന വാക്കുകളാൽ
വരാന്തയോട്
യാത്ര പറയാനാവാതെ
എല്ലാവരും
ഇറങ്ങി നടന്നപ്പോൾ .....
ഒരു യാത്ര പറച്ചിൽ
അസ്ഥാനത്തെന്നറിഞ്ഞ്
വാചാലതയെ മൗനമാക്കുന്ന
മായാവിദ്യ സ്വായത്തമാക്കി
ഞാനും.....

# نعمت



Haliya
XF

سورج اٹھی ان کی کرنوں سے
میری ماں اٹھی امید کی کرنوں سے

چڑیاں چوں چوں کرتی رہی
میدان میں جاندار برتی رہی

یہ خدا کی رحمت ہے
یہ فضا کی نعمت ہے

دادی کی آواز اٹھتی رہی
نہانے کی پانی تیار ہوئی

کھیت میں کھیتی شروع ہوئی
عورت کی آواز سنتی رہی

یہ خدا کی رحمت ہے
یہ فضا کی نعمت ہے

اسکول میں گھنٹی بج گئ
بچوں کے قطار چلتی رہیں

ساری لڑکی پازیب پہنکر
فضا سندر عورت کے روپ بدلنے لگے

یہ خدا کی رحمت ہے
یہ فضا کی نعمت ہے



Amirtha
XF

# मम अम्बा



अम्बा अम्बा सुन्दर-
दर्पणं मम अम्बा।
मम प्रकाशगोपुरम्
भवति सुन्दरी अम्बा॥

स्वराक्षरेषु आद्यक्षरम् अम्बा
मम मनसि पाठयति।
क्षीरसमाना श्वेतमानसा
अम्बा मम प्रिया अम्बा।

मे मार्गदर्शी भवति
प्रिया च मम अम्बा।
सूर्यादपि चन्द्रादपि
तेजस्विनी मम अम्बा॥

भूम्याः अपि क्षमाशीला
जलाद् अपि शीतला च।
पुष्पाद् अपि मृदुचित्ता
अतीवलोलमानसा ॥

उष्णे छाया मम अम्बा
जीववायुः मम अम्बा।
दानशीले कर्णसमा
परोपकारे वृक्षसमा॥

आकाशात् अपि उन्नता
हिमालयादप्युत्कृष्टा।
वज्रादप्यमूल्या अम्बा
स्वर्णादपि दीप्ता मे/म्बा॥

मम गृहस्य ऐश्वर्य-
देवता सा मम अम्बा।
मम कुटुम्बस्य दीपम्
आनन्ददायिनी अम्बा॥





കീർത്തന
10B

# സ്വാതന്ത്ര്യത്തിൻ കഥ

ജാലകത്തുമ്പായ് പാതി മറക്കുന്നു
പോയ്ക്കാലത്തിന്റെ സ്വാതന്ത്ര്യമായ്
വഴുതിവീഴുന്ന ഓർമ്മകളിൽ
വന്നു നിറയുന്ന ഗാന്ധി അപ്പൂപ്പൻ
മരിച്ചിട്ടില്ല, മരിക്കുന്നില്ല, തീ ജ്വാലയായ്
ജീവിക്കുന്നു, ജന ഹൃദയങ്ങളിലെന്നും
അടിച്ചമർത്തപ്പെട്ട ഭാരതമാതാവിൻ
ദാഹം ശമിപ്പിപ്പാൻ വന്നിതാ,
പല്ലു പോയി മോണകാട്ടി ചിരിച്ച്
പച്ചയായ മാംസം പിളുപിളുത്ത
അഹിംസ ധ്യാനിച്ച അർദ്ധനഗ്നൻ
ഗാന്ധി തൻ മുഖങ്ങൾ കഥപറയുന്നു.
സത്യമായ്, നന്മയായ്, ക്രൂരതയുടെ കഥ.
ഉപ്പുകുറുക്കിയും, നികുതി കുറച്ചും
ഹൃദയങ്ങൾ കീഴടക്കി ഗാന്ധി
മനസ്സിൽ തളച്ച സിരപോലെ
വീണു കിടക്കുന്ന ഗാന്ധി തൻ ജീവിതം
നൽകീടും സമാധാനത്തിൻ സ്വാതന്ത്ര്യം
അറിയാതെ പോകുന്ന തലമുറയുഗം
നേടിതന്ന ഈ ത്യാഗത്തിലൂന്നി
വരദാനമായ് ഗാന്ധി നേടി തന്ന സ്വാതന്ത്ര്യം
മൗനമായ് വാചാലമായ് ആരോരു–
മറിയാതെ ഓർമ്മപുസ്തകത്തിൽ ഒളിച്ച
ആമുഖം പോയക്കാല മർത്യരക്ഷകനായ്
കാവലായ്, ജീവൻ ത്യജിച്ച കർമ്മയോഗി
ജീവിതാനുഭവങ്ങൾ പകർന്നു തന്നീടുന്നു.
രാഷ്ട്രപിതാവായ് ഭാരതമാതാവിൻ
ജീവന്റെ തുടിപ്പായ്
അന്ത്യ വിശ്രമം കൊള്ളുന്നു.
പൃഥ്വിയെ അഹിംസതൻ മാർഗ്ഗം കാണിക്കുന്നു
ജീവൻ തുടിക്കുന്ന ചുമലിൽ ചർക്കയുമായി
മോണകാട്ടി ചിരിച്ച് ഭിത്തിയിൽ തൂങ്ങി–
കിടക്കുന്നു, പറയുന്നു, ഓർമ്മിപ്പിക്കുന്നു,
ജീവൻ ത്യജിച്ച സ്വാതന്ത്ര്യത്തിൻ കഥ






ബബിത.കെ.പി
എച്ച്. എസ്. ടി. മലയാളം

# സ്ത്രീ സ്വത്വാവിഷ്കാരം ചെറുകഥകളിൽ

ആധുനിക കാലത്തിന്റെ സവിശേഷതകളിലൊന്നാണ് സ്വത്വം. താൻ ഒരു സ്ത്രീയാണെന്ന ബോധം ഉൾക്കൊണ്ട് അടിച്ചമർത്തപ്പെട്ട തന്റെ സ്വത്വത്തിനായി നിലകൊണ്ട് എഴുതുന്ന പെണ്ണെഴുത്തുകളിൽ സ്ത്രീ കർതൃത്വം കൂടുതലും കാണുന്നത് ചെറുകഥകളിലാണ്.സ്ത്രീകളുടെ രചനാ കർതൃത്വമുള്ള ചെറുകഥകളിൽ ചിന്തയും ഭാഷയും ശൈലിയുമെല്ലാം സ്ത്രീ സ്വത്വാവിഷ്കാരത്തിന് പാകത്തിൽ മാറ്റിയെടുക്കുന്നു. സ്ത്രീ രചന തന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള നൂൽപ്പാലമായിട്ടാണ് പെണ്ണെഴുത്തുകാർ കാണുന്നത്.അടിച്ചമർത്തലിന്റെയും അവഹേളനത്തിന്റെയും ആരവങ്ങളിൽ സ്ത്രീയുടെ ഓരോ ചുവടുകളും ചിന്തകളും ജാഗരൂകമാകുന്നു.


മലയാള കഥകളിൽ സവിശേഷമായ സ്ത്രൈണ ഭാവുകത്വത്തിന്റെ വ്യതിരിക്തമായ ഉടലടയാളങ്ങളാണ് എഴുത്തുകാരികളുടെ സ്ത്രീ കഥാപാത്രവർണ്ണന. അതിനു വേണ്ടി സത്രീയുടെ ആത്മഗതമായ ആഖ്യാനരീതിയാണ് എഴുത്തിലൂടെ അവർ നടത്തിയത്. സ്ത്രീ അനുഭവങ്ങളുടെ, വിചാരവികാരങ്ങളുടെ സത്യസന്ധമായ ആഖ്യാനം പുരുഷനു സാധിക്കില്ല. അതുകൊണ്ട് സ്ത്രൈണാനുഭവങ്ങൾ പുരുഷാനുഭവങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. സ്ത്രൈണാനുഭവം തികച്ചും സഹജവും വ്യതിരിക്തവുമായ ഒന്നാണെന്നും ആ അനുഭവത്തിന്റെ സത്യാത്മകമായ ആവിഷ്കാരവുമാണ് പെണ്ണെഴുത്തുകാർ നടത്തുന്നത്.സ്ത്രീകൾ അവരുടേതായ ആശയങ്ങളേയും തനതായ അനുഭവങ്ങളേയും ആവിഷ്കരിക്കുന്നത് കൂടുതലായി ചെറുകഥകളിലൂടെയാണ്. ആശയങ്ങളെ കലാപരമായ അനുഭൂതിയാക്കാൻ അവർ സ്വീകരിക്കുന്ന തന്ത്രങ്ങളിലാണ് അവരുടെ സൗന്ദര്യ സങ്കൽപം അടങ്ങിയിരിക്കുന്നത്.

പുരുഷ നിയന്ത്രിതമായ സാമൂഹ്യഘടനക്കെതിരെ തുറന്ന പോരാട്ടമായിട്ടാണ് കഥാകാരികൾ കഥാപാത്രങ്ങളെ വർണ്ണിച്ചിരിക്കുന്നത്. കെ.സരസ്വതിയമ്മ മുതൽ സമകാലിക എഴുത്തുകാരികളുടെ കഥകളിലൂടെ കടന്നു പോകുമ്പോൾ സ്ത്രീ അവളുടെ സ്വത്വം കണ്ടെത്തുകയും അനുഭവങ്ങളുടെ ആഴവും മൂർച്ചയും രചനയിൽ സാക്ഷാത്കരിക്കുകയും ചെയ്യുന്നു.ബുദ്ധിയുടെയും ആശയത്തിന്റെയും ഭാഷക്കു പകരം ശരീരത്തിന്റെയും അതിന്റെ അനുബന്ധാവയവമെന്ന നിലയിലുള്ള മനസ്സിന്റെയും ഭാഷ ആദ്യകാല വനിതാ കഥാകാരികൾ ഉപയോഗിച്ചിരുന്നു.

മുപ്പതുകളിൽ എഴുതിത്തുടങ്ങിയ കെ. സരസ്വതിയമ്മയാണ് മലയാളത്തിൽ സ്ത്രീയുടേതു മാത്രമായ സാമൂഹിക–ലിംഗ വീക്ഷണത്തിൽ ഉറച്ചു നിന്ന് കഥാരചന നടത്തിയത്. ആധുനിക സ്ത്രീത്വത്തിലേക്ക് സ്ത്രീ ശരീരത്തെ പുരുഷന്റെ ഭോഗവസ്തുവെന്ന നിലക്ക് ഉൾച്ചേർക്കാനുള്ള എല്ലാ പ്രവണതകൾക്കെതിരെയും ആദ്യകാലസ്ത്രീകൾ പുലർത്തിയ ജാഗ്രതയുടെയും തുടർച്ച ഇവരുടെ കഥകളിൽ ദൃശ്യമാകുന്നു. സരസ്വതിയമ്മയുടെ 'പെൺബുദ്ധി' എന്ന കഥയിലെ വിലാസിനി സ്വജീവിതത്തിലൂടെ തന്റെ സ്നേഹിതകൾക്കു നൽകുന്ന ഉപദേശനിർദ്ദേശങ്ങളിലൂടെയും നല്ലൊരു മാതൃകയാകുന്നു. സത്രീക്ക് ബുദ്ധി ആവശ്യമില്ലെന്നും വികാരം മതിയെന്നുമുള്ള സാമൂഹ്യബോധത്തിന് വിരുദ്ധമായ കഥാപാത്രമാണ് പെൺബുദ്ധിയിലെ വിലാസിനി.

പുരുഷാധിപത്യ സമൂഹം സ്ത്രീയോട് കാട്ടുന്ന ക്രൂരതകളെ സഹന ഭാവത്തോടെ അഭിമുഖീകരിക്കുന്ന കഥകളാണ് ലളിതാംബിക അന്തർജ്ജനത്തിന്റേത്. മൂടുപടത്തിൽ, ജീവിതവും മരണവും, പഞ്ചാരയുമ്മ തുടങ്ങിയ കഥകളിൽ ഒരു കാലഘട്ടത്തിലെ നമ്പൂതിരി സ്ത്രീകളുടെ ദു:ഖങ്ങൾ അവതരിപ്പിക്കുന്നു. സാമൂഹിക സാംസ്കാരിക പാശ്ചാത്തലത്തിൽ സഹനങ്ങളിൽ നിന്ന് സാഫല്യത്തിലേക്ക് എത്തുന്ന സ്ത്രീജീവിതത്തെയും അവരുടെ കഥകളിൽ കാണാം.

സ്ത്രീ കഥാപാത്ര നിർമ്മാണ ഘടനയെ അപനിർമ്മിക്കപ്പെടുന്ന കാഴ്ച ഈ എഴുത്തുകാരികളുടെ കഥാപാത്രത്തെ വിശകലനം ചെയ്യുന്നതിലൂടെ നമ്മുക്കു കാണാൻ സാധിക്കും. എഴുത്തുകാരികൾ സ്വത്വ നിർമ്മിതിയിലൂടെ സ്ത്രീയെയും അവൾ നേരിടുന്ന പ്രശ്നങ്ങളെയും കഥകളിൽ ആവിഷ്കരിക്കുന്നു.





കെ.സോമരാജ്
എച്ച്. എസ്. ടി. ഗണിതം

# ഭക്ഷണവും ആരോഗ്യവും
# ചില വേറിട്ട ചിന്തകൾ

“

'നിന്റെ ഭക്ഷണമായിരിക്കട്ടെ നിന്റെ ഔഷധം' എന്നു പറഞ്ഞ ആധുനിക വൈദ്യശാസ്ത്ര പിതാവ് ഹിപ്പോക്രാറ്റസ്, ശീതകാലത്ത് ധാരാളം ഭക്ഷണം കഴിക്കണമെന്നും ഉഷ്ണകാലത്ത് ആഹാരം കുറച്ചെ ആകാവൂ എന്നും പറഞ്ഞിട്ടുണ്ട്. ആധുനിക പ്രകൃതിചികിത്സയുടെ ആചാര്യന്മാരിലൊരാളായ ഫാദർ സിൽവസ്റ്റർ ഗ്രഹാം 1810 കളിൽ അമേരിക്കയിൽ കോളറ പടർന്നു പിടിച്ച് ആയിരക്കണക്കിനാളുകൾ വഴി നീളെ മരിച്ചു കിടന്നപ്പോൾ ബൈബിൾ 'ക്രിസ്ത്യാനികൾ' എന്നൊരു വിഭാഗത്തിൽ ഒരാൾ പോലും കോളറ ബാധിതരായില്ല എന്നു കണ്ടെത്തി.

”

ആധുനിക സമൂഹം രോഗാതുരമായ ഒരു കാലഘട്ടത്തിലാണ് കടന്നു പോകുന്നത്. വിവിധ മാരകരോഗങ്ങൾ വലിഞ്ഞു മുറുകുന്ന അവസ്ഥ ഒരു ഭാഗത്തും കൃത്രിമ ചേരുവകളോടെ തയ്യാറാക്കുന്ന സ്വദേറിയ ഫാസ്റ്റ്ഫുഡ് ഉപയോഗം മറുഭാഗത്തും വർധിച്ചു കൊണ്ടിരിക്കുന്നു. യഥാർത്ഥ ഭക്ഷണം എന്തായിരിക്കണമെന്നും ശരിയായ ആരോഗ്യ ശീലങ്ങൾ എങ്ങനെയിരിക്കണമെന്നും തീരെ ബോധ്യമില്ലാതെയാണ് ഇന്നത്തെ കേരള സമൂഹം മുന്നോട്ടു പോകുന്നത്. ഒരു ചെറിയ തൊണ്ടവേദനയോ ജലദോഷമോ പനിയോ വന്നാൽ പോലും ഡോക്ടറുടെ അടുത്തേക്ക് ഓടുകയും വയറുനിറയെ ഗുളിക മരുന്നുകൾ വാങ്ങിക്കഴിക്കുകയും ചെയ്യുന്ന ഒരു രീതിയിലേക്ക് നാം മാറിപ്പോയിരിക്കുന്നു .നമ്മുടെ സ്വാഭാവികമായ ആഹാര രീതികളിൽ നിന്ന് എന്നു മുതൽ നാം വ്യതിചലിച്ചുവോ അന്നു തൊട്ടു തന്നെയായിരിക്കണം നമ്മെ രോഗങ്ങൾ കീഴടക്കാൻ തുടങ്ങിയതും.

'നിന്റെ ഭക്ഷണമായിരിക്കട്ടെ നിന്റെ ഔഷധം' എന്നു പറഞ്ഞ ആധുനിക വൈദ്യശാസ്ത്ര പിതാവ് ഹിപ്പോക്രാറ്റസ്, ശീതകാലത്ത് ധാരാളം ഭക്ഷണം കഴിക്കണമെന്നും ഉഷ്ണകാലത്ത് ആഹാരം കുറച്ചെ ആകാവൂ എന്നും പറഞ്ഞിട്ടുണ്ട്. ആധുനിക പ്രകൃതിചികിത്സയുടെ ആചാര്യന്മാരിലൊരാളായ ഫാദർ സിൽവസ്റ്റർ ഗ്രഹാം (1794-1851) 1810 കളിൽ അമേരിക്കയിൽ കോളറ പടർന്നു പിടിച്ച് ആയിരക്കണക്കിനാളുകൾ വഴി നീളെ മരിച്ചു കിടന്നപ്പോൾ ബൈബിൾ 'ക്രിസ്ത്യാനികൾ' എന്നൊരു വിഭാഗത്തിൽ ഒരാൾ പോലും കോളറ ബാധിതരായില്ല എന്നു കണ്ടെത്തി. അദ്ദേഹം അവരുടെ ആരോഗ്യരഹസ്യം പഠിച്ചപ്പോൾ, അവർ മദ്യം, മാംസം, മുട്ട, മത്സ്യം ചായ, കാപ്പി, പുകയില, കൃത്രിമ ഭക്ഷണ പദാർത്ഥങ്ങൾ എന്നിവയൊന്നും ഉപയോഗിച്ചിരുന്നില്ല എന്നു കണ്ടെത്തി. കറകളഞ്ഞ പ്രകൃതി സ്നേഹിയും



> ആരോഗ്യത്തിന്റെ നിലനില്പ് ശരിയായ ആഹാരത്തെ ആശ്രയിച്ചാണെന്ന് എല്ലാവരും സമ്മതിക്കും. തെറ്റായ ഒരു ഭക്ഷണചര്യ ആരോഗ്യം കുറയ്ക്കാനും രോഗമുണ്ടാകാനും കാരണമാകുമെങ്കിൽ പിന്നെ അത് തിരുത്തേണ്ടതല്ലേ? അത്തരം തിരുത്തലുകളാണ് പ്രകൃതിചികിത്സയിൽ ചെയ്യുന്നത്. ഇത്തരം തിരുത്തലുകളെ ചികിത്സയായി കാണേണ്ടതില്ല.മറിച്ച് പ്രകൃതിജീവനം എന്ന നിലയിൽ കണ്ടാൽ മതി.

പ്രകൃതിജീവനത്തിന്റെ വക്താവുമായിരുന്ന നമ്മുടെ രാഷ്ട്രപിതാവ് 1946ൽ 'ഹരിജനി'ൽ എഴുതി "തൊണ്ണൂറ്റിയൊൻപതു ശതമാനം രോഗങ്ങളും മനുഷ്യന്റെ തെറ്റായ ജീവിതരീതിയിൽ നിന്നും ശുചിത്വമില്ലായ്മയിൽ നിന്നുമാണ് ഉണ്ടാകുന്നത്. പ്രകൃതി നിയമങ്ങളെ ബോധപൂർവ്വമോ അജ്ഞതകൊണ്ടോ ലംഘിക്കുന്നതിന്റെ ഫലമായാണ് രോഗങ്ങൾ ഉണ്ടാകുന്നത്.അതുകൊണ്ട് ഈ നിയമങ്ങളിലേക്കുള്ള തിരിച്ചുവരവാണ് പരിഹാരം"

ആഹാരമാണ് ആരോഗ്യത്തിന്റെ രഹസ്യമെന്നും അതു കൂടുതൽ കഴിച്ചാൽ കൂടുതൽ ആരോഗ്യമുണ്ടാകും എന്നുമുള്ള മിഥ്യാധാരണ പലരിലുമുണ്ട്. മനുഷ്യന് ജീവിക്കാൻ ആഹാരം ആവശ്യമാണ്. ശരീരത്തിന്റെ തേയ്മാനം നികത്താനും ശാരീരിക പോഷണത്തിനും അതു വേണം. പക്ഷെ, രോഗം വന്നാൽ അത് സുഖപ്പെടുത്താൻ ആഹാരത്തിന്റെ ആവശ്യമില്ല. രോഗം സുഖപ്പെടുന്നത് ആഹാരത്തെ ആശ്രയിച്ചല്ല, മറിച്ച് വിശ്രമത്തെ ആശ്രയിച്ചാണ്. പലരും രോഗികളെക്കൊണ്ട് നിർബന്ധിച്ച് ഭക്ഷണം കഴിപ്പിക്കുന്നത് കാണാറുണ്ട്. രോഗിക്കാണെങ്കിൽ വിശപ്പില്ലായ്മയും വായയ്ക്ക് അരുചിയും അനുഭവപ്പെടുകയും ചെയ്യും. ഈ സമയം ഭക്ഷണം കഴിക്കരുതെന്ന് ശരീരത്തിന്റെ മുന്നറിയിപ്പാണിത്.ഭക്ഷണം അകത്തെത്താ തിരിക്കാനുള്ള ശ്രമമായാണ് അതിനെ കാണേണ്ടത്

കാലാകാലങ്ങളിലുള്ള ഭക്ഷണ സംസ്ക്കാരം നമ്മെ നിത്യരോഗികളും അല്പായുസ്സുക്കളുമാക്കിത്തീർത്തുവെന്നതാണ് വസ്തുത. ലോകത്തുള്ള സകല ജീവികളുടെയും ഭക്ഷണം എന്താണെന്ന് സ്കൂൾ തലത്തിൽ തന്നെ പഠിപ്പിക്കുന്നു. എന്നാൽ മനുഷ്യന്റെ ഭക്ഷണം എന്താവണമെന്ന് എവിടെയും പഠിക്കുന്നില്ല .പകരം ഭക്ഷണത്തിൽ എന്തൊക്കെ ഘടകങ്ങൾ വേണമെന്നേ പഠിക്കുന്നുള്ളൂ. മറ്റു ജീവികൾക്ക് തങ്ങളുടെ ആഹാരം എന്തായിരിക്കണമെന്ന് കൃത്യമായി അറിയാം. അതുകൊണ്ടാണ് പുലി പുല്ല് തിന്നാത്തതും പശു പൂച്ചയെ തിന്നാത്തതും.എന്നാൽ മനുഷ്യൻ തന്റെ മുൻപിൽ കിട്ടുന്നതെന്തും എത്ര തവണ വേണമെങ്കിലും കഴിക്കുന്നു. അങ്ങനെ ദിവസത്തിൽ അഞ്ചും ആറും തവണ ഭക്ഷണം കഴിക്കുന്നവരാണ് നമ്മൾ.

ഏക ഭുക്തം മഹായോഗി  
ദ്വി ഭുക്തം മഹാഭോഗി  
ത്രിഭുക്തം മഹാരോഗി

എന്ന പ്രമാണം നാം എപ്പോഴും ഓർമിക്കേണ്ടതാണ്. ഇങ്ങനെ പല തവണ ആഹാരം കഴിക്കുന്നത് ദഹനവ്യൂഹത്തിന് കൈകാര്യം ചെയ്യാൻ കഴിയാതെ വരികയും അതിനെ പ്രവർത്തന മാന്ദ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. തന്മൂലം കഴിച്ച ഭക്ഷണം ജീർണ്ണിക്കപ്പെടാൻ ഇടയാകുന്നു. അവ ശരീരത്തിനകത്ത് കിടന്ന് വിഷമായിത്തീരുന്നു.ഇത് ജലദോഷം മുതൽ അർബുദം വരെയുള്ള രോഗങ്ങൾക്ക് കാരണമാകുന്നു.

ആരോഗ്യത്തിന്റെ നിലനില്പ് ശരിയായ ആഹാരത്തെ ആശ്രയിച്ചാണെന്ന് എല്ലാവരും സമ്മതിക്കും. തെറ്റായ ഒരു ഭക്ഷണചര്യ ആരോഗ്യം കുറയ്ക്കാനും രോഗമുണ്ടാകാനും കാരണമാകുമെങ്കിൽ പിന്നെ അത് തിരുത്തേണ്ടതല്ലേ? അത്തരം തിരുത്തലുകളാണ് പ്രകൃതിചികിത്സയിൽ ചെയ്യുന്നത്. ഇത്തരം തിരുത്തലുകളെ ചികിത്സയായി കാണേണ്ടതില്ല.മറിച്ച് പ്രകൃതിജീവനം എന്ന നിലയിൽ കണ്ടാൽ മതി. പ്രകൃതിജീവനം അനുഷ്ഠിക്കാൻ പലരും തയ്യാറാകത്ത്, അതിൽ ഭക്ഷണ നിയന്ത്രണമുണ്ട് എന്നു പറഞ്ഞു കൊണ്ടാണ് പ്രകൃതിജീവനത്തിൽ ആഹാര കാര്യത്തിൽ പ്രത്യേക വിലക്കുകളില്ല എന്നതാണ് നഗ്ന സത്യം .മറ്റെല്ലാ ചികിത്സകരും സമയത്തിന് ഭക്ഷണം നിർദേശിക്കുമ്പോൾ പ്രകൃതി



“ പ്രകൃതിജീവനത്തിലേക്ക് വന്നവരിൽ തടി കുറയുന്നത് ഭക്ഷണത്തിന്റെ അളവു കുറയുന്നതു കൊണ്ടല്ല, കഴിക്കുന്ന വിഭവങ്ങളിലെ ദോഷങ്ങൾ കുറയുന്നതു കൊണ്ടാണ്.ഇതറിയാത്തതാണ് ആഹാരം കുറച്ചിട്ടും പലരുടെയും വണ്ണം കുറയാത്തതിന്റെ കാരണം. ”

ചികിത്സകർ മാത്രമാണ് വിശക്കുമ്പോൾ ആഹരിച്ചാൽ മതിയെന്നു പറയുന്നത്. പിന്നെ നമ്മുടെ സ്വാഭാവിക ദഹനപ്രക്രിയയെ തകിടം മറിക്കുന്ന ചായ, കാപ്പി, കൃത്രിമ ഭക്ഷ്യപേയങ്ങൾ; ബേക്കറി പലഹാരങ്ങൾ, എണ്ണയിൽ വറുത്തെടുത്ത എല്ലാത്തരം ഭക്ഷ്യവസ്തുക്കളും ഉപ്പിലിട്ടതും മസാലക്കൂട്ടുകളും അച്ചാറുകളും മൈദ, വനസ്പതി എന്നിവയും ഒഴിവാക്കേണ്ടതാണ് എന്ന് പ്രകൃതിചികിത്സകർ നിർദേശിക്കുന്നു. അമിതഭക്ഷണം പൊണ്ണത്തടിക്ക് കാരണമാവുന്നു. തടി കുറയ്ക്കാൻ ആഗ്രഹിക്കുന്നവരിൽ ആദ്യം ഓർമ്മയിലെത്തുക പ്രകൃതിചികിത്സയായിരിക്കും. പ്രകൃതിജീവനത്തിലേക്ക് വന്നവരിൽ തടി കുറയുന്നത് ഭക്ഷണത്തിന്റെ അളവു കുറയുന്നതു കൊണ്ടല്ല, കഴിക്കുന്ന വിഭവങ്ങളിലെ ദോഷങ്ങൾ കുറയുന്നതു കൊണ്ടാണ്.ഇതറിയാത്തതാണ് ആഹാരം കുറച്ചിട്ടും പലരുടെയും വണ്ണം കുറയാത്തതിന്റെ കാരണം.

മനുഷ്യ ശരീരത്തിനേറ്റവും യോജിച്ചത് പ്രകൃതി കനിഞ്ഞനുഗ്രഹിച്ചിട്ടുള്ള പഴവർഗങ്ങളും അണ്ടി വർഗങ്ങളും കിഴങ്ങുവർഗങ്ങളും പച്ചക്കറികളും തന്നെയാണ്. അതതു കാലത്തു കിട്ടുന്ന എല്ലാ പഴവർഗങ്ങളും കഴിക്കാം. പച്ചയായി കഴിക്കാൻ പറ്റുന്ന പഴവർഗങ്ങൾ അങ്ങനെ തന്നെ കഴിക്കണം. എങ്കിലേ ശരീരത്തിനാവശ്യമായ ധാതുക്കളും നാരുകളും കിട്ടുകയുള്ളൂ. അണ്ടിവർഗങ്ങൾ മിതമായും കിഴങ്ങുവർഗങ്ങൾ ധാന്യാഹാരത്തിനു പകരമായും മാത്രമേ കഴിക്കാവൂ. മനുഷ്യന് മൂന്നു നേരത്തെ ആഹാരം മതി. അവ തമ്മിൽ മതിയായ ഇടവേളകൾ ഉണ്ടായിരിക്കണം. എങ്കിലേ ആമാശയത്തിനും ദഹനേന്ദ്രിയവ്യൂഹത്തിനും മറ്റും കരുത്താർജ്ജിക്കാനുള്ള സമയം ലഭിക്കൂ ഇവയിൽ ഒരു നേരത്തെ ആഹാരം വേവിക്കാത്ത പച്ചക്കറികളോ പഴങ്ങളോ ആയാൽ വളരെ ഉത്തമം. മറ്റു രണ്ടു നേരത്തെ ആഹാരം ധാരാളം പച്ചക്കറികളും കുറച്ച് ധാന്യവും ആയിരിക്കണം ഇത്തരമൊരു ആരോഗ്യ പദ്ധതി പിന്തുടരുന്ന ഏതൊരാൾക്കും രോഗപീഡകളിൽ നിന്ന് വലിയൊരളവുവരെ മുക്തി ലഭിക്കും എന്നത് നിസ്സംശയം പറയാം.

“ശരിയായി ജീവിക്കുക എന്ന കല എന്നു മുതൽ ജനങ്ങൾ പ്രാക്ടീസ് ചെയ്തു തുടങ്ങുന്നുവോ അന്നു മുതൽ ഡോക്ടർമാർക്ക് അവരുടെ പ്രാക്ടീസ് നിർത്തിവച്ച് കൃഷിയിടങ്ങളിലേക്കോ തൊഴിൽ ശാലകളിലേക്കോ പോകേണ്ടി വരും”. ആധുനിക പ്രകൃതി ചികിത്സയുടെ പിതാവായ ഡോ.ഐസക് ജന്നിംഗ്സിന്റെ ഈ നിരീക്ഷണം ഏറെ പ്രസക്തമാകുന്ന കാലഘട്ടമാണിത്.




ബാബു. പി.
സംഗീതാധ്യാപകൻ

# ലയ വാദ്യതരംഗം

കലയും സംസ്കാരവും തമ്മിലുള്ള ബന്ധം വിത്തും വൃക്ഷവും പോലെയാണ് വിത്തിൽ നിന്ന് വൃക്ഷമുണ്ടാകുന്നു വൃക്ഷത്തിൽ നിന്ന് വിത്തും. മനുഷ്യവളർച്ചയുടെ സൃഷ്ടിയാണ് കല. കാലങ്ങളായി മനുഷ്യർ ആർജിച്ച വികാസത്തിന്റെ ചൈതന്യമത്രയും അതുൾക്കൊള്ളുന്നു അതോടൊപ്പം കല മനുഷ്യ സംസ്കാരത്തിന്റെ സ്രഷ്ടാവുമാണ് താളബോധവും നാദഭംഗിയും വർണ്ണ സൗന്ദര്യവും തിരിച്ചറിയാൻ കഴിയാത്ത ഒരു ജനത ഒരിക്കലും പുരോഗതി പ്രാപിക്കുകയില്ല കാലത്തെ വെല്ലുന്ന കരുത്താർജിക്കാൻ മനുഷ്യസമൂഹത്തിന് പ്രാപ്തി നൽകുന്നത് കല തന്നെയാണ് കലയും സംസ്കാരവും പരസ്പര പൂരകമായി നിലകൊള്ളുന്നു കലയെ കുറിച്ചുള്ള പഠനം മനുഷ്യ സംസ്കാരത്തിന്റെ ചൈതന്യ കേന്ദ്രത്തിൽ നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു സംസ്കൃതമായ മനസ്സ് കലാസൗന്ദര്യത്തിന് വേണ്ടി കണ്ണുകൾ തുറക്കുകയും ചെയ്യുന്നു ആശയങ്ങൾ കൈമാറുന്നതിനും വികാര വിചാരങ്ങൾ പ്രകടിപ്പിക്കുന്നതിനും വേണ്ടി പണ്ടു മുതൽക്കേ മനുഷ്യർ ഉപയോഗിച്ചു വന്നിരുന്ന മാധ്യമമാണ് കല.

'ശ്രുതിമാതാ ലയപിതാ' എന്ന ആപ്തവാക്യത്തിൽ ലയത്തിനുള്ള സ്ഥാനം മഹത്തരമാണെന്ന് നമുക്ക് ഊഹിക്കാം. ലയത്തോടുകൂടിയുള്ള സംഗീതം മാത്രമേ ഇന്ന് ആളുകൾ അംഗീകരിക്കുന്നുള്ളൂ. സംഗീതത്തിനെ പോഷിപ്പിക്കാൻ പല തരത്തിലുള്ള ലയവാദ്യങ്ങളും ഉപയോഗിച്ചു വരുന്നു. സംഗീത കച്ചേരി, വയലിൻ കച്ചേരി, വീണക്കച്ചേരി എന്നിവയ്ക്ക് ലയവാദ്യങ്ങളും, ഭരതനാട്യം, മോഹിനിയാട്ടം, കുച്ചുപ്പുടി എന്നീ നൃത്തരൂപങ്ങൾക്ക് മൃദംഗം, ഇടയ്ക്ക എന്നീ വാദ്യങ്ങളും, കഥകളി, കൃഷ്ണനാട്ടം എന്നിവയ്ക്ക് ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം എന്നിവയും കൂത്തിന് മിഴാവും ഉപയോ





"

പരമശിവൻ ആനന്ദ താണ്ഡവം ചെയ്യുന്ന അവസരത്തിൽ പാദങ്ങളിൽ അണിഞ്ഞിരുന്ന ചിലങ്ക അഴിഞ്ഞ് മേൽപ്പോട്ട് പോയെന്നും ശിവൻ അതിനെ പിടിക്കാൻ ശ്രമിക്കവെ അത് 'ത'എന്ന ശബ്ദത്തോടെ അദ്ദേഹത്തിന്റെ തോളിൽ തട്ടി 'ളം' എന്ന ശബ്ദത്തോടെ തറയിൽ വീണെന്നും അങ്ങനെ താളം എന്നു പേരു വന്നു എന്നും പറയപ്പെടുന്നുണ്ട്. പരമശിവന്റെ നൃത്തം താണ്ഡവമെന്നും പാർവതിയുടേത് ലാസ്യമെന്നുമാണ് അറിയപ്പെടുന്നത്.അങ്ങനെ താണ്ഡവ ലാസ്യങ്ങളുടെ ആദ്യാക്ഷരങ്ങൾ ചേർന്ന് താലം പിന്നീട് താളമായി മാറിയതാണെന്നും മറ്റും പല ഐതിഹ്യങ്ങൾ പ്രചരിക്കുന്നുണ്ട്. വർണ്ണം, കൃതി മുതലായവയുടെ മട്ടുകൾ ശ്രുതിലയങ്ങളുടെ ചേർച്ചയാൽ സിദ്ധിച്ചിട്ടുള്ള സംഗീത ധനങ്ങളാണ്.

"

ഗിച്ചു വരുന്നു.കൂടാതെ തെയ്യം, പടയണി, പറയൻതുള്ളൽ, ഭൈരവൻ തിറ, മുത്തപ്പൻ തിറ, ഭഗവതി തിറ, നാടൻ പാട്ടിലെ കൊയ്ത്തുപാട്ട്, ഞാറ്റു പാട്ട് നെയ്ത്തുപാട്ട്, വഞ്ചിപ്പാട്ട് കൂടാതെ തിരുവാതിരക്കളി, കോലം തുള്ളൽ, കുമ്മി, പൂതം തുള്ളൽ, കുമ്മാട്ടി, മുടിയേറ്റ്, കളംപാട്ട്, തോറ്റംപാട്ട് എന്നിങ്ങനെയുള്ള കലാരൂപങ്ങൾക്കെല്ലാം അവയുടേതായ വാദ്യങ്ങൾ കൈകാര്യം ചെയ്തു വരുന്നു. തപ്പ്, തുടി, ഇടയ്ക്ക, തൊപ്പി മദ്ദളം, ചെണ്ട, മുറിച്ചെണ്ട, മരം, ഇലത്താളം, ചേങ്ങില എന്നീ വാദ്യോപകരണങ്ങളാണ് ഇവയ്ക്ക് സാധാരണമായി ഉപയോഗിക്കുന്നത്

ചില വാദ്യങ്ങളുടെ ദൗർലഭ്യവുംഅവ കൈകാര്യം ചെയ്യുന്ന സമർത്ഥരായ ആളുകളുടെ അഭാവവും ഇത്തരം വാദ്യോപകരണങ്ങളുടെ സ്വാഭാവികമായ അവതരണത്തിന് തടസ്സമാവുന്നു. ചില വാദ്യോപകരണങ്ങൾ ഇപ്പോൾ കാഴ്ചവസ്തുവായി തന്നെ നിലകൊള്ളുന്നു രാജകീയ ഘോഷയാത്രകൾക്കും പടയൊരുക്കത്തിനു മുന്നോടിയായിട്ടും പണ്ട് ഉപയോഗിച്ചിരുന്ന പല വാദ്യങ്ങളും ഇന്ന് അപ്രധാനമായിട്ടുണ്ട്. അത്തരം ഉപകരണങ്ങൾ ഇപ്പോൾ തീരെ ഉപയോഗിക്കപ്പെടുന്നില്ല എന്നതു തന്നെ കാരണം. അതുപോലെ നാടൻ കലകളുടെ പ്രാധാന്യം കുറഞ്ഞതോടുകൂടി അതിനുപയോഗിച്ചു വന്നിരുന്ന ഉപകരണങ്ങൾക്ക് പ്രാധാന്യം കുറഞ്ഞു. ചില കലാരൂപങ്ങളും വാദ്യങ്ങളും നാമാവശേഷമായി എന്നു കാണാം.

യുവതലമുറ നാടൻ പാട്ടുകളെ പരിപോഷിപ്പിക്കുന്നുണ്ടെങ്കിലും അതിൽ ഉപയോഗിച്ചു വരുന്ന പരമ്പരാഗതമായിട്ടുള്ള താളവാദ്യങ്ങൾ കുറവാണ് എന്നുള്ളത് സങ്കടകരമായ ഒരു വസ്തുതയാണ്.ഇന്ന് നാടൻ പാട്ടുകളിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാനം പിടിച്ചു കഴിഞ്ഞു.ഇത്തരത്തിൽ മുന്നോട്ടു പോവുകയാണെങ്കിൽ തലമുറകളായി നാം ആർജ്ജിച്ചെടുത്ത പൈതൃകത്തെ തുടച്ചു മാ റ്റപ്പെടുമെന്നുള്ളതിന് സംശയമില്ല.

താളം

സംഗീതത്തിന് താളം ഒരു മുഖ്യ ഘടകമാണ്. 'ഗീത വാദ്യ നൃത്തങ്ങളെ ഏതിൽ പ്രതിഷ്ഠിച്ചിരിക്കുന്നുവോ അതാണ് താള്'മെന്ന് വ്യുല്പത്തി യർത്ഥം.കൂടാതെ താളം അഥവാ താലം എന്ന പദത്തിന് ഉള്ളം കൈ എന്നർത്ഥവുമുണ്ട്.

തൗര്യത്രികന്തു മത്തേഭാ:
താള: തസ്യാങ്കുശോ മത..

കാർത്ത്യായനൻ ഗീത വാദ്യ നൃത്തങ്ങളെ മദയാനയോടും താളത്തെ അങ്കുശ (തോട്ടി)ത്തോടും ഉപമിച്ചിരിക്കുന്നു. മത്സ്യങ്ങൾ ജലത്തിൽ ജീവിച്ച് അതിൽ തന്നെ മരിക്കുന്നതു പോലെ സംഗീതം കാലത്തിൽ ജീവിച്ച് അതിൽ തന്നെ അവസാനിക്കുന്നുവെന്നൊരു പണ്ഡിതൻ അർത്ഥവത്തായി പറഞ്ഞിട്ടുണ്ട് – കാലം, ക്രിയ, മാനം ഇവ മൂന്നും എപ്പോൾ ഒന്നായി ചേർന്നുവരുന്നുവോ അപ്പോഴാണ് താളത്തിന്റെ ഉല്പത്തി എന്ന് അമരസിംഹനും പറഞ്ഞിട്ടുണ്ട്.

പരമശിവൻ ആനന്ദ താണ്ഡവം ചെയ്യുന്ന അവസരത്തിൽ പാദങ്ങളിൽ അണിഞ്ഞിരുന്ന ചിലങ്ക അഴിഞ്ഞ് മേൽപ്പോട്ട് പോയെന്നും ശിവൻ അതിനെ പിടിക്കാൻ ശ്രമിക്കവെ അത് 'ത'എന്ന ശബ്ദത്തോടെ അദ്ദേഹത്തിന്റെ തോളിൽ തട്ടി 'ളം' എന്ന ശബ്ദത്തോടെ തറയിൽ വീണെന്നും അങ്ങനെ താളം എന്നു പേരു വന്നു എന്നും പറയപ്പെടുന്നുണ്ട്. പരമശിവന്റെ നൃത്തം താണ്ഡവമെന്നും പാർവതിയുടേത് ലാസ്യമെന്നുമാണ് അറിയപ്പെടുന്നത്.അങ്ങനെ താണ്ഡവ ലാസ്യങ്ങളുടെ ആദ്യാക്ഷരങ്ങൾ ചേർന്ന് താലം പിന്നീട് താളമായി മാറിയതാണെന്നും മറ്റും പല ഐതിഹ്യങ്ങൾ പ്രചരിക്കുന്നുണ്ട്. വർണ്ണം, കൃതി മുതലായവയുടെ മട്ടുകൾ ശ്രുതി ലയങ്ങളുടെ ചേർച്ചയാൽ സിദ്ധിച്ചിട്ടുള്ള സംഗീത ധനങ്ങളാണ്. ലയത്തെ ആധാരമാക്കി സംഗീതത്തിൽ ഏഴ് താളങ്ങളുണ്ട്. അവ സപ്ത താളങ്ങൾ എന്നറിയപ്പെടുന്നു. ധ്രുവതാളം, മഠ്യതാളം, രൂപ ക താളം, ഝംപതാളം, തൃപുട താളം, ആ താളം ഏക താളം എന്നിങ്ങനെയാണ് സപ്ത താളങ്ങൾ. താളങ്ങൾക്ക് ഓരോന്നിനും മൂന്ന് അംഗങ്ങളുണ്ട്.

ലഘു– കൈത്തലം കൊണ്ടടിച്ച് വിരലുകൾ എണ്ണുന്ന രീതി.

> “സംഗീതത്തിന്റെ പ്രധാന ഘടകം ശ്രുതി തന്നെ. ശ്രുതിയെന്നാൽ ഒരു ഗാനത്തിന്റെ ആദ്യന്തം വരെ സ്ഥായിയായി നില നിൽക്കേണ്ടുന്ന നിശ്ചിത സ്വര മിശ്രണം ചെയ്ത പശ്ചാത്തല ശബ്ദം എന്നു പൊതുവെ നിർവചിക്കാം.”




ദ്രുതം – ഒരടിയും തുടർന്ന് കൈമലർത്തി ഒരു വീച്ചും.

അനുദ്രുതം – ഒരടി മാത്രം അടിക്കുന്ന രീതി. ഇവയിൽ ലഘുവിന് അക്ഷരകാലങ്ങളുടെ വ്യത്യാസമനുസരിച്ച് ചതുരശ്രം, തിശ്രം, മിശ്രം, ഖണ്ഡം, സങ്കീർണ്ണം എന്നീ ജാതിക്രമങ്ങളുണ്ട്. ദ്രുതം, അനു ദ്രുതം എന്നിവയ്ക്ക് അക്ഷര കാലങ്ങളിൽ മാറ്റമില്ല. സപ്ത താളങ്ങളിൽ ഓരോന്നിനും അഞ്ച് ജാതി വ്യത്യാസങ്ങൾ കൂടി വരുമ്പോൾ 35 താളങ്ങൾ .ഇവയിൽ അക്ഷര കാലങ്ങൾ വ്യത്യസ്തമാകുമ്പോൾ താളങ്ങളുടെ എണ്ണം 175 വരുന്നു.എന്നാൽ ആദ്യം സൂചിപ്പിച്ച 35 എണ്ണം മാത്രമേ താളമിട്ട് കാണിക്കാൻ സാധിക്കൂ. ബാക്കിയുള്ളവ വാദ്യങ്ങളിൽ വായിച്ചു മാത്രമേ കണക്കാക്കാൻ സാധിക്കൂ. സമ്യക്കാകുന്ന ഗീതം എന്നാണ് സംഗീതം എന്ന പദത്തിന് അർത്ഥം. സംഗീതത്തിന്റെ പ്രധാന ഘടകം ശ്രുതി തന്നെ. ശ്രുതിയെന്നാൽ ഒരു ഗാനത്തിന്റെ ആദ്യന്തം വരെ സ്ഥായിയായി നില നിൽക്കേണ്ടുന്ന നിശ്ചിത സ്വര മിശ്രണം ചെയ്ത പശ്ചാത്തല ശബ്ദം എന്നു പൊതുവെ നിർവചിക്കാം. എന്നാൽ സംഗീത ശാസ്ത്ര പ്രകാരം നിയതമായ ആ വൃത്തിബന്ധത്തിൽ തൊട്ടടുത്തുള്ള ഏതെങ്കിലും രണ്ടു സ്വരസ്ഥാനങ്ങൾക്കിടയിലുള്ള ഇടവേളകളെ പൊതുവായി പറയുന്ന പേരാണ് ശ്രുതികൾ. വ്യത്യസ്ത സംഗീതപാരമ്പര്യങ്ങളിൽ ഇവയുടെ എണ്ണം വ്യത്യസ്തമാണുതാനും.

സംഗീതം, ഭാഷയെന്നതു പോലെ മനുഷ്യന്റെ മാത്രം സ്വത്താണ് .അത് സാർവത്രികമാണ്.സംഗീതം 'സംസാരിക്കുമ്പോൾ' നമ്മുടെ വികാരങ്ങൾ 'കാതോർക്കുന്നു' എന്ന് 'സംഗീത സാന്ദ്രമായ മനസ്സ്' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയത് ശ്രദ്ധേയമാണ്. ശ്രോതാവിന്റെ വികാരങ്ങളെ തഴുകിയുണർത്താൻ പോന്ന തരത്തിലുള്ള പ്രത്യേക സോണിക് ഇഫക്ടുകൾ സൃഷ്ടിക്കാൻ സംഗീതത്തിനു കഴിയുന്നു. ഒരു നിമിഷാർധം കൊണ്ട് ആരിലും വികാരാനുഭൂതികളുടെ തരംഗങ്ങൾ ഉണർത്താൻ സംഗീതത്തിനുള്ള കഴിവ് അപാരം തന്നെ.







محمد شحشاد
6D

# يوم العالمى للغة العربية

في  عام1973 مِن شَهْرِ ديسَمْبَرْ 18 اعْتَرَفَتْ هَيْئَةُ الا ممِ الْمُتَّحِدَة
اللغَةَ العَرَبِيَّة احَدُ اللغَات الرَّسْمِيّة.
مُنْذُ  هذا الْيَوْم يَحْتَفِلُ 18 دِيسَمْبَرْ بِاليَوْم الْعالَمِي للغَةِ العَرَبِيَّةِ
اللغَة الْعَرَبِيَة لُغَةٌ جَمِيلَةٌ وَهِيَ لُغَةُ القُرْآن
يَتَكَلّمُ بِهَا مَلآيِن مِنَ النَّاس في اَنْحَاء الْعَالم
هَذا الْيَوْم انّ اَبْوَابَ الْعَالم قَدْ فُتِحَتْ اَمَامَكُم بوَظَائِف   مُخْتَلِفَة اِذَا كَانَ لَدَيْكُم الْمَلَكَة في العَرَبِيّة والمَهَارَةَ فِيهَا والفُرَصُ
اَمَامَكُم مَفْتُوحَةٌ





പരമേശ്വരൻ കൂട്ടാവിൽ
എച്ച്. എസ്. ടി. ചരിത്രം

# ചരിത്ര രചനയിലെ
# കൊളോണിയൽ താല്പര്യം

ഇന്ത്യയുടെ സമഗ്രമായ ചരിത്രപഠനം എന്നു പറയാവുന്ന ചരിത്ര ഗ്രന്ഥങ്ങൾ തീരെ ഇല്ലെന്ന് തന്നെ പറയാം. ബ്രിട്ടീഷ് ചരിത്രകാരന്മാർ സംവിധാനം ചെയ്ത ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം പല കാരണങ്ങളാലും വികലവും അപൂർണ്ണവുമാണ്.

കീഴടക്കപ്പെട്ട ഒരു ജനതയുടെ മേൽ ആധിപത്യം തുടർന്നു പോകുന്നവർക്ക് അത് തുടർന്നും നില നിർത്തിപ്പോരുവാൻ വേണ്ട ഉപകരണോപാധി കളുടെ ഘടകമായി മാത്രം പ്രയോജനപ്പെടുന്ന ചരിത്ര രചനയാണ് അവർ നടത്തിയത്.

ഏതു രാജ്യത്തിന്റെ പൊതു ചരിത്രരചന നടത്തുമ്പോഴും സൗകാര്യാർത്ഥം അതിനെ വിവിധ കാലഘട്ടങ്ങളായി തിരിക്കാറുണ്ട്. ലോകചരിത്രം പഠിക്കുന്ന വിദ്യാർത്ഥികൾ എ ഡി 476 – ൽ പടിഞ്ഞാറൻ റോമാസാമ്രാജ്യത്തെ തകർത്ത ആക്രമണം പൗരാണിക ലോകത്തിന്റെ അന്ത്യം കുറിക്കുന്ന സംഭവമായി കണക്കാക്കുന്നു. മധ്യകാലഘട്ടത്തിന്റെ അവസാനം 1451 –ൽ കിഴക്കൻ റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിളിന്റെ പതനത്തോടു കൂടിയും ആധുനിക കാലഘട്ടത്തിന്റെ തുടക്കം കുറിക്കുന്നത് ഇവിടം മുതലാണെന്നും കണക്കാക്കപ്പെടുന്നു.

ഇതേപ്പോലെ ഇന്ത്യയുടെ പ്രാചീന കാലഘട്ടം മുസ്ലിം ആക്രമണത്തോടെ അവസാനിക്കുന്നതായും മധ്യകാലഘട്ടം ഇംഗ്ലീഷ് ആധിപത്യത്തോടു കൂടി അസ്തമിക്കുന്നതായും നാം പഠിച്ചിട്ടുണ്ട്. ഈ വിഭജനം നടത്തിയത് ഇന്ത്യാ ചരിത്രം ആദ്യമായി ക്രോഡീകരിക്കാൻ ശ്രമിച്ച എൽഫിൻസ്റ്റനാണ്. അദ്ദേഹമാകട്ടെ ഈ വിഭജനം നടത്തിയത് വർഗ്ഗീയ അടിസ്ഥാനത്തിൽ മാത്രമാണ്. നമ്മുടെ പൗരാണിക കാലഘട്ടത്തെ ഹൈന്ദവ ആധിപത്യ കാലമെന്നും മധ്യകാലം മുസ്ലിം കാലഘട്ടമായും ശേഷിച്ചതിനെ നവീന കാലഘട്ടമെന്നുമാണ് വിഭജിച്ചത്.ഇന്ത്യയിലെ രണ്ട് പ്രധാന മതങ്ങളായ ഹിന്ദുക്കൾക്കും മുസ്ലിംങ്ങൾക്കും അവരുടേതെന്ന് തോന്നുന്ന ആ കാലഘട്ടത്തോട് മാത്രം പ്രീതിയും ഉത്സാഹവും ഉണ്ടാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. അതോടൊപ്പം തങ്ങളുടേതല്ലാത്ത കാലഘട്ടത്തെ വെറുപ്പോടും താൽപര്യക്കുറവോടു കൂടിയും മാത്രം വീക്ഷിക്കുവാൻ ഓരോ വിഭാഗത്തേയും പ്രേരിപ്പിക്കുക എന്ന ലക്ഷ്യവും അവർക്കുണ്ടായിരുന്നു.അങ്ങനെ ഇവിടത്തെ രണ്ടു പ്രബല സമുദായങ്ങളെ മാനസികമായും സാംസ്കാരികമായും ഭിന്നിപ്പിച്ചു നിർത്തി അതിൽ നിന്നും മുതലെടുത്ത് സ്വയം ശക്തരാവുക എന്നതായിരുന്നു അവരുടെ ലക്ഷ്യം.

നമ്മുടെ സാംസ്കാരിക പൈതൃകങ്ങളായ വാസ്തുശില്പങ്ങളും വിശ്വപ്രതിഭകളെപ്പോലും അതിശയിപ്പിക്കുന്ന കൂറ്റൻ ഗോപുരങ്ങളോടുകൂടിയ ക്ഷേത്ര സംവിധാനങ്ങളുമെല്ലാം ഒരു മുസ്ലീമിനെ സംബന്ധിച്ചിടത്തോളം അത്ര ആവേശം പകരുന്ന ഒന്നല്ല. ഇതേ മനസ്ഥിതി തന്നെയാണ് മധ്യകാലഘട്ടത്തിലെ മുസ്ലിം ചക്രവർത്തിമാരാൽ സംഭാവന നൽകപ്പെട്ട അത്ഭുത സൃഷ്ടികളെ സംബന്ധിച്ചുള്ള ഹൈന്ദവ വികാരവും. ജുമാമസ്ജിദ് തുടങ്ങിയ പള്ളികളും താജ്മഹൽ തുടങ്ങിയ ധാരാളം കണ്ണഞ്ചിപ്പിക്കുന്ന ശവകുടീരങ്ങളും കൊണ്ട് ഇന്ത്യൻ ശരീരത്തെ മോടിപിടിപ്പിച്ച് ലോക രാഷ്ട്രങ്ങൾക്കിടയിൽ ഒട്ടും പിന്നിലല്ലാത്ത സ്ഥാനമാനങ്ങൾ നേടിക്കൊടുത്ത നമ്മുടെ മധ്യകാലഘട്ടത്തിലെ ഉയർന്നു നിൽക്കുന്ന സൗധങ്ങൾ ഇന്ത്യയുടെ ദേശീയ സമ്പത്തായി കരുതുകയും അഭിമാനിക്കുകയും ചെയ്യുന്ന എത്ര ഹൈന്ദവ സഹോദരങ്ങളാണ് ഉള്ളതെന്ന് പരിശോധിക്കുകയാണെങ്കിൽ അവരുടെ എണ്ണം വളരെ കുറവായിരിക്കുമെന്നാണ് വാസ്തവം.നമ്മുടെ ദേശീയ പാരമ്പര്യത്തിലും പൈതൃകത്തിലും ഇഴുകിച്ചേരാൻ സാധിക്കുന്ന ദേശീയ ബോധമുള്ള ഹിന്ദുവും മുസൽമാനും അങ്ങനെ ഇല്ലാതായിരിക്കയാണ്.


ഇന്ത്യയുടെ മഹത്തായ സാംസ്കാരിക സംഭാവനകളത്രയും ഒരു വിഭാഗത്തിന്റേയോ സമുദായത്തിന്റെയോ അല്ലെന്നും മറിച്ച് ഈ രാജ്യത്തിലെ എല്ലാ ജനവിഭാഗത്തിന്റേയും കൂട്ടായ സ്വത്താണെന്നും അതിന്റെ നേട്ടവും കോട്ടവും എല്ലാം തന്നെ ഒന്നിച്ചനുഭവിക്കേണ്ടതു തന്നെയാണെന്നുമുള്ള ദേശീയമായ വീക്ഷണവും ബോധവും ഉണ്ടാക്കുന്നതും അരക്കിട്ടുറപ്പിക്കുന്നതുമായിരിക്കണം നമ്മുടെ ദേശീയ ചരിത്രം.

അപ്പോൾ ഇവിടെ ഊന്നിപ്പറയുന്ന പ്രധാന പ്രമേയം ചരിത്രരചനാ രംഗത്ത് സാരമായ മാറ്റം ഉണ്ടാകണമെന്നതാണ് .വിപ്ലവാത്മകമായ ആ മാറ്റത്തിലൂടെ മാത്രമേ ഇന്ത്യയുടെ സത്യസന്ധമായ ദേശീയ ചരിത്രം സംവിധാനം ചെയ്യാനും ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിൽ രോമാഞ്ചം കൊള്ളുന്ന ദേശീയ ബോധമുള്ള പൗരന്മാരായിത്തീരാൻ സാധിക്കും വിധം സംസ്കാര സമ്പന്നരായി നമ്മൾ മാറുകയുള്ളൂ.



ഇല്യാസ് പെരിമ്പലം
യു.പി.എസ്.എ

# ഗുരുത്വാകർഷണം
# കഥയും കാര്യവും



അമ്മയുടെ കൃഷിയിടത്തിൽ വച്ചുണ്ടായ തികച്ചും സാധാരണമായ ഒരു അനുഭവമാണ് ലോകത്തിന്റെ ഗതി മാറ്റി മറിച്ച ഗുരുത്വാർഷണ സിദ്ധാന്തം ആവിഷ്ക്കരിക്കുന്നതിലേക്ക് ന്യൂട്ടനെ നയിച്ചത് എന്നൊരു കഥയുണ്ട്. കൃഷിയിടത്തിലിരിക്കുന്ന ന്യൂട്ടന്റെ തലയിലേക്ക് ഒരു ആപ്പിൾ വീണു എന്നാണ് കഥ. ആപ്പിളിനെ ഭൂമിയിലേക്ക് വീഴാൻ പ്രേരിപ്പിക്കുന്ന അതേ ബലം തന്നെയല്ലേ ചന്ദ്രനെ വരുതിയിൽ നിർത്താൻ ഭൂമി പ്രയോഗിക്കുന്നത്? ഇതായിരുന്നു ന്യൂട്ടന്റെ ചിന്ത. 'ഗുരുത്വാകർഷണം' എന്ന സങ്കൽപം അങ്ങനെ ഉദയം കൊണ്ടു. പ്രകൃതിനിയമങ്ങൾ ഭൂമിയിലുള്ള വസ്തുക്കൾക്കും ആകാശ ഗോളങ്ങൾക്കും വ്യത്യസ്തമാണെന്ന അരിസ്റ്റോട്ടിലിന്റെ സിദ്ധാന്തം ഇതോടെ ചോദ്യം ചെയ്യപ്പെട്ടു. ഗുരുത്വാകർഷണ സിദ്ധാന്തം ആവിഷ്ക്കരിച്ചത് ന്യൂട്ടനാണെങ്കിലും ഈ കഥ സംഭവിച്ചതിന് തെളിവൊന്നുമില്ല.

പ്രപഞ്ചത്തിന്റെ ഘടനയും ഗതിയും നിയന്ത്രിക്കുന്ന അടിസ്ഥാന ബലമാണ് ഗുരുത്വബലം. മുകളിലേക്കെറിഞ്ഞ കല്ല് താഴേക്ക് വീഴുന്നു, കടൽജലത്തിന് വേലിയേറ്റമുണ്ടാകുന്നു, സൂര്യനെ ഗ്രഹങ്ങൾ ചുറ്റിക്കറങ്ങുന്നു, നക്ഷത്രാന്തര പൊടിപടലങ്ങളിൽ നിന്ന് നക്ഷത്രങ്ങൾ പിറവിയെടുക്കുന്നു തുടങ്ങി ഒട്ടനവധി പ്രകൃതി പ്രതിഭാസങ്ങൾക്ക് നിദാനമായ ബലമാണിത്. പ്രപഞ്ചത്തിന്റെ സ്ഥൂലഘടനയെ നിയന്ത്രിക്കുന്നത് ഗുരുത്വമാണെന്ന് സാരം.

**ഗുരുത്വാകർഷണനിയമം**

പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും പരസ്പരം

ആകർഷിക്കുന്നു. രണ്ട് വസ്തുക്കൾ തമ്മിലുള്ള ആകർഷണബലം അവയുടെ പിണ്ഡങ്ങളുടെ (ഗമലൈ) ഗുണനഫലത്തിന് നേർ അനുപാതത്തിലും അവ തമ്മിലുള്ള അകലത്തിന്റെ വർഗത്തിന്റെ വിപരീതാനുപാതത്തിലുമായിരിക്കും. ഇതാണ് ഗുതുത്വാകർഷണസിദ്ധാന്തത്തിന്റെ കാതൽ. 1666 ലാണ് ന്യൂട്ടൻ തന്റെ ഗുതുത്വാകർഷണസിദ്ധാന്തം പ്രസിദ്ധപ്പെടുത്തിയത്. ഇതനുസരിച്ച് ഗുതുത്വാകർഷണബലം F=G-m1-m2/R2. ഇവിടെ ഏ എന്നത് ഗുരുത്വാകർഷണസ്ഥിരാങ്കമാണ്. m1-, -m2 എന്നിവ വസ്തുക്കളുടെ പിണ്ഡവും (Mass), R അവ തമ്മിലുള്ള അകലവുമാണ്. G യുടെ മൂല്യം $6.67\times10^{-11}$ $Nm^2 Kg^{-2}$ ആണ്. ന്യൂട്ടന്റെ കാലശേഷം 1798 ൽ ഹെൻറി കാവൻഡിഷ് ആണ് ഇത് കണ്ടുപിടിച്ചത്.

**നമ്മളും പരസ്പരം ആകർഷിക്കുന്നു !**

സൂത്രവാക്യമനുസരിച്ച് പ്രകൃതിയിലെ പിണ്ഡമുള്ള എല്ലാ വസ്തുക്കളും പരസ്പരം ആകർഷിക്കുന്നുവല്ലോ. എങ്കിൽ ഗ്രൗണ്ടിൽ കളിക്കുന്ന രണ്ടുപേർ, പരസ്പരമുള്ള ആകർഷണം മൂലം എന്തു കൊണ്ട് വലിച്ചടുപ്പിക്കപ്പെടുന്നില്ല?

ഉത്തരം ലളിതമാണ്. ഭൂമിയുടെ ശക്തമായ ഗുരുത്വാകർഷണബലത്തെയും തറയുമായുള്ള ഘർഷണബലത്തെയും അതിജീവിച്ച് വലിച്ചടുപ്പിക്കപ്പെടാൻ മാത്രം ശക്തമായ ആകർഷണബലം ഇവർക്കിടയിലില്ല. കാരണം ഗുരുത്വാകർഷണസ്ഥിരാങ്കമായ ഏ യുടെ മൂല്യം $6.67\times10^{-11}$ എന്ന വളരെ ചെറിയ സംഖ്യയായതു തന്നെ. എന്നാൽ മറ്റൊരു ബലത്താലും സ്വാധീനിക്കപ്പെടാത്ത ഒരന്തരീക്ഷം സംജാതമാക്കിയാൽ അവിടെ അടുത്തടുത്ത്



നിൽക്കുന്ന രണ്ടുപേർ അത്യധികം സാവധാനമെങ്കിലും പരസ്പരം ആകർഷിക്കപ്പെട്ട് അടുപ്പിക്കപ്പെടും. നേരിയ ഈ ആകർഷണമാണ് മൈക്രോഗ്രാവിറ്റി. ബഹിരാകാശവാഹനങ്ങൾക്കുള്ളിൽ വെച്ച് നടത്തുന്ന പരീക്ഷണങ്ങളിൽ ഇത് തിരിച്ചറിയാനും അളന്ന് തിട്ടപ്പെടുത്താനും സാധിക്കാറുണ്ട്.

**മാറുന്ന ഭാരവും മറാത്ത പിണ്ഡവും**

ആറു കിലോഗ്രാം അരി ഒരു സഞ്ചിയിലാക്കി ചന്ദ്രനിൽ കൊണ്ടുപോയി ഒരു സാധാരണ ത്രാസും തൂക്കക്കട്ടികളും ഉപയോഗിച്ച് തൂക്കുന്നു എന്ന് സങ്കൽപ്പിക്കുക. ത്രാസ് ബാലൻസ് ചെയ്യാൻ അവിടെയും ആറു കിലോഗ്രാമിന്റ തൂക്കക്കട്ടികൾ തന്നെ ഉപയോഗിക്കേണ്ടി വരും. എന്നാൽ സഞ്ചി ഒരു സ്പ്രിങ് ത്രാസിൽ കൊളുത്തിയാണ് തൂക്കുന്നതെങ്കിലോ. ഏകദേശം ഒരു കിലോഗ്രാം ഭാരമായിരിക്കും സ്പ്രിങ്ത്രാസ് കാണിക്കുക. കാരണമെന്താണ്? സാധാരണത്രാസ് അളക്കുന്നത് വസ്തുവിന്റെ പിണ്ഡം (Mass) അഥവാ ദ്രവ്യത്തിന്റെ അളവാണ്. അതിന് എവിടെച്ചെന്നാലും മാറ്റം വരുന്നില്ല. എന്നാൽ സ്പ്രിങ്ത്രാസ് കാണിക്കുന്നത് വസ്തുവിന്റെ ഭാരമാണ്. ഇതിനെ നിർണയിക്കുന്നത് അതിൽ അനുഭവപ്പെടുന്ന ഗുരുത്വാകർഷണബലമാണ്. ഇത് കണക്കാക്കാൻ F=mg എന്ന സൂത്രവാക്യം ഉപയോഗിക്കാം. g യുടെ മൂല്യം ഭൂമിയിൽ 9.8 N ഉം ചന്ദ്രനിൽ 1.62 N ഉം ആണ്.

അപ്പോൾ 6 കിലോഗ്രാം അരിയുടെ ഭൂമിയിലെ ഭാരം = 6×9.8=58.898 N ആണ്.

1K-g -w-t- =9.8N ആയതിനാൽ

ഭൂമിയിലെ ഭാരം= 58.89/9.8=6 K-g W-t-

ചന്ദ്രനിലെ ഭാരം = 6X1.62=9.72N=9.72/9.8=0.99Kg Wt- (ഏകദേശം 1 Kg)

**ഗുരുത്വമില്ലേൽ മുകളും താഴെയും തഥൈവ!**

ചന്ദ്രനെ കാണാൻ നാം എങ്ങോട്ടാണ് നോക്കാറ്? മുകളിലേക്ക് അല്ലേ? എന്നാൽ ചന്ദ്രനിൽ പോയാൽ ഭൂമിയെ കാണാൻ എങ്ങോട്ടാണ് നോക്കേണ്ടി വരിക? പെട്ടെന്ന് 'താഴേക്ക്' എന്ന് നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ ചന്ദ്രനിൽ നിന്ന് താഴേക്ക് നോക്കിയാൽ സ്വന്തം കാൽച്ചുവട്ടിൽ ചന്ദ്രന്റെ ഉപരിതലം തന്നെയല്ലേ കാണുക? ചന്ദ്രനിൽ നിന്ന് ഭൂമിയെ കാണാൻ മുകളിലേക്ക് നോക്കണം. അപ്പോൾ എന്താണ് മുകളും താഴെയും? ചിത്രം നാക്കു.

ഭൗമോപരിതലത്തിൽ എതിർവശങ്ങളിൽ നിൽക്കുന്ന രണ്ട് പേർക്കും മുകൾഭാഗം ഒരേ ദിശയിലാണോ? താഴെയോ? മുകൾ, താഴെ എന്നിവ ആപേക്ഷികമാണെന്ന് മനസ്സിലായില്ലേ? ഗോളങ്ങളുടെ ഗുരുത്വാകർഷണദിശയുമായി ബന്ധിപ്പിച്ചേ



മുകൾ, താഴെ എന്നിവ പറയാനാകൂ. ഗുരുത്വാകർഷണബലം അനുഭവപ്പെടുന്ന ദിശയാണ് താഴെ, അതിന്റെ എതിർദിശ മുകൾ. അതിനാൽ ഭൂമിക്ക് ചുറ്റുഭാഗത്തും മുകൾ ഉണ്ട്. ഇതു തന്നെയാണ് ചന്ദ്രന്റെയും അവസ്ഥ. ചന്ദ്രനിൽ നിൽക്കുമ്പോൾ നാം ആകർഷിക്കപ്പെടുക ചന്ദ്രനിലേക്കാണ്. അതിന്റെ എതിർദിശയിലുള്ള ഭൂമി സ്വാഭാവികമാകും മുകളിലാവും.

**ഗോളമാവണോ, ആവശ്യത്തിന് ഗുരുത്വം വേണം!**

സൂര്യനടക്കമുള്ള നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, ചില ഉപഗ്രഹങ്ങൾ എന്നിവക്ക് എന്തുകൊണ്ട് ഗോളാകൃതി? സൗരയൂഥാംഗങ്ങളായ ഛിന്നഗ്രഹങ്ങൾ, വാൽനക്ഷത്രങ്ങൾ, ചില ഉപഗ്രഹങ്ങൾ എന്നിവക്ക് എന്തുകൊണ്ട് ഗോളാകൃതിയില്ല? കേന്ദ്രത്തിലേക്ക് അനുഭവപ്പെടുന്ന ശക്തമായ ഗുരുത്വാകർഷണബലം മൂലമാണ് സൗരയൂഥാംഗങ്ങൾക്ക് ഗോളാകൃതി കൈവരുന്നത്. ഇതിന് അസാമാന്യമായ പിണ്ഡം ആവശ്യമാണ്. പിണ്ഡക്കുറവ് കാരണമാണ് ഛിന്നഗ്രഹ

ങ്ങൾ, വാൽനക്ഷത്രങ്ങൾ, ചില ഉപഗ്രഹങ്ങൾ എന്നിവക്ക് ഗോളാകൃതി പ്രാപിക്കാൻ കഴിയാതെ പോയത്.

**ഗോളാകൃതി ഒരനുഗ്രഹം**


ഭൂമിയിൽ മനുഷ്യന് നടക്കാനും ഓടാനുമെല്ലാം കഴിയുന്നത് ഭൂമിയുടെ ഗോളാകൃതി കാരണം ഗുരുത്വാകർഷണകേന്ദ്രം പിണ്ഡത്തിന്റെ കേന്ദ്രത്തിലായതുകൊണ്ടാണ്.



എന്നാൽ ക്രമരഹിതമായ രൂപം കാരണം ഛിന്നഗ്രഹങ്ങളിലും വാൽ നക്ഷത്രങ്ങളിലും ഗുരുത്വാകർഷണകേന്ദ്രം പിണ്ഡത്തിന്റെ കേന്ദ്രത്തിലായിരിക്കണമെന്നില്ല. അതിനാൽ അവിടെ വെച്ച് ചെയ്യുന്ന പ്രവൃത്തികൾക്ക് വിചിത്രമായ ഫലങ്ങൾ ഉണ്ടാകും. മുകളിലേക്കെറിഞ്ഞ കല്ല് പിന്നാക്കം വന്ന് തലക്കടിച്ചേക്കാം. ചാടിയാൽ ചിലപ്പോൾ തലകുത്തി മറിഞ്ഞ് വീണേക്കാം.

**ഗുരുത്വാകർഷണം ആകാശഗോളങ്ങൾക്ക് ബ്രേക്കിടുന്നു!**

ചന്ദ്രൻ ഭൂമിയിൽ ചെലുത്തുന്ന ഗുരുത്വാകർഷണബലം വേലിയേറ്റങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം ഭൂമിയിൽ ഒരു ബ്രേക്ക് പോലെ പ്രവർത്തിക്കുകയും ചെയ്യുന്നു.




തത്ഫലമായി ഭൂമിയുടെ ഭ്രമണവേഗത കുറഞ്ഞുകൊണ്ടിരിക്കുന്നു. അതിന്റെ ഫലമായി ദിനത്തിന്റെ ദൈർഘ്യം കൂടിക്കൊണ്ടിരിക്കുന്നു. പക്ഷെ ഇത് വളരെ കുറഞ്ഞ തോതിലാണെന്ന് മാത്രം. ഏതാണ്ട് 50,000 വർഷം കൊണ്ട് ഒരു സെക്കന്റ് എന്ന തോതിലാണ് ഭുമിയിലെ ദിനത്തിന്റെ ദൈർഘ്യം കൂടുന്നത്. മറ്റൊരു കൗതുകം കൂടിയുണ്ട്. ചന്ദ്രൻ നമ്മുടെ നേരെ തലക്ക് മുകളിൽ വരുമ്പോൾ ചന്ദ്രന്റെ ഗുരുത്വാകർഷണം മൂലം നമ്മുടെ ഭാരത്തിൽ നേരിയ കുറവ് വരുന്നുമുണ്ട്.

ഗുരുത്വാകർഷണബലം ഇനിയും ഒട്ടേറെ കൗതുകകരമായ പ്രാപഞ്ചികപ്രതിഭാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സൗരയൂഥം, പ്രപഞ്ചം എന്നിവയെക്കുറിച്ച് ആഴത്തിൽ പഠിക്കുമ്പോൾ കൂടുതൽ കാര്യങ്ങൾ കണ്ടെത്താനാവും.

**ഗുരുത്വാകർഷണസിദ്ധാന്തവും മാനവപുരോഗതിയും**

ഭൗതികശാസ്ത്രത്തിലെ എക്കാലത്തെയും ഏറ്റവും പ്രധാനപ്പെട്ട കണ്ടുപിടുത്തങ്ങളിലൊന്നാണ് ഗുരുത്വാകർഷണസിദ്ധാന്തം. ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവ ഇല്ലാത്ത ഒരു ലോകത്തെക്കുറിച്ച് നമുക്കിന്ന് ചിന്തിക്കാനാവുമോ? ഇവ സുസാധ്യമാക്കിയത് കൃത്രിമോപഗ്രഹങ്ങളാണ്. കൃത്രിമോപഗ്രഹങ്ങളുടെ വിക്ഷേപണം, അവയുടെ




പഥവും വേഗതയും നിശ്ചയിക്കൽ, ബഹിരാകാശ–ചാന്ദ്രയാത്രകൾ, അന്യഗ്രഹ പര്യവേക്ഷണങ്ങൾ എന്നിവയെല്ലാം സാധ്യമായത് സർ. ഐസക് ന്യൂട്ടൻ ഗുരുത്വാകർഷണ സിദ്ധാന്തം കണ്ടുപിടിച്ചതോടെയാണ്.
ന്യൂട്ടനു പുറമെ കെപ്ളറും കോപ്പർ നിക്കസും ഐൻസ്റ്റീനുമെല്ലാം ഗുരുത്വാകർഷണത്തെക്കുറിച്ച് ഗവേഷണം നടത്തിയവരാണ്. പക്ഷെ അതിന്റെ എല്ലാ നൂലാമാലകളും അനാവരണം ചെയ്യാൻ നമുക്കിന്നും സാധിച്ചിട്ടില്ല. അതിനാൽ ഇനിയും ഒരുപാട് ഗവേഷണവാതിലുകൾ അത് തുറന്നിടുന്നു.






Nita Venugopal
HST English

# SOCIAL MEDIA PROS & CONS

I was born in an era not known for leaps in technological advances. The absence of fun filled, lithium-ion iThings forced us to engage in traditional activities like going outside, playing with friends, socializing or reading. Most importantly, living offline allowed us to keep screw-ups to limited audiences.

Now, we often perceive anyone who shuns social media as old or out dated. In fact, they are the most mentally fit among us. Actually, we have very little awareness of the frequency with which we check our phones. In a recent study conducted, a person, on an average, checks his phone 85 times a day and spends around 5 hours using his smart phone. Researchers have associated social media with several psychiatric disorders, including depression symptoms, anxiety and low self-esteem.

Let's consider these 5 pros and cons stances regarding social media use.

"In a recent study conducted, a person, on an average, checks his phone 85 times a day and spends around 5 hours using his smart phone. Researchers have associated social media with several psychiatric disorders, including depression symptoms, anxiety and low self-esteem."



“

Teens are inclined to do things on social media that they would not do in public, like posting a compromising photo or saying something they would never have the courage to do so in person. They are unaware of the impact of their digital footprint could have on their future. Future employees could use social media profiles to gain insight into their personality and personal life

”

PROS:

**1. Social connections**

Social networking sites allow people to socialise, regardless of distance and other barriers. Youngsters can make friends and maintain friendship by frequently communicating and sharing experiences online. For the introverts, social media offers a virtual alternative and prevents them from feeling isolated.

2. Entertainment and Education

Social media is a plethora of entertainment. There are umpteen numbers of videos and blogs which have educational benefits. Homework can be discussed, and assignments and projects can be researched.

**3. Creativity**

Social media tools provide an outlet for creative self-expression. Photographs, videos, illustrations, written works can be shared with a hope that others will offer comments and feedback, thus building self-esteem and confidence.

**4. Mental health**

The use of social media stimulates the production of oxytocin, a hormone which reduces stress levels. Online interactions require little to no emotions and are less demanding. The likes and positive comments promote the feeling of happiness.

**5. Globalisation**

The world has become smaller with the advent of social media. Geographical distance and physical borders have no bounds. It facilitates communication with people from all over the world.

CONS:

**1. Advertising**

Most social media tools use algorithms to collect personal data so that advertisers can use that information to target consumers. It is recommended to turn off the geotagging and Bluetooth apps on the devices, use the highest privacy settings and educate your child about protecting their personal information online.

**2. Addictive**

Social media generates the feelings of happiness and rewards so easily, that it tends to become additive. Teenagers waste hours online. Parents should limit screen time and give clear advice about social media usage.

**3. Lack of focus**

Social media can distract one from study, assignment or sporting activity. A healthy lifestyle incorporating social activities should be monitored among the teens.


**4. False sense of security**

Teens are inclined to do things on social media that they would not do in public, like posting a compromising photo or saying something they would never have the courage to do so in person. They are unaware of the impact of their digital footprint could have on their future. Future employees could use social media profiles to gain insight into their personality and personal life.

**5. Cyberbullying**

It is the use of technology to bully a person or group with the intent to hurt them psychologically, socially or physically. Unfortunately social media is a platform for predators to abuse children. Statistics reveal that 19% of children between the age of 14 to 17 are reported being harassed online.

Considering all of the above pros and cons, it is necessary to develop certain rules and regulations over the use of social media, especially for high school and college students. Social media create virtual worlds that drastically differ from reality. Teens should develop the cognitive and intuitive ability to analyse how much time they want to spend socializing, that to on social media. It is left up to them to decide what really matters in their life.





“Deception point is an unstoppable,thrilling book. The story starts from Sentor Sedgwick Sexton who is competing for the Presidential seat of U.S.A. His daughter, Rachel Sexton is working as the White House intelligence analyst. Rachel hated her father because of his greediness for the President’s seat and his actions towards her mother when she was alive. Rachel was called by the President for verifying the new evidence that NASA had found out by PODS satellite.”



Book Review

Dilna
9I


# DECEPTION POINT
## -DAN BROWN



Deception point is a mind blowing thriller written by the well known American writer Dan Brown. He is the author of the best selling novels Digital Fortress, Da Vinci code and Angles & Demons. He lives in New England.

Deception point is an unstoppable,thrilling book. The story starts from Sentor Sedgwick Sexton who is competing for the Presidential seat of U.S.A. His daughter, Rachel Sexton is working as the White House intelligence analyst. Rachel hated her father because of his greediness for the President’s seat and his actions towards her mother when she was alive. Rachel was called by the President for verifying the new evidence that NASA had found out by PODS satellite. It was a meteorite which contained the fossil of big insects buried deep under the Artic ice. Rachel was accompanied by a popular oceanographer Michel Tolland. Later Rachel and Tolland find about a secret squad who kill people of this deception about meteorite. All about the meteorite was a misconception by the NASA and the President, that it was a proof for extraterrestrial life. The squad also try to kill Rachel and Tolland. Later they understood that behind all this, it was Rachel’s boss. In the end, the President apologizes for the deception.

Most of Dan Brown’s books are conspiracy theories. Majority of the events in his novels are unexpected. His famous books like Digital Fortress and Da Vinci code are very interesting and exciting.







समीक्षा
प्रिय मोल ये. वी
एच. यस. टी. हिंदी


# दंत कथा में जीवन बोध

दंत कथा हिंदी साहित्य के बहुचर्चित उपन्यासकार अब्दुल बिस्मिल्लाह जी का चौथा उपन्यास है। उनको यह लिखने की प्रेरणा वह मुर्गा है, जिसे बनारस में उसकी पत्नी ने पाला था और वह किसी भयवश अपनी जान बचाने के लिए नाबदान में घुस गया था। तब उनको चिंता हुई कि वह अंदर कैसेजी रहा होगा। बस इसी चिंता ने यह रचना करवा डाली

दंत कथा का नायक एक मुर्गा है जो मनुष्य के अत्याचारों से बचने के लिए एक नाबदान में घुस जाता है। मुर्गा उसनाबदान में बैठकर अपने बारे में और अपनी जाति के बारे में सोचता रहता है। वह क्भी भी इन अत्याचारी मनुष्यों के हाथों हलाल नहीं होना चाहता, तो नाबदान में मरना ही उचित समझता है।


जीवन हर प्राणी के लिए प्यारा होता है। कथानायक मुर्गा मानव की उपयोगितावादी दृष्टि की ओर इशारा करता है। मुर्गा कहता है कि उसकी माँ ने अंडा देना बंद किया था। इसलिए घर घर के लोग उसे उपेक्षा की दृष्टि से देखने लगे। अंत में उसे जिबह कर दिया गया। यह देख कर कथानायक को बड़ा दुख हुआ। मानव का विचार यह है कि उसे छोड़कर बाकी सब जीवं जंतु भावना विहीन है।

बिस्मिल्लाह जी का यह उपन्यास बेचारे असहाय प्राणियों पर मनुष्य के अत्याचारों पर प्रकाश डालता है। यह केवल मुर्गा मुर्गियों की कहानी नहीं पूरे परिंदों की कहानी है। मुर्गा अगले जन्म में भी मुर्गा होना चाहता है। क्योंकि मनुष्य होने का मतलब है अन्य जाति का हत्यारा होना सौभाग्य से भगवान ने मुर्गे को हिंदू या मुसलमान नहीं बनाया है। यहाँ कलाकार का व्यंग्य भरा परिहास स्पष्ट है।

मुर्गा नाबदान में बैठकर सपनों को संजोता रहता है। मुर्गा विभिन्न प्रकार के त्योहारों के बारे में सोचता रहता है। लेकिन नदी के किनारे लगने वाला त्योहार सबका होता है वे अपने परिंदों का खतरनाक द्वंद्व आरंभ होता है। अंत में जिस आदमी का मुर्गा अधिक घायल हो गया होता, वह विजेता मुर्ग के मालिक को बेइमान ठहराता है।

इस प्रकार विभिन्न प्रकार की चिंताएँ उसे सताती रहती है। नाबदान के गलियारे में सिकुड कर चलते हुए उस मुर्गे ने सोचा कि किसी भी भाँति यहाँ से बच जाना चाहिए। भूख को झेलते हुए नाबदान से छोडी जानेवाली गंदी चीजों को खाते हुए एक पूरा दिन वह सोचता रहा। उसकी यादों से वह अपने प्रेम–संबंध के विषय में अपनी पोई की रोमानी स्मृति में दानों के लिए चूं– चूँ करते चलने वाले नन्हें – नन्हें बच्चों के विषय में सपना देखता रहा। यहाँ उस मुर्गे की जिजीविषा का प्रमाण हमें देखने को मिलता है।

विवेच्य उपन्यास में अपने यथार्थवादी दृष्टिकोण प्रस्तुत करने को एक मुर्गे के माध्यम से बिस्मिल्लाहजी ने नई शैली को अपनाया है।प्रस्तुत उपन्यास में मुर्गे की संघर्ष मयी जिंदगी का चित्रण लेखक ने बडी संवेदनात्मक दृष्टि से किया है। लेखक मुर्गे के बहाने पूरी धरती पर व्याप्त भय, आतंक, असुरक्षा आदि का बोध कराना चाहता है। इसमें लेखक ने पूर्णतः सफलता प्राप्त की है।






കെ.കെ. പുരുഷോത്തമൻ
മുൻ പി.ടി.എ പ്രസിഡന്റ്


# കേരളവിദ്യാഭ്യാസം

## ചരിത്രവും വർത്തമാനവും

> സാമൂഹിക ജാതി ,ലിംഗ പരിഗണന കൂടാതെ ഏതൊരു കുട്ടിയ്ക്കും പ്രാഥമിക വിദ്യാഭ്യാസ സൗകര്യം നമ്മുടെ സംസ്ഥാനത്ത് ലഭ്യമാണ്.

സാമൂഹിക വികസന പ്രകിയയുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസം. മെച്ചപ്പെട്ട സാമൂഹിക ജീവിതത്തിന് വേണ്ടി വ്യക്തിയെ തയ്യാറാക്കുക എന്നതാണ് വിദ്യാഭ്യാസം ലക്ഷ്യമിടുന്നത് .ജനലക്ഷ്യം നേടിയെടുക്കാൻ ശ്രമിച്ച അപൂർവ്വം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.കൂടാതെ വിദ്യാഭ്യാസത്തെ ജനാധിപത്യവത്ക്കരിക്കാനും സാർവ്വത്രികമാക്കാനും ശ്രമിച്ചതാണ് കേരള വികസനത്തിന്റെ അടിസ്ഥാനം–

വിദ്യാഭ്യാസത്തെ ജനാധിപത്യവൽക്കരിക്കാൻ നടത്തിയ പോരാട്ടങ്ങളുടെ ഫലമായി ഉണ്ടായ നേട്ടങ്ങൾ നിരവധിയാണ്. സാമൂഹിക ജാതി ,ലിംഗ പരിഗണന കൂടാതെ ഏതൊരു കുട്ടിയ്ക്കും പ്രാഥമിക വിദ്യാഭ്യാസ സൗകര്യം നമ്മുടെ സംസ്ഥാനത്ത് ലഭ്യമാണ്. 55 ലക്ഷം വിദ്യാർത്ഥികൾ, 12 000 ൽ പരം സ്ക്കൂളുകൾ, 180000 ൽ പരം അധ്യാപകർ ,അതി ബൃഹത്തായ ഒരു വിദ്യാഭ്യാസ ശൃംഖല നമുക്കുണ്ട്.ഇതിൽ സെക്കന്ററി മേഖലയിൽ വ്യാപകമായ തോതിൽ വിദ്യാലയങ്ങൾ ആരംഭിച്ചത് കേരള സംസ്ഥാന രൂപീകരണ ശേഷമാണ്. എന്നാൽ അതിനു മുമ്പു തന്നെ പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ വ്യാപക





> "അടിച്ചമർത്തപ്പെട്ട ജനതയെ വിദ്യാഭ്യാസത്തിലൂടെ ഉയർത്തെഴുന്നേൽപ്പിച്ച പ്രക്രിയയാണ് നവോത്ഥാനം. അയ്യങ്കാളി, ശ്രീനാരായണഗുരു, വാഗ്ഭടാനന്ദൻ, വക്കം അബ്ദുൾ ഖാദർ മൗലവി, പരുമല തിരുമേനി തുടങ്ങി ഒട്ടനവധി നവോത്ഥാന നായകർ വിദ്യാഭ്യാസത്തിനും അറിവു നേടാനുള്ള അവകാശങ്ങൾ ഒരു ജനതയെ ബോധ്യപ്പെടുത്തിയപ്പോഴാണ് കേരളം എല്ലാ ചങ്ങലകളേയും ഭേദിച്ചത്."

മായ തോതിൽ വിദ്യാലയങ്ങൾ ആരംഭിച്ചിരുന്നു. ഇതിനു കാരണം നവോത്ഥാന ആശയങ്ങൾ കേരള ജനത നെഞ്ചേറ്റിയതിന്റെ ഭാഗമാണ്.

സാമൂഹിക വികസനം സാധ്യമാകണമെങ്കിൽ മുഴുവൻ ജനതയും എല്ലാ അസ്വാതന്ത്ര്യങ്ങളിൽ നിന്നും വിമോചിതരാവണം. അടിച്ചമർത്തപ്പെട്ട ജനതയെ വിദ്യാഭ്യാസത്തിലൂടെ ഉയർത്തെഴുന്നേൽപ്പിച്ച പ്രക്രിയയാണ് നവോത്ഥാനം. അയ്യങ്കാളി, ശ്രീനാരായണഗുരു, വാഗ്ഭടാനന്ദൻ, വക്കം അബ്ദുൾ ഖാദർ മൗലവി, പരുമല തിരുമേനി തുടങ്ങി ഒട്ടനവധി നവോത്ഥാന നായകർ വിദ്യാഭ്യാസത്തിനും അറിവു നേടാനുള്ള അവകാശങ്ങൾ ഒരു ജനതയെ ബോധ്യപ്പെടുത്തിയപ്പോഴാണ് കേരളം എല്ലാ ചങ്ങലകളേയും ഭേദിച്ചത്.

നവോത്ഥാനം സൃഷ്ടിച്ച ഈ അലയൊലി സ്ത്രീ സാക്ഷരതയിലുണ്ടാക്കിയ കുതിച്ചു ചാട്ടം ജീവിത ഗുണമേന്മ ഉയർത്താനിടയാക്കി. മാനുഷിക മുഖമുള്ള വികസനത്തിന്റെ സൂചകങ്ങളാക്കി ഇന്ന് വിദഗ്ധർ അംഗീകരിച്ചു പോരുന്നത്.ജീവിത ഗുണതയാണ്.ഇതിന്റെ അടയാളമായ ആയുർദൈർഘ്യം ശിശു മരണനിരക്ക് മാതൃമരണനിരക്ക് എന്നിവയിലെല്ലാം കേരളം ലോകത്തിലെ ഏറ്റവും മികച്ച രാജ്യങ്ങൾക്കൊപ്പമാണ്. ഡോ അമർത്യാസെൻ തന്റെ ഇന്ത്യ സാമ്പത്തിക വികസനവും സാമൂഹിക അവസരവും എന്ന പുസ്തകത്തിൽ ഇക്കാര്യം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

പൊതു വിദ്യാഭ്യാസം സാർവത്രികമായെങ്കിലും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർധിപ്പിക്കുന്നതിലും ഓരോ കുട്ടിയേയും മികച്ച പഠന നേട്ടത്തിലേക്ക് എത്തിക്കുന്നതിനും കഴിയാത്ത സാഹചര്യമാണ് ഇടക്കാലത്ത് നിലനിന്നിരുന്നത് – ഈ കുറവ് പരിഹരിക്കാൻ രാജ്യത്ത് ആദ്യമായി പാഠ്യപദ്ധതി പരിഷ്ക്കരണം നടത്തി ശിശു സൗഹൃദമായ ഒരു വിദ്യാഭ്യാസ പദ്ധതിക്ക് കേരളം തുടക്കമിട്ടു.ഈ ദിശയിൽ നടത്തിയ ഇടപെടലുകളും അന്വേഷണങ്ങളും നിർദ്ദേശങ്ങളും വിദ്യാഭ്യാസ അവകാശ സംരക്ഷനിയമത്തിലടക്കം കാര്യമായ സ്വാധീനം ഉണ്ടാക്കാൻ കഴിഞ്ഞു.

കുട്ടിയെ ഒരു യൂണിറ്റായി കണ്ടു കൊണ്ട് അവളിലുള്ള സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതാണ് ശിശു കേന്ദ്രീകൃതമായ വിദ്യാഭ്യാസം. ഈ ലക്ഷ്യം നേടിയെടുക്കുമ്പോൾ ഓരോ കുട്ടിയും ലോകത്തിന്റെ ഏത് കോണിലുള്ള കുട്ടിയുമായി താദാത്മ്യം പ്രാപിക്കാൻ കഴിയും.ഇതിനെയാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം എന്ന് പറയുക.ഇതിനായി വിദ്യാലയത്തിന്റെ പ്രക്രിയയുടേയും അലകും പിടിയും മാറണം. പുതിയ ലോകത്തിനനുസരിച്ചുള്ള തലമുറയെ സൃഷ്ടിക്കണമെങ്കിൽ ആധുനിക രീതിയിലുള്ള ഭൗതിക സാഹചര്യങ്ങളും ഹൈടെക്ക് പഠന രീതികളും ഓരോ വിദ്യാലയത്തിലും ഉണ്ടാകണം.ഈ ലക്ഷ്യം ഓരോ പൊതുവിദ്യാലയത്തിലും നേടിയെടുക്കുന്നതിനായി സർക്കാർ സ്വീകരിച്ച സംവിധാനമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം– രക്ഷിതാക്കൾ, പഞ്ചായത്ത് – നഗരസഭ, പൊതു സമൂഹം, അധ്യാപകർ, പൂർവ വിദ്യാർത്ഥികൾ രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക പ്രസ്ഥാനങ്ങളിൽ പെട്ട എല്ലാവർക്കും ഈ യജ്ഞത്തിൽ ഇടപെടാൻ അവസരം ഉണ്ട്.അതുകൊണ്ടാണ് സർഗ്ഗാത്മ സൃഷ്ടിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചൂണ്ടുപലകയാവുന്നത്. അന്താരാഷ്ട്ര നിലവാരത്തിലേക്ക് മഞ്ചേരി ബോയ്സ് ഹയർസെക്കണ്ടറി സ്ക്കൂളും മുന്നേറാനുള്ള ഭഗീരഥപ്രയത്നത്തിലാണ് .നമുക്കോരോരുത്തർക്കും അതിൽ കണ്ണികളാക്കാം:

# تعلیم کی اہمیت



Haniya Kauser
9I



تعلیم ہر انسان چاہے وہ آمیر ہو یا غریب، مرد ہو یا عورت کی بنیادی ضرورت میں سے ایک ہے۔ یہ انسان کا حق ہے جو کوئی اسے نہیں چھین سکتا اگر دیکھا جائے تو انسان اور حیوان میں فرق تعلیم ہی کی بدولت ہیں تعلیم کسی بھی قوم یا معاشرے کے لئے ترقی کی ضامن ہے یہی تعلیم قوموں کی ترقی اور زوال کی وجہ بنتی ہے تعلیم حاصل کرنے کا مطلب صرف سکول، کالج یونیورسٹی سے کوئی ڈگری لینا نہیں بلکہ اسکے ساتھ تمیز اور تہذیب سیکھنا بھی شامل ہے تاکہ انسان اپنی معاشرتی روایات اور قتدار کا خیال رکھ سکے۔ تعلیم وہ زیور ہے جو انسان کا کردار سنوراتی ہے دنیا میں اگر ہر چیز دیکھی جائے تو وہ بانٹنے سے گھٹتی ہے مگر تعلیم ایک ایسی دولت ہے جو بانٹنے سے گھٹتی نہیں بلکہ بڑھ جاتی ہے اور انسان کو اشرف المخلوقات کا درجہ تعلیم کی وجہ سے دیا گےا ہے تعلیم حاصل کرنا ہر مذہب میں جائز ہے اسلام میں تعلیم حاصل کرنا فرض کیا گےا ہے آج کے اس پر آشوب اور تےز ترین دور میں تعلیم کی ضرورت بہت اہمیت کا حامل ہے چاہے زمانہ کتنا ہی ترقی کرلے۔ حالانکہ آج کا دور کمپیوٹر کا دور ہے ایٹمی ترقی کا دور ہے سائنس اور صنعتی ترقی کا دور ہے مگر اسکولوں میں بنیادی عصری تعلیم، ٹیکنکل تعلیم، انجینئرنگ، وکالت، ڈاکٹری اور مختلف جدید علوم حاصل کرنا آج کے دور کا لازمی تقاضہ ہے جدید علوم تو ضروری ہیں ہی اسکے ساتھ ساتھ دینی تعلیم کی بھی اپنی جگہ اہمیت ہے اس کے ساتھ ساتھ انسان کو انسانیت سے دوستی کے لئے اخلاقی تعلیم بھی بے حد ضروری ہے اسی تعلیم کی وجہ سے زندگی میں خدا پرستی، عبادت، محبت خلوص، ایثار، خدمت خلق، وفاداری اور ہمدردی کے جذبات بیدار ہوتے ہیں اخلاقی تعلیم کی وجہ سے صالح او رنیک معاشرہ کی تشکیل ہوتی ہے۔






ഉഷ. പി. എസ്.
എച്ച്. എസ്. എസ്. ടി. സംസ്കൃതം


# ഭഗവദ്ഗീത പാഠ്യവിഷയമാക്കിയാൽ


“ശത്രുസേനയുടെ മുൻനിരയിൽ താനേറ്റവും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരെ കണ്ടതോടെ, അർജ്ജുനൻ, തനിക്കേറ്റവും പ്രിയപ്പെട്ടവരെ വധിച്ച് ഒരുരാജ്യവും നേടേണ്ടതില്ലെന്ന് പറഞ്ഞ്,തളർന്ന് ആയുധം താഴെവച്ച് തേരിലിരിക്കുന്നു.”


ലോകത്തിൽ മുസ്ലിം രാഷ്ട്രങ്ങളിലൊഴികെ മറ്റെല്ലാരാജ്യങ്ങളിലും അംഗീകരിച്ചിട്ടുള്ള രണ്ട് പുസ്തകങ്ങളാണ് ഭഗവദ്ഗീതയും ബൈബിളും. ബ്രിട്ടൺ തുടങ്ങിയ വിദേശരാജ്യങ്ങളിൽ പല സ്കൂളുകളിലും ഭഗവദ്ഗീത, ഉപനിഷത്ത് മുതലായവ പാഠ്യവിഷയങ്ങളാണ്. 5000 ത്തിൽ അധികം വർഷങ്ങൾക്ക് മുൻപ് എഴുതപ്പെട്ടതായി കണക്കാക്കുന്ന ഭഗവദ്ഗീതക്ക് സ്വദേശത്തും വിദേശത്തുമായി ഇത്രയധികം പ്രസക്തിക്ക് കാരണമെന്ത്?

കൗരവരിൽനിന്ന് കാലങ്ങളായി തങ്ങൾക്കനുഭവിക്കേണ്ടിവന്ന ചതിക്കും,അവഗണനകൾക്കും,പീഡനങ്ങൾക്കും പകരം ചോദിക്കാനായി, തങ്ങൾക്കവകാശപ്പെട്ട രാജ്യം നേടിയെടുക്കാനായി, പാണ്ഡവർ, നീണ്ട 13 വർഷങ്ങളിലെ കാത്തിരിപ്പിനുശേഷം, അനേകം ദിവ്യായുധങ്ങളുമായി അർജുനന്റെ നേതൃത്വത്തിൽ യുദ്ധഭൂമിയിൽ എത്തുന്നു.അജയ്യനായ വില്ലാളിവീരനാണ് താനെന്ന അഹങ്കാരത്തോടെ, ആരോടൊക്കെയാണ് ഞാൻ യുദ്ധം ചെയ്യേണ്ടത്, അവരുടെ മുൻപിൽ രഥം കൊണ്ട്നിർത്തൂ എന്ന് അർജ്ജുനൻ തന്റെ സാരഥിയായ കൃഷ്ണനോട് ആജ്ഞാപിക്കുന്നു.

ഉടൻതന്നെ കൃഷ്ണൻ – യുദ്ധത്തിനെത്തിയ ഭീഷ്മപിതാമഹൻ, ദ്രോണാചാര്യർ, മറ്റ്ബന്ധുക്കൾ എന്നിവരുടെ മുന്നിൽ രഥം കൊണ്ട് നിറുത്തിയിട്ട്, യുദ്ധം ചെയ്യാനായി എത്തിച്ചേർന്നിരിക്കുന്ന എല്ലാവരേയും കണ്ടുകൊള്ളൂ എന്ന് അർജ്ജുനനോട് പറയുന്നു.

ശത്രുസേനയുടെ മുൻനിരയിൽ താനേറ്റവും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരെ കണ്ടതോടെ,അർജ്ജുനൻ, തനിക്കേറ്റവും പ്രിയപ്പെട്ടവരെ വധിച്ച് ഒരുരാജ്യവും നേടേണ്ടതില്ലെന്ന് പറഞ്ഞ്,തളർന്ന് ആയുധം താഴെവച്ച് തേരിലിരിക്കുന്നു.

കൃഷ്ണന്റെ ഉദ്ദേശ്യവും അതുതന്നെ ആയിരുന്നു. ഏതൊരുകാര്യവും ചെയ്ത് വിജയിക്കണമെങ്കിൽ മാനസികമായ പക്വതയാണ് ആദ്യമായി വേണ്ടത്. ഇത് അർജ്ജുനന



> ആലംബമില്ലാത്തപോലെ തളർന്നിരിക്കുന്ന ഒരുവന്, സാന്ത്വനത്തേക്കാൾ ആവശ്യം അവന്റെ ഉള്ളിലുള്ള കഴിവിനെ ഉണർത്തലാണെന്ന് കൃഷ്ണനറിയാം. അതുകൊണ്ട് കൃഷ്ണൻ തുടങ്ങുന്നതുതന്നെ കുതസ്ത്വാ കശ്മലമിദം വിഷമേ സമുപസ്ഥിതം അനാര്യജുഷ്ടമസ്വർഗ്യമകീർത്തികരമർജ്ജുന.

ിൽ വേണ്ടത്ര ഉണ്ടാക്കിയെടുക്കാനാണ് കൃഷ്ണൻ ശ്രമിക്കുന്നത്. യുദ്ധത്തിനിടക്ക് അർജ്ജുനൻ തളർന്നാൽ – അത് ധർമ്മത്തിന് മേൽ അധർമ്മത്തിന്റെ വിജയമാവും. ധർമ്മം ജയിക്കാൻ – നന്മ ജയിക്കാൻ – തിന്മയുടെ ഭാഗത്തുനിൽക്കുന്ന സ്വന്തക്കാരോടും ബന്ധുക്കളോടും എതിരിടേണ്ടിവരും.ഇവിടെ വികാരങ്ങൾ വിവേകത്തെ കീഴടക്കിക്കൂടാ. അതുകൊണ്ടു തന്നെ കൃഷ്ണൻ, അർജ്ജുനനെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിക്കുന്നു.

ആലംബമില്ലാത്തപോലെ തളർന്നിരിക്കുന്ന ഒരുവന്, സാന്ത്വനത്തേക്കാൾ ആവശ്യം അവന്റെ ഉള്ളിലുള്ള കഴിവിനെ ഉണർത്തലാണെന്ന് കൃഷ്ണനറിയാം. അതുകൊണ്ട് കൃഷ്ണൻ തുടങ്ങുന്നതു തന്നെ

കുതസ്ത്വാ കശ്മലമിദം വിഷമേ സമുപസ്ഥിതം

അനാര്യജുഷ്ടമസ്വർഗ്യമകീർത്തികരമർജ്ജുന.

ക്ലൈബ്യം മാസ്മഗമഃ പാർത്ഥ! നൈതത്വയ്യുപപദ്യതേ

ക്ഷുദ്രം ഹൃദയദൗർബല്യം ത്യക്ത്വോത്തിഷ്ഠ പരന്തപ.

അർജ്ജുന, വിഷമഘട്ടത്തിൽ ശ്രേഷ്ഠന്മാർക്ക് ഒരിക്കലും യോജിക്കാത്തതും യശസ്സിനെ ഇല്ലാതാക്കുന്നതുമായ ഇത്തരം ചിന്തകൾ എങ്ങിനെ ഉണ്ടായി? പാർത്ഥ, ഈ പൗരുഷമില്ലായ്മ നിനക്ക് യോജിച്ചതല്ല. ശത്രുനാശക, നിന്ദ്യമായ ഈ ഹൃദയദൗർബ്ബല്യം ഉപേക്ഷിച്ച് നീ എഴുന്നേൽക്കൂ. അർജ്ജുനന്റെ ഉള്ളിലുള്ള സമരവീര്യത്തെ ഉണർത്താനും, ധർമ്മയുദ്ധത്തിൽ സ്വന്തബന്ധങ്ങൾക്ക് സ്ഥാനമില്ലെന്നും അർജ്ജുനനെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ഒരു നല്ല കൗൺസിലർ ചെയ്യേണ്ടതും ഇതുതന്നേയാണ്.

കൃഷ്ണൻ പറയുന്ന മറ്റൊരുകാര്യമാണ് ന ഹി ജ്ഞാനേന സദൃശം പവിത്രമിഹ വിദ്യതേ അതായത് അറിവിന് തുല്യമായി പരിശുദ്ധമായി ഈ ലോകത്തിൽ മറ്റൊന്നുംതന്നെ ഇല്ല. ഇന്നത്തെ വിദ്യാർഥികൾ ശ്രദ്ധിച്ചിരിക്കേണ്ട ഒരുകാര്യമാണത്– ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപും വിദ്യാഭ്യാസത്തിന് അത്രയേറെ പ്രാധാന്യം നൽകിയിരുന്നു.

ഇന്ന്, എല്ലാതരം ആളുകളിലും പ്രത്യേകിച്ച് വിദ്യാർഥികളെ പറഞ്ഞ് മനസ്സിലാക്കേണ്ട മറ്റൊരൊകാര്യം

ധ്യായതോ വിഷയാൻ പുംസഃ സംഗസ്തേഷൂപജായതേ.

സംഗാത് സംജായതേ കാമഃ കാമാത് ക്രോധോ/പി ജായതേ.

ക്രോധാത് ഭവതി സമ്മോഹഃ സമ്മോഹാത് സ്മൃതിവിഭ്രമഃ

സ്മൃതിഭ്രംശാത് ബുദ്ധിനാശഃ ബുദ്ധിനാശാത് പ്രണശ്യതി.


വിഷയം എന്ന പദത്തിന് ഇന്ദ്രിയങ്ങൾ കൊണ്ട് അനുഭവിച്ചറിയുന്ന കാര്യം, എന്നാണർത്ഥം.

നാം ഏതെങ്കിലും ഒരു വിഷയത്തെ (വസ്തുവിനെ, കാര്യത്തെ) കുറിച്ചു തന്നെ ചിന്തിച്ചുകൊണ്ടിരുന്നാൽ ആ വിഷയത്തോട് ഒരു മമത തോന്നുന്നു. ഈ മമത, ആ വസ്തു കൈയിൽ കിട്ടണമെന്ന (ആ കാര്യം സാധിക്കണം) എന്ന ആഗ്രഹമായി മാറുന്നു. ആഗ്രഹം സാധി

“

പുതിയ മൊബൈൽ വാങ്ങിക്കൊടുക്കതിരുന്നാൽ, ഇന്റർനെറ്റ് ഉപയോഗത്തിൽ നിയന്ത്രണം വച്ചാൽ, ടു വീലർ എടുക്കരുതെന്ന് പറഞ്ഞാൽ, മൊബൈൽ ഉപയോഗം നിയന്ത്രിച്ചാൽ...... ഇങ്ങനെ നിസ്സാര കാര്യങ്ങളിൽപ്പോലും, കുട്ടികൾ നിലവിട്ട് പെരുമാറുന്നു. മാതാപിതാക്കൾ എന്തുകൊണ്ട് ഇങ്ങനെ പറയുന്നു എന്ന് ചിന്തിക്കാൻ പോലും നിൽക്കാതെ, ഇത് തങ്ങളുടെ നന്മക്കാണെന്ന് ഓർക്കാതെ, അവർ വീടുവിട്ട് പോകുകയും ആത്മഹത്യക്ക് ശ്രമിക്കുകയും ചെയ്യുന്നു

”




ക്കതെ വന്നാൽ അത് വലിയ ദേഷ്യത്തിന് കാരണമാകുന്നു. ഈ ദേഷ്യം കാര്യാകാര്യവിവേചന–ശീലത്തെ ഇല്ലാതാക്കുന്നു. അതോടെ,താൻആരെന്നോ, താൻ ചെയ്യുന്നത് എന്തെന്നോ തിരിച്ചറിയാനാവാതെ ക്രോധത്തെ നിയന്ത്രിക്കാനാവാതെ ഓർമ്മനഷ്ടപ്പെട്ടവനെപ്പോലെ പലതും ചെയ്ത് കൂട്ടുന്നു. ഇത് ആ വ്യക്തിയുടെ ബുദ്ധിയെത്തന്നെ നശിപ്പിക്കുന്നു. അവസാനം ഈ ഒരു വിഷയം ആ വ്യക്തിയുടെ സർവനാശത്തിന് കാരണമാകുന്നു.

എത്ര വസ്തുനിഷ്ഠമായ വിലയിരുത്തൽ! ഇന്ന് നമ്മുടെ യുവതലമുറയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കണ്ടുവരുന്നതും ഇതുതന്നെയല്ലെ, പുതിയ മൊബൈൽ വാങ്ങിക്കൊടുക്കാതിരുന്നാൽ, internet ഉപയോഗത്തിൽ നിയന്ത്രണം വച്ചാൽ, ടു വീലർ എടുക്കരുതെന്ന് പറഞ്ഞാൽ, മൊബൈൽ ഉപയോഗം നിയന്ത്രിച്ചാൽ...... ഇങ്ങനെ നിസ്സാര കാര്യങ്ങളിൽപ്പോലും, കുട്ടികൾ നിലവിട്ട് പെരുമാറുന്നു. മാതാപിതാക്കൾ എന്തുകൊണ്ട് ഇങ്ങനെ പറയുന്നു എന്ന് ചിന്തിക്കാൻ പോലും നിൽക്കാതെ, ഇത് തങ്ങളുടെ നന്മക്കാണെന്ന് ഓർക്കാതെ, അവർ വീടുവിട്ട് പോകുകയും ആത്മഹത്യക്ക് ശ്രമിക്കുകയും ചെയ്യുന്നു.

കൃഷ്ണൻ വീണ്ടും പറയുന്നു, ഇത്തരം ബാഹ്യമായ സുഖങ്ങൾ ആണ് ലോകത്തിൽ ഏറ്റവും വലിയ സുഖം എന്ന് വിചാരിക്കുന്നവന് എപ്പോഴും ദുഃഖം മാത്രമേ ഉണ്ടാവൂ.

ഭഗവദ്ഗീതയിൽ പറയുന്നു –

ഉദ്ധരേദ് ആത്മനാത്മാനം നാത്മാനമവസാദയേത്.
ആത്മൈവഹ്യാത്മനോ ബന്ധുഃ
ആത്മൈവ രിപുരാത്മനഃ

നമ്മൾ തന്നെ നമ്മളെ ഉയർത്തിക്കൊണ്ടുവരണം, നാം നമ്മളെ ഒരിക്കലും തളർത്താൻ പാടില്ല. നമ്മുടെ ബന്ധു നമ്മൾ തന്നേയാണ്, നമ്മുടെ ശത്രുവും നമ്മൾ തന്നെ.

അതായത്, എന്തെങ്കിലും ഒരു വിഷമഘട്ടം വരുമ്പോൾ നമ്മൾ ഒരിക്കലും തളർന്നിരിക്കാതെ നമ്മുടെ മനസ്സിനെ നമ്മൾതന്നെ, ഉയർത്തി–ക്കൊണ്ട് വരണം. നമ്മൾ മറ്റൊരാളെ ആശ്രയിക്കാതെ, നിസ്സാരകാര്യങ്ങ–ളിൽപ്പോലും തളർന്നിരിക്കാതെ, ധീരമായി, ആത്മവിശ്വാസത്തോടെ കാര്യങ്ങൾ ചെയ്ത് മുന്നേറണം. നമ്മളെ പിന്നോട്ട് നയിക്കുന്ന ശത്രു നമ്മുടെ മനസ്സാണ്, നമ്മളെ സുധീരം മുന്നോട്ട്നയിക്കുന്ന ബന്ധുവും നമ്മുടെ മനസ്സുതന്നേയാണ്.

ഇങ്ങനെ ഒരുപാട് കാര്യങ്ങൾ ഇന്നത്തെ യുവാക്കൾക്കും വിദ്യാർത്ഥികൾക്കും പാഠങ്ങളായിട്ട് ഭഗവദ്ഗീതയിൽ വർണ്ണിച്ചിട്ടുണ്ട്.

വസ്തുനിഷ്ഠമായി ശ്രദ്ധിക്കുമ്പോൾ ഭഗവദ്ഗീതാപാഠഗ്രന്ഥത്തിന്റെ പുറം ചട്ട തന്നെ ശ്രദ്ധേയമാണ്.

ഈ പാർത്ഥസാരഥീചിത്രം ഒരു മനുഷ്യന്റെ മാതൃകയാണ്. ഇതിലെ രഥത്തെ മനുഷ്യ ശരീരമായും, രഥത്തിൽ ഇരിക്കുന്ന അർജ്ജുനനെ മനുഷ്യന്റെ ആത്മാവായും (ജീവനായും), രഥം വലിക്കുന്ന 5 കുതിരകളെ 5 ഇന്ദ്രിയങ്ങളായും, മനസ്സിനെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്ന കടിഞ്ഞാണായും കുതിരകളെ നിയന്ത്രിക്കുന്ന സാരഥിയായ കൃഷ്ണനെ മനുഷ്യന്റെ ബുദ്ധിയായയും സങ്കൽപ്പിക്കാം.

അതായത്, ഒരുവന്റെ ബുദ്ധി ശരിയായ രീതിയിൽ പ്രവർത്തിക്കുമ്പോൾ, അവന്, അവന്റെ വികാരങ്ങളേയും വിചാരങ്ങളേയും, വേണ്ടവിധത്തിൽ നിയന്ത്രിക്കൻകഴിയും, ഇങ്ങനെയുള്ള ഒരുവന്, ജീവിതമാകുന്ന യുദ്ധത്തിൽ അർജ്ജുനനെപ്പോലെ,അജയ്യനായി ലോകംമുഴുവൻ കീഴടക്കാൻ കഴിയും എന്ന് ഭഗവദ്ഗീത നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ, മഹാത്മജിയുടെ, ആത്മവിശ്വാസമായ ഈ ഭഗവദ്ഗീതയും പാഠ്യവിഷയമാക്കേണ്ടതല്ലേ?



ഡോ.സി.വി. സത്യനാഥൻ
(റിട്ട. ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം)

# യോഗാ
# ഫലപ്രദമായ ആരോഗ്യ പരിപാലന മാർഗം

ഭാരതത്തിൽ വൈദിക കാലഘട്ടം മുതൽ ആരംഭിച്ച ഒരു ആരോഗ്യ പരിപാലന മാർഗ്ഗമാണ് യോഗാ. ഭാരതം ലോകത്തിനു നൽകിയ ബൃഹത്തായ സംഭാവനയാണത്.വേദങ്ങളിലും ഉപനിഷത്തുക്കളിലും ഭഗവദ് ഗീതയിലും യോഗയുടെ മാഹാത്മ്യം പരാമർശിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യനെ ശാരീരികവും മാനസികവും ആത്മീയവുമായ ഉന്നതിയിലേക്കു നയിക്കുക എന്ന ഉദ്ദേശ്യത്തോടെ പതഞ്ജലി മഹർഷി രചിച്ച അഷ്ടാംഗ യോഗ (പതഞ്ജല യോഗശാസ്ത്രം)മാണ് ഇതിന്റെ അടിസ്ഥാനം. ഷഡ്ദർശനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് യോഗദർശനം. മറ്റുള്ളവ ന്യായം, വൈശേഷികം, സാംഖ്യം ഉത്തരമീമാംസ, പൂർവ മീമാംസ എന്നിവയാണ്.

യോഗശാസ്ത്രം ഒരു ഭാരതീയ മനശ്ശാസ്ത്രവും ആരോഗ്യ ശാസ്ത്രവും ആദ്ധ്യാത്മിക ശാസ്ത്രവും കൂടിയാണ്. ശരീരത്തിന്റെ ശുദ്ധീകരണത്തിനും അതുവഴി മാനസികാരോഗ്യത്തിനും സഹായിക്കുന്ന യോഗാസനങ്ങളും മുദ്രകളും പ്രാണായാമവും ബന്ധങ്ങളും ക്രിയകളും അടങ്ങിയ ഒരു വ്യായാമ പദ്ധതിയാണത്. ഏഴു വയസ്സു മുതൽ ആരോഗ്യം അനുവദിക്കുന്നുവെങ്കിൽ, ആയുഷ്ക്കാലം മുഴുവൻ യോഗാസനം നിർവ്വഹിക്കാവുന്നതാണ്.

യോഗ: ചിത്തവൃത്തി നിരോധ:
സ്ഥിര സുഖമാസനം
മന: പ്രശ മനോ പായോ യോഗ:
സമത്വം യോഗമുച്യതേ .... എന്നിങ്ങനെയുള്ള നിർവചനങ്ങളിൽ, മനസ്സിന്റെ നിയന്ത്രണം, സ്ഥിര സുഖം, ജീവാത്മാവും പരമാത്മാവും തമ്മിലുള്ള കൂടിച്ചേരൽ, മനസ്സും ശരീരവും പ്രാണനും ഒന്നിച്ചു ലയിച്ചുചേരൽ എന്നിവയെല്ലാമാണ് യോഗ പരിശീലനത്തിന്റെ ആത്യന്തിക ഫലമെന്നു നമുക്ക് ബോധ്യപ്പെടും.

യോഗയ്ക്ക് എട്ട് സവിശേഷ ഘടകങ്ങളുണ്ട്. അഷ്ടാംഗങ്ങൾ.യമം, നിയമം, ആസനം, പ്രാണായാമം പ്രത്യാഹാരം, ധാരണ , ധ്യാനം, സമാധി എന്നിവയിൽ ആദ്യ നാലെണ്ണം സാധാരണ ജീവിതം നയിക്കുന്നവർക്കും മറ്റുള്ള നാല് സന്യാസിമാർക്കും ആത്മീയ ജീവിതം നയിക്കുന്നവർക്കുമായിട്ടാണ് വിധിച്ചിട്ടുള്ളത്.

അഹിംസ, സത്യം, അസ്തേയം, അപരിഗ്രഹം, ബ്രഹ്മചര്യം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നതാണ് യമം. ശൗചം, സന്തോഷം, തപസ്സ്, ഈശ്വരപ്രണിധാനം, സ്വാദ്ധ്യായം എന്നിവയാണ് നിയമത്തിൽ വിശദീകരിക്കുന്നത്. സ്ഥിര സുഖം നൽകുന്നത് എന്തോ അത് ആസനം എന്നാണ്. അതായത് ശരീരത്തിന് ദൃഢതയും സൗഖ്യവും നൽകുന്ന യോ



മനസ്സിനെ ഒരു പ്രത്യേക ബിന്ദുവിൽ കേന്ദ്രീകരിക്കുന്ന അനുഷ്ഠാനത്തെക്കുറിച്ചു പറയുന്നു ധാരണ എന്നതിൽ – ഒരു പ്രത്യേക ബിന്ദുവിൽ കേന്ദ്രീകരിച്ച അംഗത്തിന്റെ അപരിവർത്തി തവും അവിചലിതവുമായ ജ്ഞാനമാണ് ധ്യാനം. അത് മനസ്സും ആത്മാവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്ന മധ്യസ്ഥാവസ്ഥയാണ് പരാമർശിക്കുന്നത്.

ഗാസനം. നിയന്ത്രണ വിധേയമാക്കപ്പെടുന്ന ശ്വാസോച്ഛ്വാസ വ്യായാമം പ്രതിപാദിക്കുന്നു പ്രാണായാമം.ഇന്ദ്രിയങ്ങളെ ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിവയിൽ വ്യാപരിക്കാതെ ഇന്ദ്രിയാധീശത്വമാണ് പ്രത്യാഹാരത്തിൽ പ്രതിപാദ്യം. മനസ്സിനെ ഒരു പ്രത്യേക ബിന്ദുവിൽ കേന്ദ്രീകരിക്കുന്ന അനുഷ്ഠാനത്തെക്കുറിച്ചു പറയുന്നു ധാരണ എന്നതിൽ – ഒരു പ്രത്യേക ബിന്ദുവിൽ കേന്ദ്രീകരിച്ച അംഗത്തിന്റെ അപരിവർത്തി തവും അവിചലിതവുമായ ജ്ഞാനമാണ് ധ്യാനം. അത് മനസ്സും ആത്മാവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്ന മധ്യസ്ഥാവസ്ഥയാണ് പരാമർശിക്കുന്നത്. ഏറ്റവും അവസാനത്തെ സമാധി എന്നത് ഉപ്പും വെള്ളവും ഒന്നിക്കും പോലെ മനസ്സും ആത്മാവും താദാത്മ്യം പ്രാപിക്കുന്ന അവസ്ഥ പ്രതിപാദിക്കപ്പെടുന്നു.

നിത്യേനയുള്ള യോഗാ പരിശീലനം കൊണ്ട് ഉത്തമമായ പല ഗുണങ്ങളും നേടാൻ നമുക്കു കഴിയും. ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യം കാത്തുസൂക്ഷിക്കുക, മനസ്സിന്റെ വഴിവിട്ട പോക്കിനെ നിയന്ത്രിക്കുക, കർമ്മശക്തി വളർത്തുക, പുതിയൊരു ജീവിത സംസ്ക്കാരം പടുത്തുയർത്തുക ശരീരത്തെയും മനസ്സിനെയും ശുദ്ധീകരിക്കുക, രോഗങ്ങളെ അകററുക, ചിന്താശേഷി, ബുദ്ധിശക്തി വർദ്ധിപ്പിക്കുക, ശരീര സൗന്ദര്യവും യുവത്വവും നിലനിർത്തുക,ഏകാഗ്രത വർദ്ധിപ്പിക്കുക, രോഗ ഭയം അകറ്റുക, രോഗപ്രതിരോധ ശക്തി കൂട്ടുക, രക്തശുദ്ധീകരണം സാധ്യമാക്കുക, ഉന്മേഷവും പ്രസരിപ്പും വർദ്ധിപ്പിക്കക, മാനസിക പിരിമുറുക്കം ( ടെൻഷൻ ) അകറ്റുക, ആത്മവിശ്വാസം വർധിപ്പിക്കുക, പ്രാണശക്തി വർധിപ്പിക്കുക, ജരാനരകൾ അകറ്റുക വ്യക്തി വികാസം സാധ്യമാക്കുക.എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത ഗുണങ്ങൾ യോഗാസനത്തിലൂടെ നമുക്കു ലഭിക്കുന്നു.

ഒരു ഉത്തമ ഗുരുനാഥന്റെ കീഴിൽ യോഗ അഭ്യസിക്കുകയും നിത്യവും ശരിയായ രീതിയിൽ പരിശീലിക്കുകയും ചെയ്യേണ്ടതാണ്. തിക്കും തിരക്കും മത്സരവും വ്യാകുലതയും പ്രതിസന്ധികളുമൊക്കെ നിറഞ്ഞ ആധുനിക സമൂഹത്തിന് അതിൽ നിന്ന് പൂർണമായി കരകയറാനുള്ള ഏറ്റവും എളുപ്പമാർഗമായി യോഗയെ കണക്കാക്കേണ്ടതുണ്ട്. ആധുനിക ചികിത്സാരംഗത്ത് യോഗയുടെ പ്രാധാന്യം പ്രയോജനപ്പെടുത്തുകയും കൂടുതൽ പുതിയ സാധ്യതകളിലേക്ക് അത് വ്യാപിപ്പിക്കുകയും ചെയ്യുന്നതിനു വേണ്ട പരിശ്രമങ്ങൾ നടന്നുവരുന്നുവെന്നത് ശുഭസൂചനയായി കാണാം.



خديجة.اي. يم
يتش. يس. تي . عربي

# اهمية اللغة العربية

اللغة العربية هي لغة القرآن.وَهِيَ اِحْدَي اللُغَاتِ السَامِيَةِ. لها مَنْزِلَةٌ عاَلِيَةٌ بَيْنَ الُّلغَاتِ الْعَالَم. اللُغَة الْعَرَبِية لَهَاجَمَالُ السَاحِرِي الَذِي لا يُوجَدُ لهُ مَثِيلٌ فِي اَيَة لُغَةٍ اُخْرَي. وَلَقَدْ اَنْزَلَ الله تعَالىالقُرْآنَ وَجَعَلَهُ كِتَا بًا عَرَبِيًا وَاَضَافَتْ بَلاَغَةُ القُرْآن جَمَالاً من لَوْن جَدِيد الي اللُغَةِ الْعَرَبِيَة.وَلِلْقُرْآن دَوْرٌ بَالِغٌ في مُحَافَظَةِ اللُغَةِ الْعَرَبِيَةِعَلي اصَالَتِهَا. انْزَلَ الله تعالي القرآن الذِي ضَمِنَ بَقَائِهَا تِلْكَ الْقُرونِ الْعَدِيدَةِ.قَالَ الله تَعَالى فِي القرآن:"انّا نَحْنُ نَزلْنَا الذكْرَوَاِنا لَهُ لَحَافِظُون". وَلِذلك حفْظُ القرآن يَسْتَلزِمُ حِفْظُ اللغَة العَرَبِيَةِ. وَمِنْ خَصَائِصِ هَذِهِ اللغَة اِنهَا لُغَةٌ قَدِيمَة وَجَدِيدَة في نَفْسِ الْوَقْتِ. وَمِنْ مِيزَة اللغَة الْعَرَبِيةِ الْمَعَاني الْكَثِيرَة للفْظِ الْوَاحِدِ.مثل لَفْظ عَيْن يَدُلّ عَلَي 35 مَعْنَى. وَمِنْهَاضبط الْكَلِمَة بِالشّكْلِ مِنْ ضَمّ وَ فَتح وَكَسْر. وَمِنْ تَأثِيراللغَة الْعَرَبِيّةِ انّ هُنَاك عِدّةلُغَاتٍ تكْتُبُ بِالْحُرُوفِ الْعَرَبِيّةِ مِثْلَ الاُرْدُوية وَ الفَا رِسِيّة وَا لْكُردِ يّةِ وَا لْبَا رْبَرِيّةِ وَ غَيْرِهَا. يَكْفِي لِلغَةِ الْعَرَبِيّةشَرَفًا لِكَونِهَا لُغَةٌ معتَرفَة بِهَا لَدَي هَيْئَة الاُمَمِ الْمُتَّحِدَةِ مَعَ الُّغَاتِ الْخَمْسِ الْاُخْرَى وَهِيَ الاِنْجِلِزِيَّةِ وَالْفَرَنْسِيَّةِ والصِّنِيَّةِ والرّوسِيَّةِ وَالْاَسْبَانِيَّةِ. وَتَمّ اِعْتِرَافُهَا لَدَى الْهَيْئَةِ فى18 دِيسَمْبَرْ 1973وَلِذَا تُعَيَّنُ هَذَا الْيَوْم يَوْمًا لِلاِحْتِفَاءَ بِهَا عَالَمِيًّا.

اللُّغَةُ الْعَرَبِيّة فِي كَيْرَلا:-

انْتَشَرَتْ الُّلغَةُ الْعَرَبِيّة فِي كَيْرَلامِنْ نَاحِيَتي الدِّينِيَّةوالتِّجَارِيَّة. التُّجَّارُالْعَرَب اللَّذِينَ قَدِمُوا كَيْرَلا هُم اللَّذِين جَاؤُو بِهَذِه اللُّغَة الى كَيْرَلا.اوَّلاً تَكَلَّمُوا بِهَا في اَسْواقِهَا قَبْلَ الِاسلاَم. وَلَمَّا جَاءَالِاسلاَم صَارَتْ لِهَذِهِ الُّلغة ارْتِبَاطٌ وَثِيقَةٌ بِهِ اذقَوَانينه القُرْآن الْكَرِيم يَقْرَؤُهَا في الْعَرَبِيَّةِ. وَالُّلغَة الْعَرَبِيّة لَهَا اهمِيةٌ كَبِيرَةٌ فِي حَيَاتِ الْمُسْلِم الرُّوحِيّة وَالْمَادِيّة. حِينَمَا دَخَلَ الْاِسْلاَم الي كَيْرَلَا اِعْتَنَقَ بَعْضهُمْ فَاحْتاجُوا انْ يدْرُسُوا عَنِ الْاسْلاَم.فاضْطَرُّوا اَنْ يدْرُسَ الُّلغَة الْعَرَبِيّة. وَاِنْتِشَارُالْاِسْلاَم تُسَبّبُ لِانْتِشَار اللّغَة الْعَرَبِيَّة فِى كَيْرَلا. وَمِنْ اَجْلِ اِسْتِعْمَالِ الْمُسْلِمين وَمدَاولتهُم الْالْفَاظ اِنْتَشَرَتْ فى كَيْرَلا كَلَمَاتِهَا وَشَاعَ اِسْتِعْمَالِهَاحَتَّى ان دَخَلَتْ بَعْضُهَا في لَهْجَتِهَا الْمَحَلّيَة. وَاِسْتَمَرَّت اِسْتِعْمَالِهَا حتي اِنْسَجَمَت تِلْك الْكَلِمَات بِا للُغَةِ مَلَيَالَم حَيْثُ لَا يُمْكِنُ الْيَوْم رَدّهَا اِلَى اَصْلِهَا الْعرَبِي لِان انسِجَامِهَا فِى مَلَيَالَم يَسْتَعْمِلُهَا الْمُسْلِمُ وَغَيْرُ مُسْلِم كَاَنّهَا كَلِمَاتٌ اَصْلِيَّةٌ فِى لُغَةِ مَلَيَالَم. الآن تُدَرّسُ الُّلغَة الْعَرَبِيّة فِى وِلَايَتِنَا مِنَ الْمَرْحَلَةِ الْاِبْتِدَائِيَّةِ حَتَّى مُسْتَوَى الْجَامِعِي. والْفَضْلُ فِى تَعْمِيمِ اللغَة الْعَرَبِيَّة فِي الْمَدَارِسِ والْكُلّيَاتِ كَيْرَلا يَعُودُ علي السَّيّد سِ اتش مُحَمّد كُويَا. الْآن نَجِدُ فِى كَيْرَلا اِمْكَانِيّاتٌ عَدِيدَةٌ فِى اللغَةِ العَرَبِيّةِ كمَا نَجِدُهَافِى سَائِرِ اللغَاتِ.



Nandana Suresh
10.I

# तिरस्कृता कार्षिकवृत्तिः

अस्माकं भारतस्य संस्कृतेःआधारं एव कृषिः। अस्माकं पारम्पर्यस्य पैतृकस्य च आधारं भवति कार्षिकवृत्तिः। पुरातनकाले कृषिः भारतस्य प्रधानं कर्म अभवत् । सर्वे भारतीयाःकार्षिकवृत्तिद्वारा स्वजीवनम् यापयन्ति स्म। अस्म्त् कारणात् सर्वे भारतीयाः कर्षकाः भवन्ति इति विदेशीयाः अचिन्तयन् । भारतीयसंस्कृतेःनिर्मातारः भवति कर्षकाः। कार्षिकवृत्तौ अधिष्ठितम् अथवा कर्षकनिर्मितम् इति कारणेन एव भारतस्य संस्कृतिः विश्वप्रसिद्धा अभवत् । अतः कार्षिकवृत्तेः सर्वदा सर्वथा प्रसक्तिः अस्ति ।

अद्य कार्षिकवृत्तिः तिरस्कृता अभवत् । कृषिः इति पावनकर्मस्य महत्वं वयं सर्वे विस्मृतवन्तः । कर्षकाः एव अस्माकम् अन्नदातारः। कार्षिकवृत्तिं विना वयं  कथं अन्नं भुजिष्यामः ? अन्नं न लभ्यते चेत् कथं जीवितुं शक्यते ? पुरातनकाले अस्माकं भारतं विशिष्य केरलं केदारभूमिः आसीत् । केरलदेशं केदारभूमिः आसीत् । अनेन कारणेन केरलं केदारभूमिः इति नाम्ना प्रसिद्धं भवति । एकदा केदारपूरितं केरलं धनधान्यसम्पन्नम् आसीत्। अद्य वयं कार्षिकवृत्तिं विस्मृत्य पाश्चात्य संस्कृतिं स्वीकुर्मः ।अतः एव धान्यसम्पत्या केरलं दरिद्रम् अभवत् । अस्माकं भोजनाय अन्नम् इतरराज्येभ्यः आनयति। अस्याः दुरवस्थायाः निर्मातारः वयं मानवाः एव भवामः । वयं केदारनाशनेन कार्षिक-संस्कृतेः नाशम् अकुर्मः। विकसनम् इति नाम्ना केदारनशीकरणं कृत्वा तत्र व्यापारस्थापनानि निर्मितानि ।

धनलाभेच्छया कृत ईदृशकर्मद्वारा केरलं धान्यसम्पत्तौ दरिद्रं अभवत् । इतरराज्येभ्यः  आगत विषपूरित-भोजनं खात्वा अद्य जनाः रोगात् पीडाम् अनुभवति । एवं कार्षिकसंस्कृतेः नाशेन अस्माकं संस्कृतिः ,पैतृकं, पारम्पर्यं ,सम्पत्समृद्धिः,आरोग्यं च नष्टम् अभवत् ।

अस्माकं संस्कृतेः संरक्षणाय वयं सर्वे कार्षिकवृत्तिः इति कर्मस्य महत्वं जनमध्ये प्रचालनीयं भवति । इदं लक्ष्यम् सर्वप्रधानं भवति । तदर्थं यतामहे । अस्माकं संस्कृतेः सम्पन्नतायाः च संरक्षणाय तद्वारा अस्माकं राज्यस्य विकसनाय वयं सर्वे कर्षकाः भवामः। केदारसंरक्षणद्वारा कार्षिकवृत्तिं परिपोषयामः ॥



പി.കെ.വിജയൻ, നറുകര .
1971 എസ്.എസ്.എൽ.സി

# വിദ്യാഭ്യാസ മേഖല അന്നും ഇന്നും

"അദ്ധ്യാപക കേന്ദ്രീകൃതമായിരുന്ന പഠന രീതി വിദ്യാർത്ഥി കേന്ദ്രീകൃതമായി രൂപപ്പെട്ടത് തുടർച്ചയായ മാറ്റങ്ങളിലൂടെയാണ്. എന്തു പഠിക്കണം എന്ന എന്ന ചിന്തയേക്കാൾ എങ്ങിനെ പഠിയ്ക്കണം എന്നത് കൂടുതൽ ചർച്ച ചെയ്യപ്പെട്ടു"

മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ വിദ്യാഭ്യാസ കേന്ദ്രമായി മഞ്ചേരി മാറിയിരിക്കുന്നു. മഞ്ചേരിയലെ ഒരു നൂറ്റാണ്ട് പിന്നിട്ട പ്രശസ്ത സരസ്വതീ ക്ഷേത്രമാണ് ഗവ:ബോയ്സ് ഹൈസ്കൂൾ.ഈ സ്ഥാപനത്തിലെ വിദ്യാർത്ഥിയാവാൻ സാധിക്കുക എന്നത് തന്നെ അഭിമാനബോധം ഉളവാക്കുന്നു. ഒരു വിദ്യാർത്ഥിയായും അദ്ധ്യാപകനായും രക്ഷിതാവായും അദ്ധ്യാപക സംഘടനാ പ്രവർത്തകനായും കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ ആറ് പതിറ്റാണ്ടുകളിലധികമായി അടുത്തറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്തുണ്ടായ മാറ്റങ്ങളും പുരോഗതിയും ചരിത്രത്തിന്റെ ഭാഗമാണ്.

"ഏതൊരാശയവും നിങ്ങളുടെ മനസ്സിനെ ബലപ്പെടുത്തുന്നതാണെങ്കിൽ സ്വീകരിക്കുക ,അല്ല ദുർബലപ്പെടുത്തുന്നതാണെങ്കിൽ നിരാകരിക്കുക" വിവേകാനന്ദനാണ്. വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളെ ഈ കാഴ്ചപാടിലൂടെ വിലയിരുത്തുന്നത് നന്നായിരിക്കും. സ്വാതന്ത്ര്യത്തിനു ശേഷം പഠന രീതിയിലും പാഠ്യപദ്ധതിയിലും വലിയ മാറ്റങ്ങളുണ്ടായി. അദ്ധ്യാപക കേന്ദ്രീകൃതമായിരുന്ന പഠന രീതി വിദ്യാർത്ഥി കേന്ദ്രീകൃതമായി രൂപപ്പെട്ടത് തുടർച്ചയായ മാറ്റങ്ങളിലൂടെയാണ്. എന്തു പഠിക്കണം എന്ന എന്ന ചിന്തയേക്കാൾ എങ്ങിനെ പഠിയ്ക്കണം എന്നത് കൂടുതൽ ചർച്ച ചെയ്യപ്പെട്ടു.ഉരുവിട്ട് പഠിച്ച് വലിയ ചോദ്യങ്ങൾക്ക് നീണ്ട ഉത്തരമെഴുതിയിരുന്ന ഒരു കാലഘട്ടം ഇന്ന് ഓർമയായി സ്വയം പഠനത്തിലൂടെ കാര്യങ്ങൾ ഗ്രഹിക്കുന്ന പുതിയ പഠനരീതി കൂടുതൽ മെച്ചപ്പെട്ടതാണെന്ന് ഉറപ്പിച്ചു പറയാൻ കഴിയും.ചെറിയ ക്ലാസുകളിൽ തന്നെ തുടക്കമിടുന്ന വിദ്യാർത്ഥി

“ വിദ്യാഭ്യാസ മേഖലയിൽ കുറവുകളൊന്നുമില്ല എന്ന് മേൽപറഞ്ഞതിനർത്ഥമില്ല പൊതുവിദ്യാഭ്യാസം സാർവത്രികമായെങ്കിലും ഗുണനിലവാരത്തിൽ ഇടിവ് സംഭവിച്ചിരിക്കുന്നു എന്ന് സമൂഹത്തിൽ അഭിപ്രായമുണ്ട്.വിജയശതമാനം ഉയർത്തി കാട്ടാനുള്ള തത്രപ്പാടിൽ ഇതു സംഭവിച്ചു എന്ന വാദത്തിൽ കഴമ്പുണ്ടോ? ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മികച്ച സർവകലാശാലകളെ രൂപപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. രാഷ്ട്രീയ വടം വലികൾ അക്കാദമിക മികവ് ഉണ്ടാക്കുന്നതിന് തടസ്സമാകുന്നു എന്ന പരാതിയും ഭാവാത്മകമായി പരിശോധിക്കേണ്ടതുണ്ട്. ”

ഒറ്റക്കും കൂട്ടായും ചെയ്യുന്ന പ്രവർത്തന രീതികൾ വലിയ ആശയങ്ങളുടെ പഠനത്തിന് അവരെ പ്രാപ്തരാക്കുന്നു. വിദ്യാർത്ഥിയുടെ സ്വാഭാവിക താല്പര്യം ഏതെന്ന് തിരിച്ചറിയാൻ പുതിയ പഠന രീതിയിൽ കൂടുതൽ അവസരങ്ങളുണ്ട്.

അദ്ധ്യാപകരിലും വലിയ മാറ്റങ്ങൾ സംഭവിച്ചു കഴിഞ്ഞു. പഴയ കാലഘട്ടത്തിലെ മാതൃകാദ്ധ്യാപകനല്ല ഇന്നത്തെ നല്ല അദ്ധ്യാപകൻ. കടുത്ത ശിക്ഷ നൽകിയിരുന്ന പഴയ രീതി ഓർമയായി. ഭയത്തിന്റെ അന്തരീക്ഷത്തിൽ യഥാർത്ഥ പഠന പ്രക്രിയ നടക്കുന്നില്ല എന്ന വസ്തുത അദ്ധ്യാപക സമൂഹം ഏറെക്കുറെ അംഗീകരിച്ചു കഴിഞ്ഞു.വിദ്യാർത്ഥികൾക്ക് മാനസികമോ ശാരീരികമോ ആയ ശിക്ഷ നൽകുന്ന അദ്ധ്യാപകരെ ഇന്ന് സമൂഹം ആദരപൂർവം കാണുന്നില്ല. നല്ല അദ്ധ്യാപകൻ സുഹൃത്തും വഴികാട്ടിയും എന്ന കാഴ്ചപ്പാടിന് പരക്കെ അംഗീകാരം ലഭിച്ചു കഴിഞ്ഞു.

രക്ഷിതാക്കളുടെ ചിന്തയും വളരെ മാറ്റി.കൂട്ടുകുടുംബത്തിനു പകരം ചെറിയ കുടുബങ്ങളായതോടെ മക്കളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധയുണ്ടായി എന്നതാവാം കാരണം. രക്ഷിതാക്കൾ ഇന്ന് പൊതുവെ വിദ്യാസമ്പന്നരാണ്. പുതിയ വിദ്യാഭ്യാസ രീതികളെ കുറിച്ചും ഈ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ കുറിച്ചും അറിയാൻ അവർ തല്പരരാണ്. വിദ്യാലയങ്ങളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ രക്ഷിതാക്കളുടെ കൂട്ടായ്മയ്ക്കാവുന്നു .പഴയ കാലത്തെ രക്ഷിതാവിനെക്കാൾ കൂടുതലായി വിദ്യാലയവുമായി ബന്ധപ്പെടുന്നവനാണ് പുതിയ രക്ഷിതാവ് എന്ന് ഉറപ്പിച്ചു പറയാൻ കഴിയും.

മാറി മാറി വന്ന ഭരണകർത്താക്കം വിദ്യാഭ്യാസ മേഖലയെ ഗൗരവമായി തന്നെ സമീപിച്ചത് ഈ രംഗത്തെ മാറ്റങ്ങൾക്ക് ആക്കം കൂട്ടി. അടിസ്ഥാന സൗകര്യ വികസനത്തിൽ നമ്മുടെ പൊതു വിദ്യാലയങ്ങൾ വൻ കുതിപ്പു തന്നെ നടത്തി. വിദ്യാഭ്യാസ പുരോഗതി സാമൂഹ്യ പുരോഗതിയെ ത്വരിതപ്പെടുത്തി. വിദ്യാഭ്യാസ പുരോഗതിയും സാമൂഹി പുരോഗതിയും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവയാണല്ലോ.

പഠനാനുബന്ധ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ശ്രദ്ധ കിട്ടുന്നില്ല എന്ന തോന്നൽ ഇടക്കാലത്തുണ്ടായിരുന്നു.ഇതിന് മാറ്റമുണ്ടായി.കലാകായിക ശാസ്ത്ര മേഖലകളിൽ പ്രതിഭകളെ കണ്ടെത്താൻ ഇന്നത്തെ വിദ്യാഭ്യാസ പദ്ധതിയിൽ അവസരമുണ്ട്. സാങ്കേതിക വിദ്യയുടെ വികസനം തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ചു.ഇതിനുപൂരകമായി ധാരാളം പുതിയ കോഴ്സുകളും രൂപപ്പെട്ടു അര നൂറ്റാണ്ട് മുമ്പ് സങ്കല്പിക്കാൻ കൂടി കഴിയാത്ത മികവാർന്ന പഠനാവസരങ്ങളും തൊഴിൽ മേഖലകളും തുറക്കപ്പെട്ടു.

സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളെ പോലെ അൺ എയ്ഡഡ് സ്വാശ്രയ മേഖലകളും നമ്മുടെ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ അതിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട് എന്ന് കാണാൻ കഴിയും സംസ്ഥാനത്തിന് പുറത്തും യാത്ര ചെയ്ത് ഉദ്ദേശിച്ച വിദ്യാഭ്യാസം നേടിയെടുക്കാൻ സമൂഹം തയ്യാറായി.

വിദ്യാഭ്യാസ മേഖലയിൽ കുറവുകളൊന്നുമില്ല എന്ന് മേൽപറഞ്ഞതിനർത്ഥമില്ല പൊതുവിദ്യാഭ്യാസം സാർവത്രികമായെങ്കിലും ഗുണനിലവാരത്തിൽ ഇടിവ് സംഭവിച്ചിരിക്കുന്നു എന്ന് സമൂഹത്തിൽ അഭിപ്രായമുണ്ട്.വിജയശതമാനം ഉയർത്തി കാട്ടാനുള്ള തത്രപ്പാടിൽ ഇതു സംഭവിച്ചു എന്ന വാദത്തിൽ കഴമ്പുണ്ടോ? ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മികച്ച സർവകലാശാലകളെ രൂപപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. രാഷ്ട്രീയ വടം വലികൾ അക്കാദമിക മികവ് ഉണ്ടാക്കുന്നതിന് തടസ്സമാകുന്നു എന്ന പരാതിയും ഭാവാത്മകമായി പരിശോധിക്കേണ്ടതുണ്ട്. മറ്റ് പല പരാതികളും നമ്മുടെ വിദ്യാഭ്യാസ രംഗത്ത് നിലവിലുണ്ട്. സദാ ദൗർബല്ല്യത്തെ കുറിച്ച് ചിന്തിക്കുന്നതു കൊണ്ട് ബലമുണ്ടാവുകയില്ല. ദൗർബല്ല്യത്തിന് പരിഹാരം ദൗർബല്യ ധ്യാനമല്ല. ബല ധ്യാനമാണ് എന്ന വിവേകാനന്ദ വാണി വീണ്ടും ഓർമിപ്പിച്ചു കൊണ്ട് പറയട്ടെ, നമ്മുടെ വിദ്യാഭ്യാസ മേഖലയെ ഇതര സംസ്ഥാനങ്ങൾക്ക് കൂടി മാതൃകയാവുന്ന തരത്തിൽ മാറ്റി എടുക്കാൻ കെല്പുള്ള സമൂഹമാണ് നമ്മുടേത്. ഇനിയും മാറ്റങ്ങൾക്കായി കാത്തിരിക്കുക

1956–57 അധ്യയന വർഷത്തെ പതിപ്പിൽ നിന്ന് വിദ്യാലയത്തിന്റെ പൂർവ്വ കാല സാക്ഷ്യമായി നിലകൊള്ളുന്ന രചനകളിലേയ്ക്ക്...

# വിദ്യാഭ്യാസം അന്നും ഇന്നും

[illegible] (മഞ്ചേരി.)

[illegible]

### ജീവിതത്തോടു ബന്ധമില്ലാത്ത വിദ്യാഭ്യാസം.

[illegible]

[illegible]

വിദ്യാഭ്യാസത്തിന്റെ മൌലികതത്വമെന്ന നിലക്ക്, അതോടുകൂടി ജീവിതത്തിന്റെ വിവിധ തുറകളിലും ഒരു സ്വതന്ത്രരാഷ്ട്രത്തിലെ പൌരന്മാരുടെ നാധ്യതകൾ നിറവേറ്റാനുള്ള കഴിവും കരുത്തും വിദ്യാർത്ഥികളിൽ ഉണ്ടാക്കുവാനുള്ള പരിശ്രമങ്ങളും തുടങ്ങി. ക്ലാസ്സുമുറികളുടെ വെളിയിൽ വിശാലമായ ഒരു ലോകമുണ്ടെന്നും, അതിലെന്ത് നടക്കുന്നു എന്നറിയാനും, അതിനുള്ള പരിശീലനമാണ് തങ്ങൾ നേടുന്നതെന്നും വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുവാനുള്ള വഴികളും വെട്ടിത്തുറക്കപ്പെട്ടു. തത്ഫലമായി മാനസികസംസ്കാരത്തിനും പ്രാധാന്യം കൈവന്നു. വിദ്യാർത്ഥി വിനോദങ്ങളെപ്പറ്റി മനസ്സിലാക്കുന്നതിനും അഭ്യസിക്കുന്നതിനുമുള്ള അനുകൂല സൌകര്യങ്ങളും ഏറ്റവും ആധികാരികമായ പരിവർത്തനങ്ങളാണ് വരുത്തിയെന്നത്! മുമ്പില്ലാത്ത തിരക്കോടുകൂടിയ, വിനോദം, പാർലിമെന്ററി, മന്ത്രിസഭകളെല്ലാം വിദ്യാർത്ഥികളിൽ ഒരു നവചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. അവരുടെ വായനകളും, വേഷങ്ങളും നൂതനമായ ആശയങ്ങൾകൊണ്ട് നിറം പിടിപ്പിക്കപ്പെട്ടിരിക്കുന്നു. അധ്യാപകന്മാരും എൻ. സി. സി. യും അന്ന് സ്വപ്നം കാണാൻപോലും സാധ്യമായിരുന്നില്ല. അതെല്ലാം ജീവനില്ലാത്ത സാഹിത്യസമാജങ്ങളായിരുന്നു ക്ലാസ്സുമുറികളിലെ അസ്വസ്ഥകരമായ അന്തരീക്ഷത്തിൽനിന്ന് അവർക്ക് ഒരല്പമെങ്കിലും ആശ്വാസം നൽകിയിരുന്നത്. അവയ്ക്ക് മറ്റൊന്നും വിദ്യാർത്ഥികളുടെ വളർന്നുവരുന്ന ജിജ്ഞാസയ്ക്ക് ഉത്തരം നൽകുവാനുള്ള ശേഷിയുണ്ടായിരുന്നില്ല. "കാളിദാസനോ ഷേക്സ്പിയറോ ശ്രേഷ്ഠൻ?", "പട്ടണജീവിതമോ ഗ്രാമജീവിതമോ നല്ലത്?" മുതലായ വിഷയങ്ങളായിരുന്നു അന്ന് ആലോചനയ്ക്ക് വന്നിരുന്നത്. എന്നാൽ ഇന്ന് സാഹിത്യസമാജങ്ങളിൽ സജീവമായ സാമയികപ്രശ്നങ്ങളും, പുതിയ പ്രവണതകളും തുടങ്ങി 'രാഷ്ട്രീയം' വരെ ചർച്ചചെയ്യപ്പെടുന്നു. വലിയ രാഷ്ട്രീയകക്ഷികളിലെ നേതാക്കന്മാരും, തലയെടുപ്പുള്ള സാഹിത്യകാരന്മാരും ഇന്ന് സ്കൂളുകളിൽ പ്രസംഗിക്കുന്നു. സ്കൂളുകൾ തെരഞ്ഞെടുപ്പുമത്സരങ്ങൾക്ക് ഇന്ന് കളിത്തൊട്ടിലുകളാണ്. മുമ്പ് പുറമെ, പര [illegible] നടന്നിരുന്ന കാര്യങ്ങൾ പല വിദ്യാർത്ഥികൾ അവരുടെ കൈകളിൽകൂടി കൈകാര്യം ചെയ്യുന്നു. അതിനൊരു ഉദാഹരണമാണ് [illegible] പരിശീലിക്കുകയാണ്. ഒരു സ്കൂളുകളിലെ വിദ്യാർത്ഥികൾ [illegible] കൊളളുകയിലുള്ളവർ ഇന്ത്യയിൽ മുഴുവനുമുള്ള [illegible] നേതൃത്വം, സർവ്വകലാശാലകൾ [illegible] ക്ഷണിക്കുകയാണ്. സ്വതന്ത്രരാജ്യങ്ങളുടെ സൌഹാർദ്ദപരമായ സഹകരണസമ്പ്രദായങ്ങളുടെ ഫലമായി മററു രാജ്യങ്ങളിലെ നേതാക്കന്മാരുടെയും സ്വകാര്യസന്ദർശനങ്ങളുടെയും സ്കോളർഷിപ്പിന്റെ വിദ്യാർത്ഥികൾ വിദേശങ്ങളിൽ പഠിക്കുന്നു. [illegible] വിദ്യാർത്ഥികളെ കൈകാര്യം സമൂഹവും അന്തർദ്ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതിനൊരു ലോകസമാധാനത്തിന്റേയും ഏകലോകത്തിന്റേയും സന്ദേശങ്ങൾ വിദ്യാഭ്യാസരംഗം വഹിച്ചിരിക്കുകയാണ്. എൻ. സി. സി. മുതലായ ജീവിതസമരത്തിനാവശ്യമായ പട്ടാളക്കാരന്റെ കരുത്തും, സേവനസന്നദ്ധതയും, അച്ചടക്കവും അനുശീലനമാകുന്നു. [illegible] കേവലം പ്രായോഗികമായിത്തന്നെ പഠനത്തെ സ്കൂളുകളിൽ ഇന്ന് പ്രാധാന്യമായ ഒരു പ്രായോഗികമായി ഉയർത്തപ്പെട്ടിരിക്കുന്നു. '[illegible]' മററും ഇന്ത്യ സ്കൂൾ പ്രവർത്തികളെ അറിയുവാൻ തുടങ്ങിയത് അതിനുള്ള ഉദാഹരണമാണ്. പരമ്പരാഗതമായുള്ള കൈത്തൊഴിലുകൾ പരിശീലിക്കുവാനും കലാവാസനയും, സാഹിത്യപരമായുള്ള വാസനകൾ വളർത്തിക്കൊണ്ടുവരാനും ഇന്ന് [illegible] ലഭിക്കുന്നു. അവർ പുതിയ പുസ്തകപ്പുരകളെല്ലാം, ഒരു പുതിയ ജീവിതത്തിന്റെ പരിശീലനം കഴിക്കുന്നവരാണെന്നും തങ്ങളുടെ കഴിവിലാണ് നാളത്തെ ഇന്ത്യയുടെ നിലനില്പെന്നുമുള്ള ബോധം വിദ്യാർത്ഥികളിൽ ഉണ്ടാകത്തക്കവിധം അത്യുത്സാഹവും ആദരവുമായ മാറ്റങ്ങൾ ഇന്ന് വിദ്യാഭ്യാസരംഗത്തിൽ വന്നിരിക്കുന്നു. ഇതൊരു അസാധാരണമല്ല, ആരംഭമാണ്. വരാൻപോകുന്ന മഹത്തായ മാററങ്ങളുടെ നാന്ദി മാത്രമാണ്. സ്വതന്ത്രഇന്ത്യയുടെ ഭാവി കെട്ടിപ്പടുക്കേണ്ടവരെ ആത്മാഭിമാനത്തോടുകൂടി പരിശീലനം കഴിക്കുന്ന ഇന്നത്തെ, വിദ്യാർത്ഥിവിഭാഗം എത്ര ഭാഗ്യവാന്മാരല്ല!

## ചുമതല വഹിക്കുന്നു.

വിദ്യാഭ്യാസത്തിനൊരുക്കുകിയ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യവും ഇന്ന് മാറിയിരിക്കുന്നു. അന്ന് [illegible] ഉദ്യോഗികളെ സൃഷ്ടിക്കുന്നതിൽ ഇന്ന് ഒരു സ്വതന്ത്രരാജ്യത്തെ സമ്പൽസമൃദ്ധമായ ഒരു രാജ്യമാക്കി മാറ്റുന്നതിനാവശ്യമായ പരിശീലനം സിദ്ധിച്ച വിദഗ്ദ്ധന്മാരെ സൃഷ്ടിക്കുകയും, ഈ നാട്ടിന്റെ പൌരന്മാരുടെ സാംസ്കാരികസമ്പത്ത് പോഷിപ്പിക്കുകയുമാണ് വിദ്യാഭ്യാസംകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. ഈ അടിസ്ഥാനത്തിൽ വിദ്യ

[illegible]

[illegible]



# ഓർമ്മച്ചിറകുകൾ വീശി

കാലം ബാക്കി വച്ചു പോയ സുന്ദര സ്മൃതികൾ.....
മനസ്സിന്റെ ചെപ്പിലൊളിപ്പിച്ച മുന്തിരി സൗഹൃദങ്ങൾ .....
പങ്കിട്ടെടുത്ത ഇണക്കങ്ങൾ .... പരിതപിച്ച പിണക്കങ്ങൾ .....
പോയ കാലത്തിന്റെ കുളിര് ..
ആ കുളിരിലൊന്നുമുങ്ങാം.



# വി.ഡി.ശാംഭവി മൂസ്സത്

1977 മുതൽ 19680 വരെ ബോയ്സിലെ മലയാളം അധ്യാപക .പ്രമുഖ എഴുത്തുകാരി. ശ്യാമ, അനന്തുവിന്റെ അമ്മ ,വാന പ്രസ്ഥം (കഥാസമാഹാരങ്ങൾ) വിചാര വീഥി (ലേഖന സമാഹാരം) എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മികച്ച കഥയ്ക്കും ലേഖനത്തിനു മുള്ള കെ.എസ്.എസ്.പി.യു.വിന്റെ സമ്മാനത്തിന് അർഹയായിട്ടുണ്ട്.

വി.ഡി.ശാം ഭവി മൂസ്സത്

# ഒരു വട്ടം കൂടി

പൊതു വിദ്യാലയങ്ങളെല്ലാം തന്നെ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ അതിപ്രസരത്താൽ കലുഷിതമായ കാലഘട്ടത്തിലാണ് ഞാൻ അധ്യാപികയായി രംഗപ്രവേശം ചെയ്യുന്നത് .അന്നത്തെ സമൂഹവും വളരെ വിഭിന്നമായിരുന്നില്ല. വാലും തലയുമില്ലാത്ത രണ്ടു വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിച്ച ശേഷം മൂന്നാമതായി എത്തുന്ന അതുപോലെ തന്നെയുള്ള വിദ്യാലയം മഞ്ചേരി ഗവ.ബോയ്സ് ഹൈസ്കൂൾ – 1977ൽ. എന്റെ രണ്ട് ആൺമക്കളും അവിടത്തെ വിദ്യാർത്ഥികൾ. സ്വന്തം കൺവെട്ടത്തിലാവുമല്ലോ: എന്നൊരാശ്വാസം!വിദ്യാലയത്തിന്റെ നൂറാം വാർഷികത്തിൽ ആദരവേറ്റുവാങ്ങാൻ ഭാഗ്യം സിദ്ധിച്ചു. ഇരുപത്തിരണ്ടു വർഷത്തെ അനുഭവങ്ങളുടെ കൂമ്പാരം മനസ്സിലുണ്ട്, എന്നും എപ്പോഴും ഓർമ്മച്ചെപ്പിലെ വളപ്പൊട്ടുകൾ പോലെ.

ആജാനുബാഹുവായ, മിലിട്ടറിച്ചിട്ട പുലർത്തുന്ന പ്രധാനാധ്യാപകൻ രാമയ്യർ മാഷ് ഞാൻ ഹാജർ പട്ടികയിൽ ആദ്യമായി ഒപ്പുവയ്ക്കും നേരം ഒരു മുഖവുരയുമില്ലാതെ, ടീച്ചർ വന്നതു നന്നായി.10D ക്ലാസിലേക്ക് പൊക്കോളൂ എന്ന നിർദേശം നൽകി.പക്ഷെ കാലക്രമേണ അദ്ദേഹത്തിന് മിലിട്ടറി ച്ചിട്ടയൊക്കെ വിട്ട് അവിടത്തെ കുട്ടികളിലേക്കിറങ്ങി വരേണ്ടി വന്നു. അന്നത്തെ ബോയ്സിന്റെ ചിത്രം മനസ്സിൽ തെളിയുന്നു. കുതിരപ്പുറത്തിരിക്കുന്ന രൂപത്തിൽ ഒരു സായിപ്പിന്റെ സ്മൃതിമണ്ഡപം .അതിനു കാവലായ ബദാം മുത്തച്ഛൻ അവിടെ നിന്നു നോക്കിയാൽ കാണുന്ന വളവിൽ മുഖ്യ കവാടം. നിരന്തരം പായുന്ന വണ്ടികൾ . കുറുകെ ചാടുന്ന കുട്ടികൾ.അത്ഭുതം തോന്നുന്നു അവിടെയൊരപകടവും അക്കാലത്തുണ്ടായില്ല കുട്ടികൾ ദൈവത്തിന്റെ സന്തതികളാണ്! നാലായിരത്തോളം കുട്ടികൾ. ഷിഫ്റ്റു സമ്പ്രദായം. അധ്യാപകരെ തന്നെ പരസ്പരം പരിചയപ്പെടാനാകുന്നില്ല. സ്റ്റാഫ് മീറ്റിംഗ് എല്ലായ്പ്പോഴും ഇടനേരത്ത്: ഒരു കൂട്ടർക്ക് വീട്ടിൽപോകാനുള്ള തിരക്ക്. മറ്റുള്ളവർക്ക് ക്ലാസിലേയ്ക്കും.പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന കെട്ടിടങ്ങൾ .കയറ്റിറക്കങ്ങളും മൺകൂനകളുമുള്ള ക്യാമ്പസ് ചമ്പൽക്കാടിനു സമം. പൊട്ടിച്ചിതറിയ ഓടിന്റെയും പട്ടികയുടെയും കഷ്ണങ്ങൾ നിറഞ്ഞ മുറ്റം ആയുധങ്ങൾ നിറഞ്ഞ കുരുക്ഷേത്രം തന്നെ. കുട്ടികൾക്കും അധ്യാപകർക്കുമേറ്റ മുറിവുകൾ ഓർമയിലെ കറുത്ത പാടുകളായി അവശേഷിക്കുന്നു: വിദ്യാലയത്തിനു പിൻവശത്ത് ഉയർന്ന സ്ഥലത്ത് ഉയരത്തിൽ അഷ്ട ഭുജാ കൃതിയിൽ ഭംഗിയുള്ള ഒരു കെട്ടിടം കൈലാസം എന്ന വിളിപ്പേര് അതിനുചിതം തന്നെ. ആദ്യമൊക്കെ കായിക കലാപരിശീലനങ്ങൾക്കും പിന്നീട് കുട്ടികളുടെ ഒളിസങ്കേതമായും അതു മാറി.യു പി വിഭാഗവും ഹൈസ്കൂൾ വിഭാഗവും മെയിൻ റോഡിന്റെ ഇരുവശത്തായി നില നിന്നു അവയ്ക്കിടയിൽ ഒരു കുറുക്കുവഴി. ആ ഒറ്റയടിപ്പാതയിലൂടെ അധ്യാപകരുടെയും കുട്ടികളുടെയും നിരന്ത യാത്രയിലെ ധാരാളം ദുരനുഭവങ്ങൾ. സ്കൂളോളം പഴക്കമുള്ള ഒരു ബദാംമരം കാലത്തെ അതിജീവിച്ച് ഇലകളും ഫലങ്ങളുമായി തലയുയർത്തി നിൽക്കുന്ന ചിത്രം എന്നും മനസ്സിലുണ്ട്. അതിനു കൂട്ടായി ഒരു സപ്പോട്ടയും.

ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ ദാരിദ്ര്യം അനുഭവപ്പെട്ടിരുന്ന ആ കാലം, ഇല്ലായ്മയിലും വല്ലായ്മയിലും അന്നത്തെ കുട്ടികളുടെ പഠനവും അധ്യാപനവും .അതിൽ വേദനയോ നിരാശയോ ബാക്കി വയ്ക്കാതെ അഭിമാനം മാത്രം.പഠനത്തിൽ ഉയരങ്ങളിലേക്ക് എത്താൻ കഴിഞ്ഞില്ലെങ്കിലും ജീവിതത്തിൽ പരാജയപ്പെടാതെ മുന്നേറുന്ന അന്നത്തെ തലമുറയെ കാണുമ്പോൾ തികച്ചും ചാരിതാർത്ഥ്യം. സ്കൂൾ തിരഞ്ഞെടുപ്പ് അതീവ വാശിയും മത്സരവും നിറഞ്ഞതായിരുന്നു.പുറത്തുനിന്നു രാഷ്ട്രീയ പാർട്ടികളുടെ പരോക്ഷ പിന്തുണയും ഒപ്പം .ബാലറ്റു പേപ്പറുകൾ കൊല്ലം മുഴുവൻ സൂക്ഷിച്ചാലും ഏതു നിമിഷവും കോടതി കയറേണ്ട അവസ്ഥ! സമരത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ അധ്യാപകരെ റ സ്റ്റാഫ് റൂമിൽ പൂട്ടിയിടുന്ന അവസ്ഥ വരെയെത്തി.ഒരിക്കൽ ഒരദ്ധ്യാപികയെ തന്റെ കുഞ്ഞിനു പാലു കൊടുക്കാൻ ജനലഴികളിലൂടെ ഇറക്കിക്കൊണ്ടുപോയ സംഭവവും സ്മരണയിലുണ്ട്. കുട്ടികളോടൊപ്പമുള്ള വിനോദയാത്രകൾ പ്രശ്ന സങ്കീർണ്ണം തന്നെ. എങ്കിലും ഒറ്റ വർഷവും മുടക്കാറില്ല. അന്നത്തെ വിദ്യാർത്ഥികളിൽ ഒട്ടുമിക്ക പേരും പിന്നീട് മഞ്ചേരിയിലെ പ്രമുഖരും പ്രഗത്ഭരുമായി എന്ന സന്തോഷം മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

സ്കൂളിന്റെ മൈതാനം വളരെ അകലെ.കളിക്കിടെ ബെല്ലടിച്ചാൽ കേൾക്കില്ല. കുറച്ചു പേരൊക്കെ അടുത്ത വീടുകളിലെ തെങ്ങിലോ മാവിലോ ഒക്കെയായിരിക്കും. പഴയ ലാബിന്റെ ഭാഗത്തുനിന്ന് നേരെ നോക്കിയാൽ കണ്ണെത്താ ദൂരത്തോളം പാടശേഖരം. ഞാറ്റുപാട്ടിന്റെയും മറ്റും




ഈണവും താളവും പലപ്പോഴും കാതിനെ ആനന്ദിപ്പിച്ചു കൊണ്ടിരുന്നു. സ്കൂളിന് ഏറ്റവും അടുത്തു താമസിക്കുന്ന എനിക്ക് ഗ്രൗണ്ടിൽ വച്ചു പരിക്കുപറ്റുന്നവരെ പരിചരിക്കാനും മറ്റും ഒരുപാടവസരം കിട്ടി.ഒരിക്കൽ എന്നെ ഞെട്ടിച്ച ഒരനുഭവമുണ്ടായി. എട്ടാം ക്ലാസിലെ ഒരു കുട്ടിയെ പാസ്സാക്കിയതിന് രക്ഷിതാവിന്റെ ആക്രോശം. ഒന്നു മുതൽ 100 വരെ എണ്ണാനും സ്വന്തം പേരെഴുതാനും അവനു കഴിയുമായിരുന്നില്ല എന്നതാണ് കാരണം. ഹെഡ്മാസ്റ്റർ ഇടപെട്ടു. ഇവനെ ഞങ്ങൾക്കു തോല്പിക്കാൻ കഴിയില്ല. അവൻ എല്ലാ ദിവസവും കൃത്യമായി ക്ലാസിലെത്തുന്നു. മറ്റുള്ളവർ അതുമില്ല. ഇവൻ ജയിക്കാനായി ജനിച്ചവനാണ്.

നിരവധി തവണ പറഞ്ഞിട്ടും കവിത പഠിക്കാതെ വന്ന ഒരുവന്റെ പ്രതികരണം എന്നെ ഞെട്ടിച്ചു. ഇങ്ങനെയായിരുന്നു "കഴിഞ്ഞ പീരിയേഡ് ഹോം വർക്കു ചെയ്യാത്തതിന് ചീത്ത ഇന്ത്യന്റെ ഭൂപടം വരയ്ക്കാത്തതിന് സോഷ്യൽ മാഷ് ബുക്കെടുത്ത് ഏറ്, പത്തു തവണ എഴുതിവരാത്തതിന് ടീച്ചറിന്റെ വക നിങ്ങൾക്കിങ്ങനെ പറഞ്ഞാ മതി കേൾക്കുന്നത് ഞാനൊറ്റയ്ക്ക്!" ;പതിന്നാലുകാരന്റെ പ്രതികരണം ശരി തന്നെ. പക്ഷെ തെറ്റു മനസ്സിലാവണമെങ്കിൽ ഇനിയും ഒരു പതിന്നാലു കൊല്ലം വേണ്ടിവരുമെന്ന് ഞാനും ആശ്വസിച്ചു.

സഹപ്രവർത്തകരൊന്നിച്ച് ഒറ്റക്കുടുംബം പോലെ ഒന്നിച്ചുണ്ടും അനുഭവങ്ങൾ പങ്കുവച്ചും കഴിഞ്ഞ കാലം. അനുഭവങ്ങളുടെ നൂറിലൊരംശം പോലും ഇതുവരെ കുറിച്ചില്ല. ഇന്ത്യയുടെ പല ഭാഗങ്ങളിലും യാത്ര ചെയ്യാൻ ഭാഗ്യം സിദ്ധിച്ച എനിക്ക് പലയിടത്തു വച്ചും അന്നു പഠിച്ച കുട്ടികൾ സാമീപ്യമേകിയിട്ടുണ്ട്. വലിയൊരു ഗുരുദക്ഷിണ ! എന്തു കൊണ്ടും മഞ്ചേരി ബോയ്സ് ഹൈസ്കൂൾ നഗരത്തിലെ കുഞ്ഞുങ്ങൾക്ക് ഭാവിയിലേക്കുള്ള സോപാനമായിരുന്നു.

ഇന്ന് കാലം മാറി. കഥ മാറി. സമൂഹവും രക്ഷിതാക്കളും മാറി.അതോടൊപ്പം ആധുനിക സാങ്കേതിക വിദ്യയും ശാസ്ത്രവും സംസ്ക്കാരവും എല്ലാമെല്ലാം പുരോഗതി പ്രാപിച്ചു.അതോടൊപ്പം തന്നെ മഞ്ചേരി നഗരത്തിന്റെ തിലകക്കുറിയായി ഗവ.ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളും പ്രശോഭിച്ചു കൊണ്ടിരിക്കുന്നു. അതിന്റെ ഒരു ഭാഗമാകാൻ കഴിഞ്ഞ തിൽ എനിക്കുള്ള എന്തെന്നില്ലാത്ത അഭിമാനവും സന്തോഷവും ഇവിടെ സ്നേഹത്തോടെ പങ്കു വയ്ക്കട്ടെ.

നിരവധി തവണ പറഞ്ഞിട്ടും കവിത പഠിക്കാതെ വന്ന ഒരുവന്റെ പ്രതികരണം എന്നെ ഞെട്ടിച്ചു. ഇങ്ങനെയായിരുന്നു "കഴിഞ്ഞ പീരിയേഡ് ഹോം വർക്കു ചെയ്യാത്തതിന് ചീത്ത ഇന്ത്യന്റെ ഭൂപടം വരയ്ക്കാത്തതിന് സോഷ്യൽ മാഷ് ബുക്കെടുത്ത് ഏറ്, പത്തു തവണ എഴുതിവരാത്തതിന് ടീച്ചറിന്റെ വക നിങ്ങൾക്കിങ്ങനെ പറഞ്ഞാ മതി കേൾക്കുന്നത് ഞാനൊറ്റയ്ക്ക്!"




## പുതുക്കുടി മുരളീധരൻ
**മുൻ പ്രസിഡണ്ട്, പി.ടി.എ**

മുരളീധരൻ പുതുക്കുടി. എസ്.യു
കളക്ടർ ( റവന്യു & റിക്കവറി )
കെ .എസ്.എഫ്.ഇ. തൃശൂർ .
2010-12 കാലത്ത് പി.ടി.എ പ്രസിഡണ്ട് .

# തിരശ്ശീലയിലെന്നപോലെ...

ഏറനാടിന്റെ ചരിത്രം ചികയുമ്പോൾ മഞ്ചേരി ഗവ.ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ ആദ്യകാല നാമം പരാമർശിക്കപ്പെട്ടതായി കാണാം. അങ്ങനെ ഒരു നൂറ്റാണ്ടിനപ്പുറത്തെചരിത്രം പറയാനുള്ള ഈ വിദ്യാലയത്തിന്റെ പടിപടിയായുള്ള വളർച്ചയിൽ ഏറെ അഭിമാനം കൊള്ളുന്നവരിൽ ഒരാളാണ് ഞാനും. കാരണം എഴുപതുകളുടെ അവസാനത്തിൽ ഞാനീ വിദ്യാലയത്തിലെ ഒരു പഠിതാവായിരിക്കെ ഏറെക്കുറെ കലുഷിതമായ ഒരന്തരീക്ഷമായിരുന്നു. വിദ്യാർത്ഥി സമരങ്ങളുടെ ആധിക്യം പൊലീസ് കേസുകൾ വരെ എത്തിയിരുന്നതാണ്. അതേ തുടർന്ന് പൊതുജനങ്ങളിൽനിന്നുള്ള നല്ല മതിപ്പിന് കുറവനുഭവപ്പെട്ടത് മനസ്സിനെ ഒട്ടല്ല വേദനിപ്പിച്ചത്. എന്നാൽ, വർഷങ്ങൾക്ക് ശേഷം അധ്യാപക രക്ഷാകർതൃസമിതിയുടെ അധ്യക്ഷനായിരിക്കെ എന്റെ മനസ്സിൽ മുൻകാലാനുഭവങ്ങൾ ഒരു തിരശ്ശീലയിലെന്ന പോലെ തെളിഞ്ഞു വരികയായിരുന്നു. അതു കൊണ്ടു തന്നെ ഇനിയും ഈ വിദ്യാലയത്തിന് ഒരപകീർത്തി വന്നു കൂടാ എന്നുള്ള ഒരുറച്ച തീരുമാനം കൈവന്നതിനെ തുടർന്ന് സമിതിയെ ശക്തമാക്കുകയും ക്ലാസ്സ് മുറികളിലെത്തി വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കും നിർദ്ദേശങ്ങൾക്കും ചെവി കൊടുക്കുകയും തുടർ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയുണ്ടായി. സർക്കാരിൽ നിന്നും കിട്ടാവുന്ന ആനുകൂല്യങ്ങളും സഹായങ്ങളും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും വിദ്യാർത്ഥികളിലെ ഇല്ലായ്മകൾക്ക് ഉടനടിയുള്ള പരിഹാരം തേടിക്കൊണ്ടും ഉള്ളവരും ഇല്ലാത്തവരുടെയുമായ കുട്ടികളിലെ അന്തരം ഇല്ലാതാക്കുന്നതിനും ശ്രമിക്കുകയുണ്ടായി. തുടർന്ന് വന്ന സമിതികളും അവസരത്തിനൊത്തുയർന്ന് ഒരു പൊതു വിദ്യാലയത്തിന്റെ സംരക്ഷണവും സൗകര്യങ്ങളും പരമാവധി വർധിപ്പിക്കുവാനും സമാധാനവും ശാന്തിയും വിളയാടുന്ന അറിവിന്റെയും കൂടെ കലാ സാഹിത്യ, കായിക ക്ഷമതയ്ക്കും ഏറെ പ്രാധാന്യം കൊടുത്തുകൊണ്ട് കൂടുതൽ ഉന്നതിയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നതിൽ എനിക്കഭിമാനവും ഏറെ സന്തോഷവുമുണ്ട്. ഈ അക്ഷരവളപ്പിൽ വർഷങ്ങളോളം എല്ലാ തരത്തിലുമുള്ള അനുഭവസാക്ഷ്യം വഹിക്കുകയും ശ്രേഷ്ഠമായ സേവനത്തിനുശേഷം പടിയിറങ്ങുകയും ചെയ്യുന്ന പ്രിൻസിപ്പാൾ വി.സി.ഗീതാമണി ടീച്ചർ ഹെഡ്മാസ്റ്റർ പി. സെയ്തലവി മാസ്റ്റർ, യു. അബ്ദുൽ അസീസ് എന്നിവരാണ് ഇങ്ങനെയൊരു തിരിഞ്ഞുനോട്ടത്തിന് എന്നെ പ്രേരിപ്പിച്ചത് . മനസ്സിൽ നന്മയുടെ ഗുരുചിന്തയും ശിഷ്യ സൗഹൃദവും കാത്തുസൂക്ഷിച്ചു കൊണ്ട് ഓർമ്മയുടെ ഒരു പാട് ചെപ്പുകളുമായി പാളയം പറമ്പിന്റെ ഓരത്ത് നിന്ന് ചാരിതാർത്ഥ്യത്തോടെ പടിയിറങ്ങുന്ന വി.സി. ഗീതാമണി ടീച്ചർ അസീസ് മാസ്റ്റർ എന്നിവർക്കും ചരിത്രമുറങ്ങുന്ന ബദാംമരച്ചുവട്ടിലെ കല്പടവുകളിറങ്ങുന്ന സൈതലവി മാസ്റ്റർ, അജിത് മാസ്റ്റർ, മൈമൂനത്ത് ടീച്ചർ എന്നിവർക്കും നന്മകളുടെ, സ്നേഹത്തിന്റെ ഒരു പൂമരം തന്നെ കൈമാറട്ടെ.



# സുരേഷ് ബാബു വിളയിൽ

ആനുകാലികങ്ങളിൽ സ്ഥിരം എഴുത്തുകാരൻ. നീതിന്യായ വകുപ്പ് ഉദ്യോഗസ്ഥൻ. ' മറ്റമ്മയുടെ ലോകം' എന്ന ഓർമ്മപുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലബാർ കവിതകൾ, തിരഞ്ഞെടുത്ത കഥകൾ എന്നിവയാണ് മറ്റു കൃതികൾ.

# മഞ്ചേരിയുടെ ബാല്യം

ഇത് ഗവ:ബോയ്സ് ഹൈസ്കൂൾ. മഞ്ചേ
രി. വർത്തമാനകാല മഞ്ചേരി യുടെ ബാല്യം
കരുപ്പിടിച്ചത് ഇവിടെയാണ്. പതിറ്റാണ്ടുക
ളുടെ പഴക്ക മുള്ള ഈ സരസ്വതീ ക്ഷേ
ത്രത്തിന് മുന്നിൽ നില്ക്കുമ്പോൾ ആദ്യം
ശ്രദ്ധ യിൽ പെടുക ഇലച്ച് നില്ക്കുന്നആ
ബദാംമരം തന്നെയാണ്.അതിനും പ്രായമേ
റെയായി.എത്ര തലമുറകളാ ണ് അതിനു
ചുവട്ടിലൂടെ പിച്ചവെച്ച ത്?ബാല്യകൗമാര
ങ്ങളുടെ വൈവിധ്യ മുള്ളഎത്ര രൂപാന്തര
കാഴ്ചകൾക്കാ ണ് അത് സാക്ഷ്യം വഹി
ച്ചത്?സ്വപ്നങ്ങളും പ്രതീക്ഷകളും വാഗ്ദ
ത്ത ലംഘനങ്ങളും വിങ്ങിപ്പൊട്ടലുക ളും പരി
ഭവങ്ങളും ഇണക്കപ്പിണക്ക ങ്ങളും എത്ര
യെത്ര? അതിന്റെ സവിധ ത്തിൽ അരങ്ങേ
റിയവേർപാടിന്റെ നൊമ്പരങ്ങളും ഉടഞ്ഞ
കുപ്പിവളത്തു ണ്ടുകളും കണ്ട് കണ്ട് അതിന്
മതി യായിട്ടുണ്ടാവും.കണ്ണീർ വീണ് നന
ഞ്ഞത് കൊണ്ട് അവിടവിടെ അവ്യ ക്തമായ
അക്ഷരങ്ങളുള്ള എത്രയോ ഓട്ടോ ഗ്രാഫ്
താളുകൾ അതിന്റെ ഓർമയിലുണ്ടാവും.

പത്താംക്ലാസ്സിൽപഠിക്കുമ്പോൾ
ശാസ്ത്ര ക്വിസ്മത്സരത്തിൽ സ്കൂൾ തലവി
ജയിയായി ജില്ലാതലമൽസര ത്തിൽ പങ്കെടു
ക്കാനാണ് ഞാനാദ്യ മായി ഈ സ്കൂളിന്റെ
പടികൾ കയറി യത്.ഭംഗിയായി സിമന്റിൽ
കുറ്റംതീർ ത്ത് പടുത്ത പടവുകളുള്ള ഈ
സ്കൂ ൾ ആദ്യ കാഴ്ചയിൽ തന്നെ എന്റെ
മനം മയക്കി. പറങ്കിമാവുകൾ മാത്ര മുള്ള
വിശാലമായ കുന്നിൻ പുറത്താ യിരുന്നു
ഞാൻ പഠിച്ച അരീക്കോട്ടെ ഹൈസ്ക്കൂൾ.
എന്നാൽ ഇവിടെ കോമ്പൗണ്ട് നിറയെ മാ
വുകളും തെ ങ്ങുകളും വള്ളികൾ ഞാന്നു
കിടക്കു ന്ന വൻമരങ്ങളും ഉണ്ടായിരുന്നു.
നേരത്തെ പറഞ്ഞ ബദാംമരത്തിൽ നിന്നും
വീണു കിടക്കുന്ന കായ്കൾ കല്ലിൽ
പൊട്ടിച്ച് സ്വാദു നോക്കുന്ന വർ മുതൽ
എൻ.സി.സി.യുടെയും സ്കൗട്ടിന്റേയും
യൂണിഫോമിട്ട് വില സുന്നവർ വരെ എനി
ക്ക് സമ്മാനിച്ച ത് ഒരത്ഭുത ലോകത്തിന്റെ
വേറിട്ട കാഴ്ചയായിരുന്നു. ഒരു ശനിയാഴ്ച
ദിവസമായിരുന്നു അത്. തൊട്ടപ്പുറ ത്തെ
ക്ലാസ്സിൽ പത്താംതരക്കാർക്കു ള്ള സ്പെ
ഷൽ ക്ലാസ്സ് നടക്കുന്നുണ്ട്. അവരുടെ ക്ലാസ്സ്
കഴിഞ്ഞിട്ടും ടൈ ആയ രണ്ടാം സ്ഥാനത്തിന്
വേണ്ടി ഞങ്ങളുടെ ക്വിസ്മത്സരം പുരോഗമി
ക്കുകയാണ്. ആ പോരാളികളുടെ പേരോർ
മയിൽവരുന്നില്ല.ഒന്നാം സ്ഥാ നം വലിയ വ്യ
ത്യാസത്തിൽ തന്നെ നേടിയ ആ സ്കൂളിൽ
തന്നെ പഠിക്കു ന്ന സുബ്രഹ്മണ്യൻ അലസ
മായി പുറത്തേക്കും നോക്കി ഇരിപ്പാണ്.
അയാളുടെ കൂട്ടുകാരാണ് പുറത്ത് ബഹളം
വെക്കുന്നതെന്ന് മനസിലാക്കിയ ആ സ്കൂളി
ലെ തന്നെ അദ്ധ്യാ പകനായ ക്വിസ് മാസ്റ്റർ
സുബ്രഹ്മണ്യ നെ തന്നെ ആദ്യം ശാസിച്ചു.
അവർ പിന്നേയും അവിടെ തന്നെ ചുറ്റി
പറ്റി നിന്നപ്പോൾ ശുണ്ഠിയെടുത്ത് മേശ
പ്പുറത്തിരുന്ന റൂൾ വടിയും വീശി അവരെ
നേരിടാൻ ചെന്നു. . മാഷെ പേടിച്ച് പ്രശ്ന
ക്കാരെല്ലാം ഓടി ഒളിച്ച ത് അകത്തിരുന്ന
ഞങ്ങൾ നന്നായി ആസ്വദിച്ചു. അവരിൽ
ചിലരെയും അന്നത്തെ മത്സര വിജയി സു
ബ്രഹ്മ ണ്യനേയും അടുത്ത വർഷം ചടട
കോ ളേജിൽ പ്രീഡിഗ്രിക്ക് ചേർന്നപ്പോൾ
കൂട്ടായി കിട്ടി. സുബ്രഹ്മണ്യൻ പിന്നീട്
പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസ
റായി.

ജോലിയുടെ ഭാഗമായി പലപ്പോ
ഴും കോടതിയിൽ വരുമ്പോൾ ഞങ്ങ ളാ
സൗഹൃദം ഊട്ടിയുറപ്പിക്കും.എന്നാ ൽ കു
സൃതി നിറഞ്ഞ ചിരി വറ്റാത്ത മുഖമുള്ള ആ
കിശോര ഭാവമാണോ എന്നറിയില്ല ഓർമ
യിൽ തങ്ങി നിന്ന ഒരു മുഖം മാത്രം കുറെ
കാലം കാഴ്ച ക്ക് പിടിതരാതെ ഒഴിഞ്ഞു
മാറി നിന്നു പത്തുകൊല്ലങ്ങൾക്ക് ശേഷം
അയാ ളെ ഒരു മാറ്റവുമില്ലാതെ അതേ മുഖ
നിലാവുമായി എന്റെ ജോലി സ്ഥല ത്ത് വെ
ച്ച് തന്നെ കണ്ടു മുട്ടി. പൗരൻ വക്കീലിന്റെ
ഗുമസ്തനായിരുന്ന ഹരി നാരായണൻ
എന്ന ഹരിയായിരുന്നു അത് . മിടുക്ക
നായ അയാൾ പിന്നെ പി.എസ്.സി. പരീ
ക്ഷയെഴുതി കോട തിയിൽ തന്നെ എന്റെ
സഹപ്രവർത്ത കനായിവന്നു .ഹരിയുമായി
അന്ന ത്തെ സംഭവം പങ്കുവെച്ചപ്പോൾ ഓർ
മ്മകളുടെ നെല്ലിമരത്തിൽ നിന്നും കയ്
പും ചവർപ്പുമുള്ളതെങ്കിലും അസാനം



"

സ്കൂളിന് തൊട്ടു മുന്നിൽ വാര്യരുടെ പീടികയുണ്ട്. അവിടെ വലിയ സ്ഫടികഭരണിയിൽ ഉപ്പിലിട്ട മാങ്ങയും നെല്ലിക്കയും നിറച്ചു വെച്ചി ട്ടുണ്ടാവും.സ്കൂളുള്ള ദിവസം വാര്യരു ടെ പീടികയിൽ പൊടി പാറിയ കച്ചവട മാണ്. സുർക്കയും ബാറ്ററി വാട്ടറും ചേർക്കാതെ വലിയ ചീനഭരണിയിൽ വാര്യത്ത് വെച്ച് പരമ്പരാഗത രുചിയി ൽ തയ്യാറാക്കുന്നഅച്ചാറിന് വീടുകളി ലും നല്ല മാർക്കറ്റായിരുന്നു.

"

മധുരിക്കുന്ന മുതു നെല്ലിക്കകൾ നാലു പാടും ചിതറി വീണു. മണി യും കിലുക്കി നാലു ചക്രത്തിലുരുണ്ട് ഒരുന്തുവണ്ടിയിൽ ഐസുംകട്ടയും പല നിറത്തിൽ വെള്ളം നിറച്ച കുപ്പി കളും വെച്ച് ഉമ്മറാക്കയെത്തി .അയാൾ അതീവശ്രദ്ധയോടെ ഐസ് ചെരകി ചെറിയ ഗ്ലാസ് കിണ്ണത്തിലാ ക്കി നമ്മൾ പറഞ്ഞ നിറവും ചേർത്ത് തരും.ചെറിയ സ്പൂണുകൊണ്ടതങ്ങ നെ കോരിക ഴിക്കുമ്പോൾ ഒരിക്കലും തീരരുതേ എന്ന് മോഹിക്കും.ഉള്ളിലേ ക്കലിഞ്ഞിറങ്ങുന്ന ആ തണുവിനെ കണ്ണുകൾ രണ്ടും മുറുക്കിയ ടച്ച് വരവേല്ക്കും. പിന്നെ പീപ്പി വിളിച്ചും ബലൂൺ കൊണ്ട് കാക്ക കരയുന്ന ശബ്ദം പുറപ്പെടുവിച്ചും മഞ്ഞയും ചുവപ്പും വെളളയും നിറങ്ങളിലായി കോലൈസെത്തും. ഇന്റർവെൽ സമ യത്ത് തന്നെ കൃത്യമായി കേൾക്കുന്ന ആ ശബ്ദഘോഷം ബയോളജിയിൽ പഠിച്ച പാവ് ലോവിന്റെ ഉമിനീർ സിദ്ധാന്തം ശരിവെക്കും.

സ്കൂളിന് തൊട്ടു മുന്നിൽ വാര്യരുടെ പീടികയുണ്ട്. അവിടെ വലിയ സ്ഫടികഭരണിയിൽ ഉപ്പിലിട്ട മാങ്ങയും നെല്ലിക്കയും നിറച്ചു വെച്ചി ട്ടുണ്ടാവും.സ്കൂളുള്ള ദിവസം വാര്യരു ടെ പീടികയിൽ പൊടി പാറിയ കച്ചവട മാണ്. സുർക്കയും ബാറ്ററി വാട്ടറും ചേർക്കാതെ വലിയ ചീന ഭരണിയിൽ വാര്യത്ത് വെച്ച് പരമ്പരാഗത രുചിയി ൽ തയ്യാറാക്കുന്നഅച്ചാറിന് വീടുകളി ലും നല്ല മാർക്കറ്റായിരുന്നു.

കൈലാസം എന്ന് കുട്ടികൾ വിളിച്ചിരുന്ന മുറിയിൽ പന്തും നെറ്റും ബാറ്റും സൂക്ഷിച്ചിരുന്നു.ദാമോദരൻ മാഷായിരുന്നു അതിന്റെയെല്ലാം കസ്റ്റോഡിയൻ. മൂപ്പരുടെ പ്രീതി സമ്പാദിക്കാൻ കുട്ടികൾ പരസ്പരം മൽസരിക്കും.കായിക ശേഷിയുള്ള കുട്ടികളെ സ്കൂൾ തല സ്പോർട്സ് അടുക്കുമ്പോൾ മുതൽ മറ്റുള്ളവർ അസൂയയോടെ നോക്കി തുടങ്ങും. കൈലാസത്തിന്റെ താക്കോൽ വരെ അപ്പോൾ അവരുടെ കൈയിൽ കി ട്ടും. ക്ലാസ്സിൽ കയറിയില്ലെങ്കിൽ പോലും ആരും അവരോട് ചോദിക്കി ല്ല.കണ്ണൂസായിന്റെ സലീന ഹോട്ട ലിൽ നിന്നും കപ്പയും ബീഫും കഴിച്ച് അവരെല്ലാം പന്തും തട്ടി ഗ്രൗണ്ടിൽ തന്നെ കഴിയും .വഴിയാത്രക്കാർക്ക് കുടിക്കാൻ കൊണ്ടുവെയ്ക്കുന്ന മോരുംവെള്ളവുംഅവർ തന്നെ കാലിയാക്കും. കായിക ശേഷിയില്ലാ ത്തവരിൽ കുറെ പേർ കലാമേളക്കാ ലം വരുമ്പോൾ ഇത് പോലെ നാടക വും റിഹേഴ്സലുമായി ക്ലാസ്സിൽ കയറാതെ നടക്കും. ഇത് രണ്ടു

മല്ലാ ത്ത പുസ്തകപ്പുഴുക്കളൊഴിച്ചുള്ള കുറച്ചു പേർ എന്നും ചാഞ്ഞ മരം പോലെ കഴിഞ്ഞുകൂടും. ഇടക്കെന്തെ ങ്കിലും കുസൃതി കാട്ടിയാൽ മാഷൻ മാരുടെ കൈചൂട് ഏറ്റുവാങ്ങി എന്നും തോറ്റു കൊടുക്കാനായി അവരുടെ ജന്മം പിന്നെയും ബാക്കിയാവും.

ഉച്ചക്കുള്ള ബെല്ലടിച്ചാൽ അടുത്തുള്ളവർ ഭക്ഷണം കഴിക്കാൻ വീടുകളിലേക്ക്ഓടിപോകും. ഭക്ഷണം കൊണ്ടുവന്നവർ ധൃതിയിൽ അതും കഴിച്ച് പുതിയ വികൃതികൾക്കുള്ള കോപ്പു കൂട്ടും .വീട്ടിൽ പോയാലും ഒഴിഞ്ഞ വയറുമായി തന്നെ തിരിച്ചു വരേണ്ടി വരുമെന്നുറപ്പുള്ളവർ അതി ന് മിനക്കെടാതെ മാധവേട്ടന്റെ സുരേഷ് റേഡിയോ ഷോപ്പിന്റെ മുന്നി ൽ ചെന്ന് സിനിമാ പാട്ടും കേട്ട് നില് ക്കും. ഇല്ലെങ്കിൽ കോടതിയിലേക്ക് വെള്ളം കൊണ്ടു പോകുന്ന പൈപ്പ് ലൈനിനടുത്ത് പോയി നിന്ന് മോട്ടോ ർ ശബ്ദത്തിന് കാതോർക്കും. ചില പ്പോൾ വേലിയരികിൽ സുലഭമായ ഒടിച്ചുത്തിക്കായയും തെച്ചിപ്പഴവും തിന്നും. സ്കൂൾ പരിസരത്തെ വീട്ടിൽ പോയി ഊണും കഴിച്ച് വരുന്ന കൂട്ടു കാർ ചിലപ്പോൾ കൊണ്ടുവരുന്ന പുളി ങ്ങയും മാങ്ങയും നെല്ലിക്കയും തിന്ന് പച്ചവെള്ളവും കുടിച്ച് അവർ വിശപ്പിനെ ചെറുക്കും.

സ് കൂൾ പ രി സ ര ത്തു ള്ള ആട്ട്യാക്ക യുടെ പീടികയിൽഅച്ഛനും അമ്മയുമ ല്ലാത്ത ഏത് സാധനവും വാങ്ങാൻ കിട്ടും. അവിടെ കിട്ടുന്ന തരം സ്വാദു ള്ള പല്ലിമ്മലൊട്ടിയും ലോസഞ്ചറും മറ്റെവിടെയും കിട്ടാറില്ല. അവിടത്തെ നന്നാറിസർബ്ബത്തും എണ്ണം പറഞ്ഞ തായിരുന്നു. സ്കൂളിലേക്ക് വേണ്ട എല്ലാ പാഠപുസ്തകങ്ങളും ഭാരത് ബുക്ക് സ്റ്റാളിൽ ഉണ്ടായിരുന്നു. സ്കൂളിലെ ദാവണി ചുറ്റിയ പെൺ കുട്ടികൾ ഒഴിവ് കിട്ടിയാൽ അവിടെ നിരത്തി വെച്ച പല തരത്തിലുള്ള കുങ്കുമവും സിന്ദൂരവും നോക്കി കണ്ട് അതിനടുത്ത് തന്നെ ചുറ്റിപ്പറ്റി നില്പ്പു ണ്ടാവും.

സായ്വിന്റെ കുഴിമാടമായിരുന്നു മറ്റൊരു സംഗതി.സ്കൂളില്ലാത്ത ദിവസം അതിനടുത്തു കൂടി പോകാ ൻ പോലും പേടിയായിരുന്നു. കൂട്ടുകാ രുമൊത്ത്കളിക്കുമ്പോൾ അതിൻ മേൽ കേറി മറഞ്ഞ് കുന്തിരിചാടിയാ ലും പേടിയില്ല. അതിനൊക്കെയുള്ള ശിക്ഷയായി സായ്വിന്റെ പ്രേതം ഒറ്റക്ക് നടക്കുന്നവരുടെ കഴുത്ത് പിടി ച്ചൊടിക്കുമെന്ന് പറഞ്ഞ് സീനിയർ മാർ പേടിപ്പിക്കും. എന്നാൽ രാമയ്യർ മാഷതാ വരുന്നു എന്ന് ജൂനിയർമാർ തിരിച്ചു പറഞ്ഞാൽ സീനിയർമാർ വരെ പേടിച്ച് മുള്ളും.ആജാനബാഹു വായ രാമയ്യർ മാഷ് നീളമുള്ള ചൂര ലും ചുഴറ്റി വരാന്തയിലൂടെ നടന്നു നീങ്ങുമ്പോൾ

“

സായ്വിന്റെ കുഴിമാടമായി രുന്നു മറ്റൊരു സംഗതി.സ്കൂളില്ലാത്ത ദിവസം അതിനടുത്തു കൂടി പോകാ ൻ പോലും പേടിയായിരുന്നു. കൂട്ടുകാരുമൊത്ത്കളിക്കുമ്പോൾ അതിൻ മേൽ കേറി മറഞ്ഞ് കുന്തിരിചാടിയാ ലും പേടിയില്ല. അതിനൊക്കെയുള്ള ശിക്ഷയായി സായ്വിന്റെ പ്രേതം ഒറ്റക്ക് നടക്കുന്നവരുടെ കഴുത്ത് പിടി ച്ചൊടിക്കുമെന്ന് പറഞ്ഞ് സീനിയർ മാർ പേടിപ്പിക്കും.

”



കനക്കുന്ന നിശ്ശബ്ദത യിൽ സൂചി വീണാൽ പോലും കേൾ ക്കും. മഞ്ചേരിയുടെ ബാല്യം ഇപ്പോഴും ഭയഭക്തി ബഹുമാനത്തോടെ തന്നെ യാണ് ഇംഗ്ല ീഷ് പഠിപ്പിച്ച രാമയ്യർ മാഷെന്ന അഭിവന്ദ്യ ഗുരുനാഥനെ സ്മരിക്കുന്നത്.

ഇന്ന് കച്ചേരിപ്പടി നേരത്തെ ഉറങ്ങും.എന്നാൽ അന്നൊക്കെ മഞ്ചേരിയിൽ ഏറ്റവും തിക്കും തിരക്കും അനുഭവപ്പെട്ടിരുന്നത് ഇവി ടെയായിരുന്നു. പാതിരാ മുഴുവൻ തുറന്ന് വെക്കുന്ന പീടികകൾ ഇവിടെ ഉണ്ടായിരുന്നു. ലില്ലി ബീഡി, മമ്മദ് ബീഡി തുടങ്ങിയ ബീഡിക്കമ്പനികളു ടെ ആസ്ഥാനം ഇവിടെയായിരുന്നു. ഇതിലെ പോകുമ്പോൾ ബീഡിപുക യിലയുടെ ഒഴുകി പരക്കുന്ന മാസ്മരി കഗന്ധത്തിന് വേണ്ടി നാസാരന്ധ്രങ്ങ ൾ തിരക്കുകൂട്ടും. നോമ്പുകാലത്ത് സുഗന്ധം നിറച്ച തെരക്കൂട്ട് ബീഡിക ൾ ഇവിടെ കിട്ടും. വിഷുക്കാലത്ത് മാത്രം തുറക്കുന്ന അബു പടക്കപീടികയിൽ വിഷുവിന് പടക്കം വാങ്ങാ നെത്തുന്നവർ തിരക്ക് കൂട്ടും. അത് ചിലപ്പോൾ ഉന്തും തള്ളുമായി മാറും. ഗീതാഭവൻ ഹോട്ടലിന് പിന്നിലെ ക്വാർട്ടേഴ്സിൽ താമസിക്കുന്ന പോലീ സുകാരാരെങ്കിലും സ്റ്റേഷനിലേക്ക് കയറി പോകുമ്പോൾ മീശയും പിരി ച്ചൊന്നു നോക്കിയാൽ മതി തൽക്ഷണം രംഗം ശാന്തമാകുകയും ചെയ്യും.



## ഉസ്മാൻ ചുള്ളിയിൽ

1970 ൽ ബോയ്സ് സ്ക്കൂളിലെ എസ്.എസ്.എൽ.സി. വിദ്യാർത്ഥി.1990– 1994 കാലത്ത് ഇവിടത്തെ മലയാള ഭാഷാധ്യാപകൻ.ഡി.പി.ഐ ഓഫീസിൽ വിദ്യാരംഗം എഡിറ്റർ, കെ.എസ്.ടി.എ ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. 2011 ൽ വിരമിച്ചു. ഇപ്പോൾ ക രി ക്കുലം കമ്മിററി അംഗം.

# ഓർമ്മയുടെ മയിൽപ്പീലിക്കണ്ണുകൾ

ഇത്, ഞങ്ങൾക്ക് ഒരു
വിലക്കപ്പെട്ട കനിയായിരുന്നു....!
മഞ്ചേരി ഗവ:ബോയ്സ് ഹൈസ്കൂളിൽ പഠിക്കുമ്പോൾ...
സ്റ്റാഫ് റൂമിന്റെ മുന്നിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന സപ്പോട്ട മരത്തിൽ ധാരാളം കായ്കളുണ്ടായിരുന്നു.....
ഒരെണ്ണം പറിച്ചെടുത്ത്,
ഒന്ന് രുചി നോക്കണമെന്ന ആഗ്രഹമുണ്ടായിരുന്നെങ്കിലും
വിദ്യാർത്ഥികൾക്ക് അതിന് അനുവാദമുണ്ടായിരുന്നില്ല...
രാത്രികാലങ്ങളിൽ വവ്വാലും,
പകൽ സമയത്ത് അണ്ണാനും
താഴെ വീഴ്ത്തിയ
പാതി പഴുത്ത സപ്പോട്ട
ഞങ്ങൾ ,കൗതുകത്തോടെ ഓടിച്ചെന്നെടുക്കുമായിരുന്നു....
സപ്പോട്ടയുടെ യഥാർത്ഥ അവകാശികളായ
വവ്വാലും അണ്ണാനും കടിച്ചതിന്റെ ബാക്കി രുചിയോടെ ഞങ്ങൾ തിന്നും....
നിപ യെക്കുറിച്ചുള്ള ഭീതി ഒട്ടുമില്ലാത്ത കാലമായിരുന്നു, അത്.....!
സപ്പോട്ടമരം മാത്രമല്ല, അതിനെക്കാൾ വലിയ ഒരു ബദാം മരവും, അതിനു ചുവട്ടിൽ
ഒരു സായിപ്പിന്റെ ശവകുടീരവുമുണ്ടായിരുന്നു....
( മലബാറിൽ നടന്ന ഏതോ കാർഷിക കലാപത്തിൽ കൊല്ലപ്പെട്ട അദ്ദേഹത്തെയും
അദ്ദേഹത്തിന്റെ കുതിരയെയും ഒരുമിച്ച് അടക്കം ചെയ്തതിന്റെ ഒരു സ്മാരകശില...?!)
സ്കൂൾ കോമ്പൗണ്ടിൽ  പടർന്നു പന്തലിച്ച  ഒരു മാവും , അതിന്റെചോട്ടിൽ
കുളിർ തണ്ണീർ വറ്റാത്ത
ഒരു കിണറുമുണ്ടായിരുന്നു....
ചെടികളും മരങ്ങളും നിറഞ്ഞ
ഒരു ചെറു കുന്നിൻ മുകളിൽ,  കൈലാസ നാമധാരിയായ
ഒരു ചെറു കെട്ടിടവും....!
കൈലാസവും ബദാം മരവും ഇപ്പോഴും അവിടെയുണ്ട്.... സപ്പോട്ടയും
മുത്തശ്ശി മാവുകളും എങ്ങോ മറഞ്ഞു....
വലിയ കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയർന്നിരിക്കുന്നു.......
(ഇപ്പോഴത്തെ കുട്ടികൾക്ക്, സപ്പോട്ട മരത്തെ അറിയില്ലെങ്കിലും  ചിക്കു ഷേക്കി  നെ
നല്ല പരിചയമാണ്...! )
.........വേനൽച്ചൂട് കാട്ടുതീയായ്പടരുമ്പോൾ.... വെറുതേ..... വെറുതേ.... മോഹിച്ചു പോയി........
ഇപ്പോഴത്തെങ്ങ,
സെയ്തലവി മാസ്റ്റർ
റിട്ടയർ ചെയ്യുന്നതിനോടനുബന്ധിച്ച്
ഒരു പൂർവ്വാധ്യാപക സംഗമം നടന്നിരുന്നു.–   ഓർമ്മകളുടെ ബദാം മരച്ചുവട്ടിൽ   .
അന്ന് എന്റെ അധ്യാപകരേയും സഹപ്രവർത്തകരേയും ബദാംമരത്തേയും കണ്ടപ്പോൾ,
മീസാങ്കല്ലുകൾക്കടിയിൽ കിടന്ന, ഓർമ്മകളുടെ
മയിൽപ്പീലികളിൽ വീണ്ടും ജീവൻ തുടിക്കുന്നത് ഞാനറിഞ്ഞു.......



# മുഹമ്മദ് റഷീദ് കെ.കെ

1964–1970 കാലയളവിൽ മഞ്ചേരി ബോയ്സിൽ പഠിച്ചു.1981ൽ മൂന്നു മാസം അവിടത്തെ മലയാളം അധ്യാപകൻ' 1998 മുതൽ ഹയർ സെക്കണ്ടറി അധ്യാപകൻ. 2009 ൽ പ്രിൻസിപ്പൽ സ്ഥാനത്തു നിന്ന് വിരമിച്ചു

മുഹമ്മദ് റഷീദ്.കെ.കെ

# തല്ലിക്കൊഴിച്ച പ്രണയമുകുളങ്ങൾ

കൊച്ചു കുട്ടിയാവുമ്പോൾ പിതാവിന്റെ വിരൽ പിടിച്ച് റോഡിലൂടെ പോവുമ്പോഴാണ് ഈ വിദ്യാലയം ആദ്യമായി കാണുന്നത്. മതിൽ കെട്ടിനകത്ത് പല നിരപ്പുകളിലുള്ള ഭൂമിയിൽ ചിതറി കിടക്കുന്ന നിരവധി കെട്ടിടങ്ങൾ കേരളീയ തച്ചുശാസ്ത്രമനുസരിച്ച് പണിത വയാണ് ഇവയെല്ലാം .( ഇത് പിന്നീടാണ് മനസ്സിലായത്) തണൽ വിരിച്ചു നിൽക്കുന്ന ബദാമിന്റെയും സപ്പോട്ടയുടേയും മരങ്ങൾ ഒരദ്ഭുതലോകമാണ് പുറമെയുള്ള കാഴ്ചയിൽ എന്റെ മുന്നിൽ തുറന്നിട്ടത്.പാന്റ്സു ധരിച്ച അധ്യാപകർ ഹാഫ് ട്രൗസർ ധരിച്ച വലിയ ആൺകുട്ടികൾ സാരി ധരിച്ച വിദ്യാർത്ഥിനികൾ! ഇവരൊക്കെ ഒരു വിസ്മയ ലോകത്തിലെ കഥാപാത്രങ്ങളായാണ് എനിക്ക് അനുഭവപ്പെട്ടത് .1964 ൽ ഒരു വിദ്യാർത്ഥിയായയാണ് ഞാനീ സ്ക്കൂളിന്റെ മണ്ണിൽ ആദ്യമായി കാലുകുത്തുന്നത്.1970 ൽ പത്താം ക്ലാസ് വിട്ടതോടെ സ്ക്കൂളുമായുള്ള ബന്ധം പുറം കാഴ്ചകൾ മാത്രമായി.പിന്നീട് 1981ൽ ഹൈസ്ക്കൂൾ അസിസ്റ്റന്റായി മൂന്നു മാസം ഇവിടെ ജോലി ചെയ്തു.1998ലാണ് ഹയർ സെക്കണ്ടറിയിൽ അധ്യാപകനായി വീണ്ടും ഇവിടെ എത്തുന്നത്.2009 ൽ വിരമിക്കുന്നതു വരെ ഇവിടെ തുടർന്നു .

അഞ്ചാം തരത്തിൽ ചേർന്നതോടെയാണ് സ്ക്കൂളിന്റെ അകത്തളത്തുള്ള അദ്ഭുത കാഴ്ചകൾ കാണുന്നത്.പുൽഷെഡ് എന്ന പേരിലറിയപ്പെട്ടിരുന്ന പുല്ലുമേഞ്ഞ വലിയൊരു ഹാൾ അതിൽ എട്ടോളം ക്ലാസ് മുറികൾ .ക്ലാസ്സുകൾ വേർതിരിച്ചിരുന്നത് പനമ്പു കൊണ്ടായിരുന്നു. പനമ്പുകൾ നീക്കിയാൽ വലിയൊരു ഓഡിറ്റോറിയമായി. യുവജനോത്സവം നടത്തിയിരുന്നത് ഇവിടെയായിരുന്നു. ആദ്യത്തെ പ്രവൃത്തി ദിവസം തന്നെ ബദാം മരവും സപ്പോട്ടയും തൊട്ടു നോക്കി .കൈലാസത്തെ പല തവണ പ്രദക്ഷിണം ചെയ്തു. അങ്ങനെയാണ് ഈ വിദ്യാലയവുമായി ഒരു ആത്മബന്ധം രൂപപ്പെടുന്നത്.

കർശനമായ അച്ചടക്കമായിരുന്നു സ്ക്കൂളിൽ .വൈകി വന്നാൽ, അസ്സംബ്ലിയിൽ പങ്കെടുക്കാതിരുന്നാലൊക്കെ അടിയായിരുന്നു ശിക്ഷ.ചെറിയ കുറ്റത്തിനു പോലും കഠിനമായ ശിക്ഷ ഉണ്ടായിരുന്നു.

എന്നിട്ടും ബദാം മരത്തിന്റെ ശീതളഛായയിൽ ചില പ്രണയങ്ങൾ മൊട്ടിട്ടു.പ്രതാപിയായ രാമയ്യർ സർ എല്ലാ മൊട്ടുകളും തന്റെ ചൂരൽ കൊണ്ട് തല്ലി കൊഴിച്ചു. പൂവായി വിരിയാൻ ഒറ്റൊന്നിനേയും അദ്ദേഹം അനുവദിച്ചില്ല. ചിലരെ നാടുകടത്തി അങ്ങിനെ മലപ്പുറം ഹൈസ്ക്കൂളിലേക്ക് നാടുകടത്തിയ ഒരു സുഹൃത്തിനെ 38 വർഷങ്ങൾക്കു ശേഷം രണ്ട് മാസം മുമ്പ് യാദൃഛികമായി കണ്ടു. പഴയ പ്രണയദുരന്തത്തിന്റെ കഥ പറഞ്ഞുകൊണ്ടാണ് ഞങ്ങൾ സംസാരം ആരംഭിച്ചത്.

അധികമാർക്കും അറിയാത്ത ഒരു കാര്യംകൂടി പരാമർശിച്ചു കൊണ്ട് അവസാനിപ്പിക്കുന്നു. സ്ക്കൂളിന്റെ പറമ്പു നിറയെ പലതരത്തിലുള്ള മാവുകളായിരുന്നു.ഇതുവരെ കാണുകയോ കേൾക്കുകയോ ചെയ്യാത്ത മാവുകൾ. വെള്ളക്കാർ എവിടെനിന്നോ കൊണ്ടുവന്ന് നട്ടു പിടിപ്പിച്ചതാണ്. വേനലവധിക്കാലത്താണ് ഈ മാങ്ങകൾ പഴുക്കുക. അത് പെറുക്കി തിന്നാൻ കൂട്ടുകാരൊന്നിച്ച് സ്ക്കൂളിൽ പോകും. ഇന്നുമുണ്ട് നാവിൽ ആ മാങ്ങകളുടെ മധുരം. കിണർ നിൽക്കുന്ന ഭാഗത്ത് കാറ്റുകൊണ്ടിരിക്കാൻ സിമന്റ് ബെഞ്ചുകൾ ഉണ്ടായിരുന്നു.കിണറിനും ഉണ്ടായിരുന്നു പ്രത്യേകത.അത് ഒരു ഇരട്ടക്കിണർ ആണ്. വലിയൊരു കിണറിനകത്ത് മറ്റൊരു ചെറിയ കിണർ! സ്ക്കൂളിന്റെ ചരിത്രത്തിൽ രണ്ട് വേഷങ്ങളാണ് ഞാൻ ആടിയത്.വിദ്യാർത്ഥിയുടേയും അധ്യാപകന്റേയും .വിദ്യാർത്ഥിയുടെ വേഷമാണ് സുഗന്ധം പരത്തുന്നത്. ഒരു ഗൃഹാതുരത്വമായി എന്നിൽ നിറഞ്ഞു നിൽക്കുന്നത്. അതെന്നെന്നും നിറഞ്ഞു നിൽക്കട്ടെ.



# സുരേഷ്. പി. പി

1968 മുതൽ 71 വരെ ബോയ്സ് സ്കൂളിലെ വിദ്യാർത്ഥി. 27 വർഷത്തെ അധ്യാപക ജീവിതം.മഞ്ചേരി ജി.ജി.എച്ച്.എച്ച്.എസ്.എസിൽ നിന്ന് 2011 ൽ പ്രധാനാധ്യാപകനായി വിരമിച്ചു.
വെള്ളിത്തിരക്ക് മുന്നിലും പിന്നിലും ( സിനിമാസ്മരണകൾ), SILENT BATTLES (നോവൽ) എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

“

കണക്ക് എനിക്കെന്നും ബാലികേറാമലയായിരുന്നു. ഒരു പേടി സ്വപ്നം. ഇന്നും സ്വപ്നങ്ങളിൽ കണക്ക് പരീക്ഷയിൽ തോൽക്കുന്ന ഞാൻ കടന്നു വരാറുണ്ട്. കണക്കെന്ന വിഷയം ഹൃദയത്തിൽ താലോലിച്ചിരുന്ന മുണ്ടേങ്ങരയിൽ നിന്നുള്ള ഉമ്മർ മാസ്റ്റർ എന്നിൽ പ്രത്യേക താൽപര്യമെടുത്തിട്ടും ഞാൻ നിന്നിടത്തുതന്നെയായിരുന്നു. നറുകരയിൽ നിന്നുള്ള ദീർഘകായനായ ഗോപാലകൃഷ്ണൻ മാസ്റ്റർ ഒമ്പതിലെ എന്റെ കണക്ക് മാസ്റ്റർ ആയിരുന്നു.

”

# ആ മൂന്നു വർഷങ്ങൾ ..

1968– 69 മുതൽ മൂന്നു വർഷക്കാലം ഞാൻ പഠിച്ച എന്റെ പ്രിയപ്പെട്ട വിദ്യാലയമാണ് മഞ്ചേരി ഗവൺമെൻറ് ബോയ്സ് ഹൈസ്ക്കൂൾ. തലമുറകളെ വാർത്തെടുത്ത നൂറ്റാണ്ടിന്റെ പഴക്കമുള്ള സരസ്വതീ ക്ഷേത്രം: ഇന്നും വലപ്പോഴും അവിടെ ചെല്ലുമ്പോൾ എന്റെ സ്കൂൾ എന്ന് മനസ്സ് മന്ത്രിക്കാറുണ്ട്. മനസ്സിലെ മായാത്ത ഓർമ്മകളെ സ്ക്കൂളിന്റെ ഭൗതിക പരിസരവുമായി ചേർത്ത് മധുരം നുണയാറുണ്ട്. അന്നത്തെ ഹെഡ്മാസ്റ്റർ ഗട പള്ളത്ത് സാർ ആയിരുന്നു. പാന്റ്സിന്റെ പോക്കറ്റിൽ കൈയ്യിട്ട് വരാന്തയിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടന്നിരുന്ന ഗൗരവപ്രകൃതി.ഗ്രൗണ്ടിന്റെ ഉയർന്ന ഭാഗത്ത് നിന്ന് താഴെ നിരന്ന സ്ഥലത്ത് വരിവരിയായി നിന്നിരുന്ന കുട്ടികളെ നോക്കി പ്രിയപ്പെട്ട കുട്ടികളെ എന്ന അഭിസംബോധനയോടെ നടന്ന സ്ക്കൂൾ അസംബ്ലി ഓർമ്മ വരുന്നു. ആ സ്ഥലമെല്ലാം ഇപ്പോൾ കെട്ടിടങ്ങൾ കയ്യേറിയിരിക്കുന്നു

രാമയ്യർ മാഷായിരുന്നു പത്തിൽ എന്റെ കണക്കധ്യാപകൻ. ആജാനുബാഹു വെളുപ്പു നിറം കഷണ്ടിത്തല– മാഷെ പേടിക്കാത്തവരായി സ്ക്കൂളിൽ ആരും ഉണ്ടായിരുന്നില്ല. മീശ വയ്ക്കാതിരിക്കുന്നതും പൗരുഷലക്ഷണമാണെന്ന് പഠിപ്പിച്ച വ്യക്തി – അദ്ദേഹത്തിന്റെ ചൂരൽ പ്രയോഗം പ്രസിദ്ധമായിരുന്നു. അതിലേറെ പ്രസിദ്ധമായിരുന്നു അദ്ദേഹത്തിന്റെ ശകാരം. തെറിയുടെ അതിരുകളെ സ്പർശിക്കുന്ന ശകാരത്തിരമാലകൾ തന്നെയായിരുന്നു അത്. അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കു മുന്നിൽ അറിയുന്ന ഉത്തരങ്ങൾ പോലും തെറ്റി പറഞ്ഞിട്ടുണ്ട് ഞാൻ .അങ്ങിനെയാണ് ഒരു മീറ്ററിന് 10 ഇഞ്ച എന്ന് ഞാൻ ഉത്തരം കൊടുത്തത്.അതിന് അദ്ദേഹത്തിന്റെ പ്രതികരണം ഇവിടെ എഴുതാൻ പറ്റില്ല.

കണക്ക് എനിക്കെന്നും ബാലികേറാമലയായിരുന്നു. ഒരു പേടി സ്വപ്നം. ഇന്നും സ്വപ്നങ്ങളിൽ കണക്ക് പരീക്ഷയിൽ തോൽക്കുന്ന ഞാൻ കടന്നു വരാറുണ്ട്. കണക്കെന്ന വിഷയം ഹൃദയത്തിൽ താലോലിച്ചിരുന്ന മുണ്ടേങ്ങരയിൽ നിന്നുള്ള ഉമ്മർ മാസ്റ്റർ എന്നിൽ പ്രത്യേക താൽപര്യമെടുത്തിട്ടും ഞാൻ നിന്നിടത്തുതന്നെയായിരുന്നു. നറുകരയിൽ നിന്നുള്ള ദീർഘകായനായ ഗോപാലകൃഷ്ണൻ മാസ്റ്റർ ഒമ്പതിലെ എന്റെ കണക്ക് മാസ്റ്റർ ആയിരുന്നു. മാഷ് ലീവാകുന്ന ദിവസങ്ങളിൽ ഞങ്ങളിൽ ചിലർ ആഹ്ലാദാരവം മുഴക്കിയിരുന്നു. ആ നല്ല അധ്യാപക നോടുള്ള അനാദരവ്

അല്ല, അദ്ദേഹം എടുക്കുന്ന വിഷയത്തോടുള്ള അത്യംപ്തിയായിരുന്നു കാരണം.എന്നാൽ നാരായണൻ മാസ്റ്ററുടെ മലയാളം ക്ലാസ്സ് എനിക്ക് പാൽപ്പാ യസമായിരുന്നു. കനത്ത ശബ്ദത്തിൽ പ്രത്യേക താളത്തിൽ അദ്ദേഹം പഠിപ്പിച്ചു .പത്താം തരത്തിൽ ബാലിദ്വീപിൽ നിന്നുള്ള അധ്യായവും തൊട്ടിലാട്ടും ജനനിയെപ്പെട്ടെന്ന് തട്ടിനീക്കിരണ്ടോ മനകയ്യുകൾ എന്ന ബാലാമണിയമ്മ കവിതയുമെല്ലാം എങ്ങിനെ മറക്കാൻ. ഇന്നും മഞ്ചേരിയിൽ വെച്ച് ഇദ്ദേഹത്തെ കാണാറുണ്ട്. മലയാളം ടെസ്റ്റ് പേപ്പറുകളിൽ എപ്പോഴും എനിക്കായിരുന്നു ഒന്നാം സ്ഥാനം.

പത്തിൽ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്ന തമ്പുരാൻ മാസ്റ്ററായിരുന്നു എന്റെ ക്ലാസ് ടീച്ചർ. ചാൾസ് ഡിക്കൻസിന്റെ ഒരു കഥാപാത്രത്തെ അനുസ്മരിച്ച് ചില പ്രതിഭാശാലികൾ അദ്ദേഹത്തെ യൗഗായഹല എന്നു വിളിച്ചു. ദേഷ്യം വന്നാൽ റൂൾവടി എടു

“

ഒരു നുണ സമർത്ഥിക്കാൻ നൂറു നുണ പറയേണ്ടി വരുമെന്ന് ഞാനറിഞ്ഞത് എട്ടാം തരത്തിൽ ശിവദാസൻ മാഷുടെ മുമ്പിൽ നിന്നപ്പോഴാണ് .കൊമ്പൻ മീശ ,ചുവന്ന കണ്ണുകൾ  എന്താടാ നേരം വൈകിയത? എന്നതിന് നാലു പ്രാവശ്യം ഉത്തരം മാറ്റിപ്പറഞ്ഞത് ഞാനോർക്കുന്നുണ്ട്. സാമൂഹ്യപാഠം പഠിപ്പിച്ചിരുന്ന സത്യഭാമ ടീച്ചറെ ഇടയക്കിടെ കാണാറുണ്ട്.തെക്കനിന്നുള്ള ഒരു കൃഷ്ണൻ നാടാർ മാഷും ഓർമയിലെത്തുന്നു. മാഷ് വരുന്നതു കാണമ്പോൾ തന്നെ  കാടാറുമാസം നാടാറുമാസം  എന്ന വരികൾ കുട്ടികൾ പതുക്കെ മൂളിത്തുടങ്ങും.

”

ത്തു കൊണ്ട് പിൻബഞ്ചുകാരുടെ അടുത്തേക്ക് കുതിച്ച് വരും. അപ്പോഴേക്കും അഴികളില്ലാത്ത ജനലിലൂടെ മൊയ്തീനും രാമചന്ദ്രനുമെല്ലാം വരാന്തയിലേക്ക് ചാടി രക്ഷപ്പെടും.

മറ്റൊരു മലയാളം അധ്യാപകനായിരുന്ന നമ്പ്യാതിരി മാഷെ പടച്ചവൻ എന്നാണ് കുട്ടികൾ വിളിച്ചിരുന്നത്.കാരണം ആറര അടിയോളം അദ്ദേഹത്തിന് ഉയരമുണ്ടായിരുന്നു എന്നതു തന്നെ.
നേരത്തെ പരാമർശിച്ച ഗോപാലകൃഷ്ണൻ സാർ  പടച്ചവന്റ അനിയനാ യും അറിയപ്പെടുന്നു.

ഒരു നുണ സമർത്ഥിക്കാൻ നൂറു നുണ പറയേണ്ടി വരുമെന്ന് ഞാനറിഞ്ഞത് എട്ടാം തരത്തിൽ ശിവദാസൻ മാഷുടെ മുമ്പിൽ നിന്നപ്പോഴാണ് .കൊമ്പൻ മീശ ,ചുവന്ന കണ്ണുകൾ  എന്താടാ നേരം വൈകിയത?  എന്നതിന് നാലു പ്രാവശ്യം ഉത്തരം മാറ്റിപ്പറഞ്ഞത് ഞാനോർക്കുന്നുണ്ട്. സാമൂഹ്യപാഠം പഠിപ്പിച്ചിരുന്ന സത്യഭാമ ടീച്ചറെ ഇടയക്കിടെ കാണാറുണ്ട്. തെക്കനിന്നുള്ള ഒരു കൃഷ്ണൻ നാടാർ മാഷും ഓർമയിലെത്തുന്നു. മാഷ് വരുന്നതു കാണമ്പോൾ തന്നെ  കാടാറുമാസം നാടാറുമാസം  എന്ന വരികൾ കുട്ടികൾ പതുക്കെ മൂളിത്തുടങ്ങും.

സയൻസ് പഠിപ്പിച്ചിന്ന നമ്പീശൻ മാഷെ ഞാനേറെ ഇഷ്ടപ്പെട്ടിരുന്നു. തൃശൂർ ശൈലിയിലുള്ള സംഭാഷണം: പിന്നീട് കാണാനാഗ്രഹിച്ചപ്പോൾ എത്ര അന്വേഷിച്ചിട്ടും ഒരു വിവരവും കിട്ടിയില്ല. പത്താം തരത്തിൽ കുറച്ചു കാലം സാമൂഹ്യപാഠാധ്യാപകനായിരുന്ന കെ.വി.മൊയ്തീൻ കുട്ടി മാഷുടെ കീഴിൽ കാരക്കുന്ന് ഹൈസ്കൂളിൽ പിൽക്കാലത്ത് ജോലി ചെയ്യാനവസരമുണ്ടായി.ഖാദർ മാസ്റ്ററും ഇടയ്ക്ക് ക്ലാസിൽ വന്നിരുന്നു
എട്ടിലും ഒൻപതിലും ഹിന്ദി പഠിപ്പിച്ചിരുന്ന സദാശിവൻ മാസ്റ്റർ നന്നായി ക്ലാസ്സെടുത്തിരുന്നു. ഇടയ്ക്കു കസേരയിലിരുന്നുള്ള ആ ഉറക്കം ഞങ്ങൾ ഏറെ ആസ്വദിച്ചു  പത്തിൽ ബഡാ പണ്ഡിറ്റ്  എന്ന പേരിൽ അറിയപ്പെട്ട അധ്യാപകനായിരുന്നു (പേര് ഓർമ്മയില്ല) ഹിന്ദി ക്ലാസ്സെടുത്തിരുന്നത്. ഹിന്ദിയെ ഞാൻ ഇഷ്ടപ്പെടാൻ കാരണം ഈ നല്ല ഗുരുനാഥന്മാർ തന്നെയാണ്.

പത്താം ക്ലാസ്സിൽ സാമൂഹ്യപാഠം പഠിപ്പിച്ചിരുന്ന  കുഞ്ഞു പിള്ള സാറിനേയും മറക്കാനാവില്ല. ഐ ആം കഞ്ചുപ്പി ള്ള നാട് പത്തനംതിട്ട   എന്നദ്ദേഹം പറയും. മുണ്ടും ടെറി ലിൻ ഷർട്ടും വേഷം. ക്ലാസിൽ വന്നയുടനെ ബോർഡ് മായ്ച്ച് മുകളിൽ സോഷ്യൽ സ്റ്റഡീസ് അടിവരയിടും. അതിനു താഴെ ഇടതു വശത്തു പാഠഭാഗം എഴുതും. ഈ സമയമെല്ലാം ക്ലാസിൽ പല കലാ പരിപാടികളും അരങ്ങേറും. സാർ അതത്ര ഗൗരവത്തിലെടുക്കാറില്ല.ക്ലാസെടുക്കവെ  വാസ്ക്കോഡിഗാമ ,എന്നു പറഞ്ഞാൽ ശങ്കരൻ  കുഞ്ചിമാമ, എന്നു പാരഡി പറയും  ജീവിതത്തിലാദ്യമായി എന്നെ ക്ലാസിൽ നിന്നു പുറത്താക്കിയത് കഞ്ചുപ്പിള്ള സാറാ യി രുന്നു എന്നും പറഞ്ഞുകൊള്ളട്ടെ. ഞാൻ ചെയ്യാത്ത കുറ്റത്തിനായിരുന്നു അത്. ഇപ്പോഴും മാഷെ മഞ്ചേരി വച്ച് ഇടയ്ക്ക് കാണാറുണ്ട്. അല്പം ക്ഷണിച്ചു എന്നല്ലാതെ 50 വർഷങ്ങൾ അദ്ദേഹത്തിൽ വലിയ മാറ്റമൊന്നും വരുത്തിയിട്ടില്ല.

മുഹമ്മദ് എന്ന അനധ്യാപക ജീവനക്കാരനെയും ഓർക്കട്ടെ. ശുഭ്ര വസ്ത്രധാരിയായ സുമുഖൻ. ഒരു ദിവസം 9 മണിയോടെഞങ്ങൾ സ്ക്കൂളിലെത്തിയപ്പോൾ ഓഫീസ വരാന്തയിലിരുന്നു ഉറക്കെ പത്രം വായിക്കുന്നു. കുറെ കുട്ടികൾ ചുറ്റുപാടും   മനഷ്യൻ ചന്ദ്രനിൽ ഇറങ്ങി എന്നായിരുന്ന തലവാചകം, ആകാശത്ത് തിളങ്ങിക്കാണുന്ന ചന്ദ്രനിൽ മനുഷ്യൻ ഇറങ്ങുക എന്ന അത്ഭുതത്തിന്റെ ലഹരിയിലായിരുന്നു എല്ലാവരും അതിനെത്തുടർന്നുള്ള ദിവസങ്ങളിൽ .ആംസ്ട്രോങ്ങി നോക്കും ആൽ ഡ്രിനോടും ആരാധനയും, ചന്ദ്രനിൽ ഇറങ്ങാതെ ചന്ദ്രനെ ചുറ്റിക്കറങ്ങിയിരുന്ന കോളിൻസി നോട് സഹതാപവും തോന്നിയ ദിവസങ്ങൾ!

ഒളിമങ്ങാത്ത ഓർമ്മകൾ നൽകിയ ആ മൂന്നു വർഷങ്ങൾ ഇന്നും മനസ്സിൽ സജീവമായി നില്ക്കുന്നു.



## ഷംസു പുന്നയ്ക്കൽ


മുൻപി.ടി.എ പ്രസിഡന്റ്

# ആശംസകളോടെ...

110 വർഷങ്ങളുടെ മഞ്ചേരിയിലെ ചരിത്ര സാക്ഷിയാണ് ഗവൺമെൻറ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ. എല്ലാ പോരായ്മയിലും പരിഭവമില്ലാതെ മഞ്ചേരിയുടെ വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക രംഗത്ത് തല ഉയർത്തി നിന്നു .

രണ്ടായിരത്തി അറുന്നൂറോളം വിദ്യാർത്ഥികളുമായി അഞ്ചാം ക്ലാസ് തൊട്ട് പന്ത്രണ്ടാം ക്ലാസ് വരെ വിദ്യാർത്ഥികൾക്ക് ജില്ലയിലെ അഭിമാനമായ സ്ഥാപനമായി ഉയർത്തുന്നതിൽ അധ്യാപകരുടേയും ജീവനക്കാരുടേയും രക്ഷാകർത്താക്കളുടേയും കൂട്ടായ പ്രവർത്തനം കൊണ്ടാണ്.

കൂടുതൽ കരുത്തോടെ സംസ്ഥാനത്തെ തന്നെ അറിയപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനമായി മാറട്ടെ എന്ന് ആശംസിക്കുന്നു. നൂറ്റി പത്താം വാർഷികം സമുചിതമായി ആഘോഷിക്കുമ്പോൾ ഹൃദയം നിറഞ്ഞ അഭിവാദ്യങ്ങൾ



ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം;
ഉറങ്ങാൻ അനുവദിക്കാത്തതാണു സ്വപ്നം.

**എ.പി.ജെ.അബ്ദുൽ കലാം**